"ഞങ്ങൾക്കു മിശിഹാമൂലം ദൈവസന്നിധിയിൽ ഇപ്രകാരം ഉറപ്പുണ്ടു്. (അതു്) ഞങ്ങളാൽതന്നെ എന്നപോലെ എന്തെങ്കിലും വിചാരിക്കുവാൻ ഞങ്ങൾ പ്രാപ്തരാകുന്നതുകൊണ്ടല്ല, ഞങ്ങളുടെ ശക്തി ദൈവത്തിൽനിന്നാകുന്നു. അവൻ ഞങ്ങളെ അക്ഷരംകൊണ്ടല്ല, ആത്മാവുകൊണ്ടു്, പുതിയ നിയമത്തിന്റെ ശുശ്രൂഷകന്മാരാകുവാൻ യോഗ്യരാക്കി."

—II കോറി. II: 4-6

# സത്യദീപം

"നിനക്കു മററുള്ളവരുമായി സമാധാനവും രമ്യതയും പാലിക്കണമെന്നുണ്ടെങ്കിൽ ഒട്ടധികം സംഗതികളിൽ നിന്റെ സ്വന്തം ഹിതം ത്യജിക്കുന്നതിനു നീ പഠിക്കണം. ഒരു ആശ്രമത്തിലോ ഒരു ഭക്തസംഘത്തിലോ ജീവിക്കുക എന്നതും, അവിടെ ശാസനാർഹനാകാതെ ജീവിക്കുക എന്നതും, മരണംവരെ വിശ്വാസപൂർവ്വം ആ ജീവിതത്തിൽ സ്ഥിരമായി നിലനില്ക്കുക എന്നതും നിസ്സാരമായ സംഗതിയല്ല."

—ക്രിസ്ത്വാനുകരണം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

| Reg. No. M. 2293. | 1957 ആഗസ്ററ് 28—ബുധനാഴ്ച | Vol. 31, No. 3 |
|---|---|---|

# പരിശുദ്ധകന്യകമറിയത്തിന്റെ വിമലഹൃദയവും "പച്ച" ഉത്തരീയഭക്തിയും

(ഫാദർ ജോസഫ് തെക്കിനിയത്തു്)

കമ്മ്യൂണിസത്തിന്റെ വികലവും വികടവുമായ ഭീഷണികളുടെ അലയടി അന്തരീക്ഷത്തിൽ ആരവം മുഴക്കുന്ന ഈ യുഗത്തിൽപ്പോലും നാം അനുഗൃഹീതരാണെന്നു പറഞ്ഞാൽ അതു് അല്പം അതിരുകടന്നില്ലേയെന്നു പലരും സംശയിച്ചേക്കാം. എന്നാൽ, ഇതു് വെറും ഒരു പച്ചപ്പരമാർത്ഥം മാത്രമാണു്. നാം ഇന്നു് ജീവിക്കുന്നതു് മരിയൻ യുഗത്തിലാണു്. ദൈവസുതനെ നമുക്കു പ്രദാനം ചെയ്തതിനുശേഷം മറിയം ഈ യുഗത്തിലെപ്പോലെ ലോകവുമായി അടുത്തു സമ്പർക്കം പുലർത്തിയിട്ടുള്ള കാലമുണ്ടായിട്ടില്ല. നമുക്കു ഒരു നവബെദ്‌ലേഹം നൽകുന്നതിനു്, മനുഷ്യഹൃദയങ്ങളിൽ ദിവ്യശിശുവിനെ വീണ്ടും സംജാതമാക്കുന്നതിനു് മറിയം സ്വർഗ്ഗമാകുന്ന ഗലീലിയാക്കുന്നുകൾ വിട്ടു ഇറങ്ങിത്തിരിച്ചിരിക്കുകയാണെന്നു് അനവധി അടയാളങ്ങൾ സാക്ഷ്യം നൽകുന്നുണ്ടു്. അവിടത്തെ പ്രശാന്തമായ പ്രത്യക്ഷത്താൽ ജർമ്മനി, ഇററലി, പോർച്ചുഗൽ, ഫ്റാൻസ് തുടങ്ങിയ രാജ്യങ്ങൾ അനുഗൃഹീതങ്ങളായിരിക്കുകയാണു്. മറിയം ഒരു ഭൂലോകപര്യടനത്തിനുതന്നെ ഇറങ്ങിയിരിക്കുകയാണെന്നു തോന്നുന്നു.

എന്നാൽ വേറെ ഒരു ഭാഗത്തു് അന്ധകാരശക്തികൾ പ്രബലപ്പെട്ടു വരുന്നുണ്ടെന്നും നാം വിസ്മരിക്കരുതു്. എല്ലാം നശിപ്പിക്കുന്നതിനും ചവുട്ടി മെതിക്കുന്നതിനും സാത്താൻ നന്നേ പ്രയാസപ്പെടുന്നുണ്ടു്. ഇതിനു മുമ്പെങ്ങും അവന്റെ ശക്തി ഇത്രയധികം പ്രകടമായി നാം കണ്ടിട്ടില്ല. തന്റെ ശക്തി പരിമിതമാണെന്നു അവനെപ്പോലെ മററാർക്കും അറിഞ്ഞുകൂടാ. പറുദീസായിൽ വച്ചു ശ്രവിച്ച ആ വാക്യം ഇന്നും അവന്റെ കർണ്ണപുടങ്ങളിൽ മാറെറാലികൊള്ളുന്നുണ്ടു്. "നിനക്കും സ്ത്രീക്കും ഇടയ്ക്കു ഞാൻ ശത്രുതയെ സ്ഥാപിക്കും... അവൾ നിന്റെ തലയെ തകർക്കും (Gen 3: 15)

മറിയത്തിന്റെ ആഗമനം തന്നേയും തന്റെ സാമ്രാജ്യത്തേയും എങ്ങനെ ബാധിക്കുമെന്നുഅവൻ നന്നായി ഗ്രഹിച്ചിട്ടുണ്ടു്. നരകത്തിന്റെ ഭീകരപ്രവർത്തനങ്ങളെയും, ലോകത്തെ അസൂയയുടെ ഭ്രാന്താലയമാക്കാനുള്ള അതിന്റെ പരിശ്രമങ്ങളെയും ദൈവത്തിനു മാത്രമേ ശരിക്കു കാണുവാൻ സാധിച്ചിട്ടുള്ളു. നിർമ്മലാംബികയുടെ ഭൂലോകവാഴ്ചയെ സാത്താൻ അങ്ങേ അററം വെറുക്കുന്നു. ലോകത്തിന്റെ അവിശ്വാസം നിമിത്തം ദൈവം അതിനനുവദിക്കുകയില്ല എന്നു അവൻ തന്റെ അഹന്തയിൽ വ്യാമോഹിച്ചു. അങ്ങനെ അവൻ ലോകത്തെ തനിക്കായി നേടാമെന്നു വിചാരിച്ചു. അപ്പോഴാണു് ലൂർദ്ദിന്റേയും ഫാത്തിമായുടേയും മററും രംഗപ്രവേശമുണ്ടായതു്. ഇന്നു ദൈവജനനി രോഗബാധിതമായ ലോകത്തിന്റെ ശയ്യയ്ക്കുസമീപമിരുന്നു അതിനെ ശുശ്രൂഷിക്കുകയാണു്.

കുറെ കൊല്ലങ്ങൾ, പച്ചോത്തരീയംവഴിയുള്ള വിമലഹൃദയഭക്തിയെ ലോകത്തിന്റെ ദൃഷ്ടിയിൽനിന്നു മറച്ചുപിടിക്കുന്നതിൽ സാത്താൻ വിജയിച്ചു. നമ്മിൽ പലരും ഈ ഭക്തിയെക്കുറിച്ചു ശരിയായി ഗ്രഹിച്ചിട്ടുപോലുമില്ല! ഈ ഭക്തിയുടെ പ്രേഷിതയായ ആ കന്യകാരത്നം മരിച്ചിട്ടു കൊല്ലങ്ങൾ പലതു കടന്നുപോയിരിക്കുന്നു. ഫാത്തിമായിൽ മറിയത്തിന്റെ മഞ്ജുളപ്രഭ ദർശിച്ചു അമ്പതിനായിരം മനുഷ്യഹൃദയങ്ങളിൽനിന്നുപോലും ആ അത്ഭുതത്തെ മറച്ചുപിടിക്കുവാൻ ശ്രമിച്ച അന്ധകാരശക്തി ഈ പച്ചോത്തരീയഭക്തിയെ നമ്മിൽനിന്നു അകററുവാൻ തുനിഞ്ഞെങ്കിൽ നാം എന്തിനു വിസ്മയഭരിതരാകുന്നു.



© ST. ANTHONY'S GUILD, 1939

ക്രിസ്ത്യാനികളുടെ സഹായമായ മറിയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കുക!

പച്ചോത്തരീയം, അഥവാ വിമലഹൃദയത്തിന്റെ ഉത്തരീയം വി. വിൻസെൻറു് ഡി പോൾ സ്ഥാപിച്ച ഉപവിയുടെ സഹോദരികൾക്കു വിമലാംബിക നൽകിയ ഒരു പ്രത്യേകദാനമാണു്. ഈ ഭക്തിയുടെ പ്രേഷിതയായ ജെസ്റ്റിൻ ബിസ്കേബ്രു (Justine Bisqueyburu) ഒരു അനാഥബാലികയായിരുന്നു. ധനാഢ്യനായിരുന്ന ഒരു ബന്ധു അവളെ ദത്തെടുത്തു. സന്താനരഹിതനായ അയാളുടെ നിര്യാണത്തിൽ സ്വത്തെല്ലാം ഈ ബാലികയ്ക്കു ലഭിച്ചു. പക്ഷെ അവൾ പണക്കൊഴുപ്പിൽ ആനന്ദം കണ്ടെത്തിയില്ല. അവയെല്ലാം അവഗണിച്ചു് അവൾ 1839 നവമ്പർ 27-ാംനു ഉപവിയുടെ സഹോദരികളുടെ നൊവിസ്യാത്തിൽ പ്രവേശിച്ചു. അതു് തന്റെ ജീവിതത്തിലെ ഏററം ആനന്ദംനിറഞ്ഞ ദിവസമായിരുന്നുവെന്നു അവൾ കരുതുന്നു. തന്റെ പ്രഥമ ഏകാന്തധ്യാനത്തിൽ—1840 ജനുവരി 28-ാം തീയതി—ഒരു സ്വർഗ്ഗീയദർശനത്താൽ ഈ സഹോദരി അനുഗൃഹീതയായി. ധവളവസ്ത്രവിഭൂഷിതയായി നീലപ്പട്ടു് അരയിൽ കെട്ടിക്കൊണ്ടു് അമലമനോഹരി അവൾക്കു കാണപ്പെട്ടു. കന്യകാംബികയുടെ കേശഭാരം കെട്ടയഞ്ഞു തോളുകളിൽ തളർന്നുകിടന്നിരുന്നു. തല ആച്ഛാദനംചെയ്യപ്പെട്ടിരുന്നില്ല. ആകസ്മികമായുണ്ടായ ആമുഷ്മികാഭയാൽ കണ്ണഞ്ചുകയും അപരിചിതമായ ദർശനത്താൽ ഭയചകിതയാകുകയും ചെയ്ത ആ സാധുസഹോദരിക്കു നിശ്വസിക്കുവാൻപോലും സാധിച്ചില്ല.

ആ മഠത്തിൽവച്ചുതന്നെ അഞ്ചുപ്രാവശ്യം മാതാവിന്റെ പ്രധാനതിരുനാളുകളിൽ ഇതേ ദർശനം ആവർത്തിക്കപ്പെട്ടു. അപ്പോഴൊക്കെ തന്നിൽ മരിയാഭക്തി വർദ്ധിപ്പിക്കുകയെന്നതിൽ ഉപരിയായി ഈ ദർശനങ്ങൾക്കു എന്തെങ്കിലും ഉദ്ദേശ്യമുണ്ടെന്നു ആ സഹോദരിക്കു തോന്നിയില്ല.

സഭാവസ്ത്രം സ്വീകരിച്ചയുടനെ അധികാരികൾ ബിസ്കേബ്രുവിനെ ബ്ലാങ്ങി (Blangy)യിലേക്കയച്ചു. അവിടെ 1840 സെപ്തമ്പർ 8-ാംനു പരിശുദ്ധകന്യകയുടെ ജനനത്തിരുനാളിൽ നമ്മുടെ കഥാനായികയ്ക്കു വീണ്ടും ഒരു ദർശനമുണ്ടായി. തീജ്ജ്വാലാവൃതമായ ഹൃദയം തന്റെ വലതുകൈയിൽ പിടിച്ചും ഇടതുകൈയിൽ ഒരു പച്ചോത്തരീയമേന്തിക്കൊണ്ടുമാണു് മാതാവു കാണപ്പെട്ടതു്. ആ ഉത്തരീയത്തിനുണ്ടായിരുന്ന പ്രത്യേകത, അതു പച്ചച്ചട്ടിന്മേൽ ഒരു പച്ചത്തുണിക്കഷണംപിടിപ്പിച്ചതും ആ പച്ചത്തട്ടിന്റെ ഒരുഭാഗത്തു മാതാവു നമ്മുടെ സഹോദരിക്കു കാണപ്പെട്ടതുപോലെയുള്ള പടവും മറുഭാഗത്തു് സൂര്യരശ്മികളേക്കാൾ പ്രഭയേറുന്ന കിരണങ്ങളാൽ ആവൃതമായ വിമലഹൃദയവുമുണ്ടായിരുന്നു എന്നതാണു്. വാളിനാൽ വ്രണിതമായ ആ ഹൃദയത്തിനുചുററും "മറിയത്തിന്റെ വിമലഹൃദയമേ, ഇപ്പോഴും ഞങ്ങളുടെ മരണസമയത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ" എന്നു എഴുതപ്പെട്ടിരുന്നു. ഇവയ്ക്കെല്ലാം മുകളിലായി ഒരു കുരിശുമുണ്ടായിരുന്നു. അതേസമയംതന്നെ ഒരു ആന്തരികശബ്ദം ദർശനത്തിന്റെ ഉദ്ദേശ്യം സഹോദരിക്കു വെളിപ്പെടുത്തി: ഈ നവോത്തരീയം ഉപവിയുടെ സഹോദരികൾവഴി ലോകത്തിനു പ്രദാനംചെയ്യണം; അതു അനേകം അവിശ്വാസികളുടെ മാനസാന്തരത്തിനും വിശിഷ്യാ അവർക്കു നന്മരണം പ്രാപിക്കുന്നതിനും ഉപകരിക്കുമെന്നും ആ കന്യകയ്ക്കു മനസ്സിലായി.

ദർശനത്തിലെ ആഗ്രഹം പ്രാവർത്തികമാകുന്നതിൻ പല കാരണങ്ങളാൽ കാലദൈർഘ്യം നേരിട്ടു. 1840 നും 1846-നും ഇടയ്ക്കുണ്ടായ ദർശനങ്ങളിൽ ഈ കാലതാമസത്തെക്കുറിച്ചു മാതാവു് ആവലാതിപ്പെട്ടു. വൈരുദ്ധ്യങ്ങളുടെ കാർമേഘപടലങ്ങൾ അകന്നപ്പോൾ പച്ചോത്തരീയം പ്രചുരപ്രചാരംനേടി. തൽഫലമായി അനവധി അത്ഭുതാവഹങ്ങളായ മാനസാന്തരങ്ങളും ശാരീരികരോഗശാന്തികളും നടന്നു.

പരിശുദ്ധ അമ്മതന്നെ പഠിപ്പിച്ചിട്ടുണ്ടു് ഈ ഉത്തരീയം ഉപയോഗിക്കേണ്ടവിധം. ഇതു ഏതെങ്കിലും സഭാചിഹ്നമല്ലാത്തതിനാൽ വെഞ്ചരിക്കുന്നതിനോ ഉപയോഗിക്കുന്നതിനോ യാതൊരു പ്രത്യേകതയുമില്ല. ഏതു വൈദികനും ആശീർവ്വദിക്കാം. ധരിക്കണമെന്നു നിർബന്ധമില്ല; പോക്കററിൽ സൂക്ഷിക്കുകയോ കിടക്കയിൽ വയ്ക്കുകയോ മുറിയിൽ ഒരാണിയിന്മേൽ തൂക്കിയിടുകയോ ചെയ്താൽ മതി. അനുദിനം അനുഷ്ഠിക്കാനുള്ള കടമയോ? വളരെ നിസ്സാരം; ഒരു ചെറിയ ജപം ചൊല്ലണം. അതു ഉത്തരീയത്തിന്മേൽ തന്നെ കൊടുത്തിട്ടുണ്ടു്: "മറിയത്തിന്റെ വിമലഹൃദയമേ, ഇപ്പോഴും ഞങ്ങളുടെ മരണനേരത്തും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ." ഈ പ്രാർത്ഥന ഉത്തരീയം ഉപയോഗിക്കുന്നവനു ജപിക്കുവാൻ സാധിക്കുകയില്ലെങ്കിൽ നൽകുന്നവനെങ്കിലും ചൊല്ലിയാൽമതി. ഈ ഉത്തരീയം എവിടേയും പ്രചരിപ്പിക്കാം. പക്ഷെ ഫല

(ശേഷം 7-ാംപേജിൽ)

ഏകാങ്കം

# നരകത്തിലെ കരിങ്കാലികൾ

(റ്റി. റ്റി. മുണ്ടയ്ക്കൽ)

[നരകത്തിലെ ഏററവും മുകളിലത്തെ നിലയിലുള്ള അസംബ്ലിഹാൾ. തറയും മേൽത്തട്ടും ഭിത്തികളും ഒരുപോലെ ചെന്തീക്കനലൊളി വിതറുന്നവതന്നെ. പ്ലാററുഫോറത്തിന്റെ മദ്ധ്യത്തിലായി ഉയന്ന ഒരു സിംഹാസനം. ഇരുവശങ്ങളിലും സ്ഥാനവലിപ്പമനുസരിച്ചു് ഇരിപ്പിടങ്ങൾ കല്ലടപോലെ ക്രമീകരിച്ചിരിക്കുന്നു. സിംഹാസനത്തിനു സമീപം റഷ്യൻമോഡലിലുള്ള ഒരു മേശ. ചെഞ്ചോരപ്പൂക്കൾ തയ്ച്ചുപിടിപ്പിച്ചിട്ടുള്ള മേശവിരി.

പംപ്കിൻ—പൊക്കം കുറഞ്ഞു് മത്തങ്ങാക്കണ്ണുകളോടുകൂടിയ ഒരു ജോക്കർപിശാചു്—ആരേയും ചിരിപ്പിക്കുന്ന രീതിയിൽ ചില ഡാൻസുകൾ ചെയ്യുന്നു. പെട്ടെന്നു അകലെയായി ഒരു കൂട്ട വെടി കേൾക്കുന്നു. അല്പംകഴിഞ്ഞു് ഒരു ഭയങ്കരപിശാചു് വായിൽനിന്നും കുമുകുമാ തീപാററിക്കൊണ്ടു് പ്രവേശിക്കുന്നു. ഉടനെ പംപ്കിൻ ആചാരം ചെയ്തിട്ടു് അപ്രത്യക്ഷനായി കുറെ ചുവന്ന മാലകൾ എടുത്തുകൊണ്ടുവന്നു മേശപ്പുറത്തു വയ്ക്കുന്നു. പുറകെ പുറകെ വെടിമുഴക്കങ്ങളുടെ അകമ്പടിയോടെ ഓരോ ചെകുത്താന്മാർ ആഗതരായി, മേശപ്പുറത്തുനിന്നും മാലകൾ എടുത്തു ആരെയോ സ്വീകരിക്കാൻ തയ്യാറായി നില്ക്കുന്നു. വെടിമുഴക്കങ്ങളും അട്ടഹാസങ്ങളും അടുത്തടുത്തുവരുന്നു. ഒടുവിൽ ഘോരാട്ടഹാസം മുഴക്കിക്കൊണ്ടു് ലൂസിഫർരാജൻ പ്രവേശിക്കുന്നു. അദ്ദേഹത്തെ സ്ഥാനവലിപ്പമനുസരിച്ചു് ഓരോരുത്തർ മാറിമാറി ചുവന്ന ഹാരമണിയിക്കുന്നു. ലൂസിഫർ ആനന്ദോന്മത്തനായി അട്ടഹസിക്കുന്നു. ലൂസിഫർ സിംഹാസനസ്ഥനായതോടെ പംപ്കിനൊഴിച്ചു മറെറല്ലാവരും ഇരിക്കുന്നു. എല്ലാവരും ആവേശത്തോടെ തങ്ങളുടെ നേതാവിനെ ഉററുവീക്ഷിക്കുന്നു]

ദിയാബൊളൂസ്:- പ്രഭോ, മലനാട്...?

ലൂസിഫർ:- (ആത്മമദിച്ചു്) ഹഹഹഹ...ഹ...ഹാ. മലനാട്!...നമ്മുടെ കൺമണിയായ മലനാട്...വിദ്യാഭ്യാസത്തിൽ മികച്ചുനില്ക്കുന്ന മലനാട്...ഏററവുമധികം ക്രിസ്ത്യാനികൾ വസിക്കുന്ന മലനാട്...ഹഹഹഹ...ഹ...ഹാ... (അടുത്തിരുന്ന പിശാചിനെ നോക്കി) മിസ്റ്റർ ദിയാബൊളൂസ്, അരദശവത്സരങ്ങൾക്കകം മലനാട്ട് നമ്മുടെ കരവലയത്തിലമരും (വീണ്ടും പൊട്ടിച്ചിരിക്കുന്നു)

പംപ്കിൻ:- അതാണതിന്റെ നരകശാസ്ത്രം

ദിയാബൊ:- പ്രഭോ, മലനാട്ടിൽ നമ്മുടെ വിജയപതാക നാട്ടിയിട്ടു് നാളുകൾ പലതുകഴിഞ്ഞു. നമ്മുടെ കൊടിക്കീഴിൽ അണിനിരക്കുന്നവരുടെ സംഖ്യ ഇപ്പോൾ അനുദിനം വർദ്ധിച്ചുവരികയുമാണു്. പക്ഷെ...ഹങ്കറിയിലും പോളണ്ടിലും നാം വിപ്പുമുട്ടി കഴിയുകയാണെന്ന വസ്തുത നമുക്കു വിസ്മരിച്ചുകൂടാ

ലൂസി:-(ഹാസ്യമായി)ഛഠ്...ചാക്കിട്ടുപിടിക്കാനും, ചാരന്മാരെ നയിക്കാനും കെല്പില്ലാത്ത മൂഢകൾ!

പംപ്:-അതാണതിന്റെ നരകശാസ്ത്രം

സത്താനൂസ്:- പ്രഭോ, മലനാട്ടിലെ പരിപാടികൾ അങ്ങയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാകകൊണ്ടു് ഞങ്ങൾക്കാശങ്കയ്ക്കു അവകാശമില്ല. പോരെങ്കിൽ സവ്വപ്രധാനമായ പള്ളിക്കൂടംവകുപ്പ് വേണ്ടതരത്തിൽ കൊണ്ടുപോകുവാൻ, മിസ്റ്റർ മാമ്മോണാ കിണഞ്ഞുപരിശ്രമിക്കുന്നുണ്ടെന്നുള്ളതിനു്, ഇതുവരെ കിട്ടിയിട്ടുള്ള റിപ്പോർട്ടുകൾ തെളിവാണു്

ലൂസി:- മലനാട്ടിൽ നരകരാജ്യം അമളിപററുമെന്നോ! മിസ്റ്റർ ദിയാബൊളൂസ്, തനിക്കൊന്നും അറിഞ്ഞുകൂടാ. ബാലികാബാലന്മാരുടെ പിഞ്ചുഹൃദയങ്ങളിൽ അനീതിയും അസാന്മാർഗ്ഗികതയും ബീജാവാപം ചെയ്യണം. യുവതീയുവാക്കന്മാരുടെ മൃദുലവികാരങ്ങളെ വിളിച്ചുണർത്തി, വിപ്ലവത്തിന്റെ വീറുള്ള കൈത്തിരി കൈയിൽകൊടുത്തു മുന്നോട്ടുവിടണം. അപ്പോൾ നാസ്തികത്വവും നിമ്മതത്വവും നാട്ടിൽ നിറഞ്ഞുകൊള്ളും

കമ്മ്യൂണിസത്തിന്റെ ജാലവിദ്യകളാകുന്ന ചുററികയടിയാൽ സാധാരണക്കാരന്റെ തലമണ്ടയിൽ ഭൗതികത്വം താഞ്ഞുകയാണം. പണിചെയ്യുന്ന പാവങ്ങളത്രയും സ്വയം മറന്നു് ചെങ്കൊടിക്കീഴിൽ അണിനിരന്നു്, ആകാശം ഭേദിക്കുമാറു വിളിച്ചുപറയണം, ദൈവമില്ല, നരകമില്ല, മരണാനന്തരജീവിതമില്ല, നമുക്കിന്നു സുഖിക്കണം എന്നു്; മനസ്സിലായോ?

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ദിയാ:- പ്രഭോ, ഹങ്കറിയിലും നാമിതൊക്കെത്തന്നെ ചെയ്തതല്ലേ?

ലൂസി:- (ക്രുദ്ധമായി) കിപ് കായററ്. മണ്ടനേയും തണ്ടനേയും കണ്ടിട്ടുപോലുമില്ലാത്ത മണ്ടശിരോമണി! മിസ്റ്റർ ദിയാബൊളൂസ്, "കുടിച്ച മുലപ്പാലിനുപോലും നന്ദികാണിക്കാത്ത" വൻകിട നേതാക്കൾ നമ്മുടെ ചേരിയിൽ പാറിനിന്നു് എന്തിനും തയ്യാറാകുമ്പോൾ നാമെന്തിനു ഭയപ്പെടണം?

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ദിയാ:- പക്ഷെ കഴിവുള്ളവരുടെ ഒരു വലിയഗണം മറു ചേരിയിലാണെന്നതു് മറക്കുവാനോ മറയ്ക്കുവാനോ സാദ്ധ്യമാണോ?

സത്താ:- മിസ്റ്റർ ദിയാബൊളൂസ്, താങ്കളുടെ ആശങ്കകൾ അടിസ്ഥാനരഹിതങ്ങളല്ല. പക്ഷെ കഴിവുള്ളവർ തങ്ങളുടെ കഴിവു പുറത്തു കാണിക്കുന്നില്ലെങ്കിൽ...?

ലൂസി:- മിസ്റ്റർ സത്താനൂസ്, യുആർ റൈററ്

സത്താ:- കഴിഞ്ഞദിവസങ്ങളിലെ മി. മാമ്മോണായുടെ റിപ്പോർട്ടുകൾ......

ദിയാ:- പറയൂ സത്താനൂസ്; എനിക്കതു കേൾക്കണം

സത്താ:- ഉത്തമരും പ്രബലരുമെന്നു അഭിമാനിക്കുന്ന ചില ക്രിസ്തീയനേതാക്കന്മാർ പോലും ഇന്നും കണ്ണുമടച്ചു് ഒന്നും അറിയാത്തമട്ടിൽ ഇരിക്കുകയാണു്. മി. മാമ്മോണായെ ഇക്കാര്യം സാധിച്ചതിൽ എത്ര സ്തുതിച്ചാലും അധികമാവുകയില്ല. മന്ദഭക്തരായ നാമമാത്രക്രിസ്ത്യാനികൾ ഇന്നു കാററത്തെ ഞാങ്കണപോലെ അങ്ങോട്ടുമിങ്ങോട്ടും നിന്നാടുകയാണു്. അവരാരും സത്യത്തിനും നീതിക്കുംവേണ്ടി ചെറുവിരൽപോലും അനക്കാതിരിക്കുവാൻ നമ്മുടെ ഒരു വലിയ സൈന്യം വിജയകരമായി പ്രവത്തനം നടത്തുന്നുണ്ടു്

എല്ലാഷരും:- ബ്രാവോ...ബ്രാവോ...

ലൂസി:- ദിയാബൊളൂസ്, കേൾക്കൂ. സത്യത്തിനും നീതിക്കുംവേണ്ടി അനേകായിരങ്ങൾ ഹങ്കറിയിൽ വീരമരണം വരിച്ചു് നമുക്കു തീരാനഷ്ടം വരുത്തിവച്ചു എന്നതാണു് തന്റെ ഈ ആശങ്കകൾക്കെല്ലാം കാരണമെന്നു നമുക്കറിയാം

ദിയാ:- പുതിയ പള്ളിക്കൂടം പദ്ധതി നടപ്പിലാക്കിയാൽ ഒരു പക്ഷെ മലനാട്ടിലും അതുതന്നെ സംഭവിക്കുകയില്ലേ...?

ലൂസി:- തോക്കിനകത്തുകയറി വെടിവെയ്ക്കാതെ മിസ്റ്റർ. മുഴുവൻ ശ്രദ്ധിച്ചു കേൾക്കൂ

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ലൂസി:- പംപ്കിൻ

പംപ്:- ഓക്കാതെ പറഞ്ഞതാണു തിരുമേനി

ലൂസി:- പംപ്കിൻ, റിക്കാർഡ് നമ്പർ സെവൻ

പംപ്:- ഉത്തരവ് (വാൽ പൊക്കി നെററിയിൽ മുട്ടിച്ചു് സല്യൂട്ടു ചെയ്തിട്ടു മറയുന്നു. അല്പംകഴിഞ്ഞു ഒരു വലിയ പുസ്തകവും ചുമന്നുകൊണ്ടു വരുന്നു)

ലൂസി:- മലനാട്ടിൽ സന്മാർഗ്ഗശാസ്ത്രത്തിന്റെ ചെരുപ്പുനക്കികളും, മാനംമര്യാദകളുടെ വാലിൽ തൂങ്ങികളും, സർവ്വോപരി വഞ്ചനയുടെ വേഷം ധരിച്ച മതനേതാക്കന്മാരും, അവരുടെ കൈമണികളായി വർത്തിക്കുന്ന ചില ഭക്തന്മാരും നമുക്കു ഭീതിയുളവാക്കുന്നുണ്ടു് എന്ന സത്യം നാം വിസ്മരിക്കുന്നില്ല. പക്ഷെ ക്രിസ്ത്യാനികളടക്കം അലസരായ അനേകായിരങ്ങൾ നമ്മുടെ സമീപനത്തെ പരോക്ഷമായിട്ടെങ്കിലും സ്വാഗതം ചെയ്യുന്നില്ലേ? ഉണ്ടു്. അതു നമുക്കു ആശ്വാസകരമാണു്

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ലൂസി:- സാധാരണക്കാരന്റെ കണ്ണുവെട്ടിച്ചാണു് നാമും നമ്മുടെ പ്രിയപ്പെട്ട പാർട്ടിയും ഉയന്നുവന്നതെന്നു മനസ്സിലാക്കണം. നമ്മുടെ ഇഷ്ടാനുവർത്തികളായ നമ്പൂരിയേയും, മേനവനേയും, ക്രിസ്ത്യാനിയേയും, മുഹമ്മദീയനേയും, ഈഴവനേയും, പുലയനേയും അഗ്രാസനങ്ങളിൽ ഇരുത്തി സാധാരണക്കാരനെ നാം ബോദ്ധ്യപ്പെടുത്തുകയാണു്, അവർ അവശരുടേയും ആലംബഹീനരുടേയും ഏകാശ്രയമായി—സമത്വസാഹോദര്യങ്ങളുടെ സാക്ഷാത്കാരമായി മാറിയിരിക്കുകയാണെന്നു്. അപ്പോൾ...?

ദിയാ:-അങ്ങു മലനാട്ടിൽ നടപ്പാക്കിയ തന്ത്രം അഭിനന്ദനാർഹംതന്നെ. വിജയിക്കുമെങ്കിൽ...

ലൂസി:- ഛീ! വെറും കരിങ്കാലികളെപ്പോലെ സംസാരിക്കാതെ. ചൂണ്ടയിടുന്ന മുക്കുവനെ നോക്കൂ. മത്സ്യത്തിന്റെ തരാതരംനോക്കി അവൻ മത്സ്യംതന്നെ ചൂണ്ടകളിൽ കോർത്തിടുന്നു. അതു വിജയിക്കുന്നില്ലേ?

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ലൂസി:- മലനാട്ടിൽ ഈശ്വരനില്ലാത്ത ഭരണം ആരംഭിച്ചതിനുശേഷം എഴുതിത്തീർത്ത ഏഴാമത്തെ പുസ്തകമാണിതു്. പംപ്കിൻ...

പംപ്:- (ഓക്കാതെ) അതാ ഇതിന്റെ നരകശാസ്ത്രം

ലൂസി:- നിന്റെ തലക്കടുക്ക. എടാ, റിക്കാഡ്...

(പംപ്കിൻ പുസ്തകം തലയിൽ കുത്തിനിർത്തി പിടിക്കുന്നു. ലൂസിഫർ തുറന്നു ഒരു ഭാഗം വായിക്കുന്നു)

ലൂസി:- അനീതിയും അക്രമവും അടിപിടിയും കൊലപാതകവുംവഴി പുതിയ ഭരണം നമ്മുടെ ചേരിയിൽ ആക്കിയിരിക്കുന്ന ജനങ്ങളുടെ നാമവിവരപ്പട്ടിക

സത്താ:- പ്രഭോ, അതിനെന്നും വായിച്ചുതീരുകയില്ല. അടുത്ത ഭാഗം നോക്കൂ (ലൂസിഫർ അവസാനത്തെ ഭാഗം നോക്കുന്നു)

ലൂസി:- വാസ്തവം. സത്താനൂസ് ഇതാ, ഉറക്കെ വായിക്കൂ (പുസ്തകം കൊടുക്കുന്നു) തണുത്തിരിക്കുന്ന ദിയാബൊളൂസിനെപ്പോലുള്ളവർക്കു അതു ഉപകരിക്കട്ടെ

സത്താ:- (വായിക്കുന്നു) കള്ളന്മാർക്കും, കൊള്ളക്കാർക്കും, കൊലപാതകികൾക്കും സ്വൈര്യവിഹാരം അനുവദിച്ചുകൊണ്ടുള്ള നമ്മുടെ പാർട്ടിയുടെ ഭരണാരംഭംതന്നെ, കൊള്ളിവയ്പിനും കൊലപാതകങ്ങൾക്കും രക്തച്ചൊരിച്ചിലിനും വേണ്ട ഉത്തേജനം നൽകിയിരിക്കുന്നതിനാൽ, എവിടേയും ആവക കൊള്ളരുതായ്മകൾ നിർബാധം നടമാടിക്കൊണ്ടിരിക്കുന്നു. പോലീസ് പുല്ലാണെന്നുരുവിട്ടുപഠിച്ച നമ്മുടെ ചേരിക്കാർക്ക് ഇന്നു പോലീസുപോലും സൈഡുനിന്നുകൊടുക്കുവാൻ മാമ്മോണാ തീവ്രയത്നം ചെയ്തുവരുന്നു

397 സി. വിജ്ഞാനം നൽകുന്ന സകല സംരംഭങ്ങളും ദേശവല്ക്കരിച്ചു് ആ തുറകളെല്ലാം നാസ്തികത്വവും ഭൗതികത്വവും കൈകോർത്തുപോകുന്ന പുതിയ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനു ശക്തിമത്തായ പ്രവർത്തനം നടക്കുന്നു

എല്ലാ:-ബ്രാവോ...ബ്രാവോ...

സത്താ:- മുൻവകുപ്പിന്റെ തുടർച്ച. മനുഷ്യന്റെ മൃഗീയവികാരങ്ങളെ ഇക്കിളിപ്പെടുത്തുന്ന നഗ്നചിത്രീകരണങ്ങളും അയഥാർത്ഥപ്രസ്താവനകളും നിറഞ്ഞവയെല്ലാം പു. സാ യെന്നപേരിൽ പ്രോത്സാഹിപ്പിക്കപ്പെട്ടുവരുന്നു. സർവ്വോപരി നമ്മുടെ വൈരികളായ വൈദികരേയും സന്യാസികളേയും കന്യാസ്ത്രീകളേയും സ്ത്രീലമ്പടന്മാരും വേശ്യകളുമാക്കി ചിത്രീകരിക്കുന്ന ചെറുകഥകൾ, നോവലുകൾ, നാടകങ്ങൾ തുടങ്ങിയവ നിർലോഭം വിതരണം ചെയ്യുന്ന ലൈബ്രറികളുടെ എണ്ണം ഗവമ്മെൻറുസഹായത്തോടെ അനുദിനമെന്നോണം വർദ്ധിച്ചുവരുന്നു

ലൂസി:-ബ്രാവോ...ബ്രാവോ...

(അണിയറയിൽ ഒരട്ടഹാസവും ദീനരോദനവും മുഴങ്ങുന്നു)

ലൂസി:- (ഈർഷ്യയോടെ) ആരവിടെ?

(ആയുധധാരിയായ ഒരു പിശാചു പ്രവേശിക്കുന്നു)

പിശാ:- അടിയൻ

ലൂസി:- പത്തികടേ, നമ്മുടെ ഹാളിനുചുററും പരിപൂർണ്ണനിശ്ശബ്ദമായിരിക്കണമെന്നറിഞ്ഞുകൂടെയോ?

ദിയാ:- ഇവനെയൊക്കെ ലിക്വിഡേററുചെയ്യണം

പംപ്:- അതാണതിന്റെ നരകശാസ്ത്രം

പിശാ:- തിരുമേനി, മലനാട്ടിൽനിന്നേതോ ഒരു വലിയ പുള്ളി വന്നിട്ടുണ്ടു്; മാമ്മോണാസാഹിബിന്റെകൂടെ

ലൂസി:- (ആനന്ദത്തോടെ)എന്തു്! മാമ്മോണായുടെ കൂടെയോ...? ഹാ...മാമ്മോണാ, എന്റെ ശക്തിയുടെ വലതുകരം! വേഗം കൂട്ടിക്കൊണ്ടുവരൂ. (പിശാചു പോകുന്നു. ചുവന്ന പല്ലുകൾ ഇളിച്ചുകാട്ടി, ഉന്മത്തനായി ഇടയ്ക്കിടയ്ക്കു വായ് തുറന്നു കുമുകുമാന്നു് തീ പറത്തിക്കൊണ്ടു് മാമ്മോണാ പ്രവേശിക്കുന്നു. ലൂസിഫർ കൈകൊട്ടുന്നു. മററുള്ളവർ ചുവന്ന ഹാരമണിയിച്ചു ആർപ്പുവിളിക്കുന്നു. പംപ്കിൻ പഴയ ഡാൻസു ചെയ്യാൻ മുതിരുന്നു)

ലൂസി:- സുഹൃത്തേ, മാമ്മോണാ, പറയൂ ഇന്നത്തെ വിശേഷങ്ങൾ. എന്റെ പ്രിയപ്പെട്ട മലനാട്ട് നിന്റെ കരവിരുതിലടിഞ്ഞുകിടക്കുകയാണു്. പറയൂവേഗം

(അവർ രണ്ടുപേരും അടുത്തടുത്തു ആസനസ്ഥരാകുന്നു. അണിയറയിൽ പല്ലുകടിയും ദീനരോദനവും)

മാമ്മോണാ:- തിരുമേനി, നമ്മുടെ ഭാഗ്യാതിരേകം! ക്രിസ്ത്യാനിയായ ഒരു സാഹിത്യകാരനെ, അങ്ങു് അറിയും അയാളെ, ഞാൻ വഴിതെററിച്ചു. ലോകായതികത്വത്തിൽ മൂക്കോളം മുങ്ങി, ഭൗതികത്വത്തിൽ ആത്മമദിച്ചു് അയാൾ നമ്മുടെ പാർട്ടിക്കുവേണ്ടി വേണ്ടുവോളം സാഹിത്യം ചമച്ചു. പക്ഷെ കമ്മ്യൂണിസത്തിന്റെ കള്ളത്തരങ്ങൾ മനസ്സിലാക്കി ഈയിടെ അയാൾ പിന്മാറാൻ ശ്രമി

(ശേഷം 11-ാംപേജിൽ)


## മയ്യഴിത്തിരുനാൾ മഹാമഹം

**ഒക്ടോബർ 14, 15**

തിരുനാളാരംഭം ഒക്ടോബർ 5

തീർത്ഥകരുടെ സൗകര്യാർത്ഥം 1957 ഒക്ടോബർ 14, 15 തീയതികളിൽ തീവണ്ടിക്കും, ബസ്സിനും പ്രത്യേക ഏർപ്പാടുകൾ ചെയ്യപ്പെടുന്നതാണു്.

നിങ്ങളുടെ എല്ലാ ആവശ്യങ്ങളിലും, മയ്യഴിയിൽ 1736-ൽ സ്ഥാപിച്ചതായ അത്ഭുതകരവും ബഹുമാന്യവുമായ അവിലായിലെ വിശുദ്ധ ത്രേസ്യായുടെ തീർത്ഥകേന്ദ്രത്തിൽ അഭയംതേടുക. നിങ്ങൾക്കു് ഒരിക്കലും ഇച്ഛാഭംഗം വരികയില്ല.



കൊല്ലംതോറും തിരുനാൾ മഹോത്സവവേളയിൽ 25000-ൽ പരം തീർത്ഥയാത്രക്കാർ ഇവിടം സന്ദർശിക്കുകയും ലക്ഷക്കണക്കിൽ മെഴുകുതിരികൾ പ്രാർത്ഥനയായി ജ്വലിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ഉള്ളഴിഞ്ഞു് പ്രാർത്ഥിക്കുന്ന ഏവക്കും ഈ പുണ്യവതിവഴിയായി കാര്യസാഫല്യമുണ്ടാകുന്നതാണെന്നു ഇവിടെ പരക്കെ അനുഭവപ്പെട്ടതായറിയുന്നു. അത്യാശ്ചര്യകരമായ പല അനുഭവങ്ങളും നിരവധി ജനങ്ങൾക്കു സിദ്ധിച്ചിട്ടുണ്ടു്.

അപേക്ഷകളും, സംഭാവനകളും, പൂജാധമ്മങ്ങളും താഴെക്കാണുന്ന വിലാസത്തിൽ എത്തിക്കേണ്ടുന്നതാണു്.

**Parish Priest, Mahe, N. Malabar**

# ചർച്ചവീക്കിലിയുടെ വിലാപഗീതം

[ഫാദർ സി. ഏ. ഏബ്രാഹം എം. ഏ., ബി. ഡി., ബി ലിററ്. (ഓക്സൻ)]

ആഗസ്റ്റ് 11-ാം തീയതിയിലെ ചർച്ചവീക്കിലിയിൽ എന്റെ സഭാപുനരൈക്യത്തെപ്പററി ഒരു മുഖപ്രസംഗമുണ്ടായിരുന്നു. മലയാളമനോരമപ്പത്രത്തിൽ ജോലിയുള്ള മി. എൻ. എം. ഏബ്രഹാം, ബി. എ. യുടെ സ്വന്തം നാവാണ് ചർച്ചവീക്കിലി എന്നു പറയാം. പുനരൈക്യപ്പെട്ടവരെപ്പററി മി. ഏബ്രഹാം എഴുതിയിട്ടുള്ള രണ്ടാമത്തെ മുഖപ്രസംഗമാണു എന്നെപ്പററിയുള്ളതു്. ചർച്ചവീക്കിലിയുടെ പത്രാധിപച്ചുമതല ഞാനൾപ്പെട്ട ഒരു സമിതിയെ ഒരു വർഷത്തേയ്ക്കു ഭരമേല്പിക്കുന്നതിനു ഒരാഴ്ചമുമ്പ്, ബഃ വി. സി. ഗീവറുഗീസ് കോറെപ്പിസ്ക്കോപ്പായുടെ പുനരൈക്യത്തെ പരാമർശിച്ച് മി. എൻ. എം. ഏബ്രഹാം ഒരു മുഖപ്രസംഗമെഴുതിയിരുന്നു. അതു കഴമ്പില്ലാത്ത ഒരു "അധികപ്രസംഗ"മായി അന്നു ഞങ്ങളിൽ ചിലർക്കു തോന്നി. അതിനൊരു മറുപടി എഴുതണമെന്നു ബഃ വി. സി. ഗീവറുഗീസ്അച്ചനോടു ഞാൻ ആവശ്യപ്പെടുകയും അദ്ദേഹത്തിന്റെ സമർത്ഥമായ മറുപടി ഞങ്ങൾ ചർച്ചവീക്കിലിയിൽ പ്രസിദ്ധപ്പെടുത്തുകയുംചെയ്തു. മി. എൻ. എം. ഏബ്രഹാം പത്രാധിപത്യം വീണ്ടും എടുത്തതിനുശേഷം, പണ്ടത്തേതുപോലെ, "സ്വതസിദ്ധമായ" പത്രഭാഷയിൽ എന്നെപ്പററി എഴുതിയിരിക്കുന്നതാണ് ആഗസ്റ്റ് 11-ലെ മുഖപ്രസംഗം.

"വലിയ കുളത്തിലെ ചെറിയ താറാവ്" എന്നാണ് ആ മുഖപ്രസംഗത്തിന്റെ തലക്കെട്ട്. ലോകവ്യാപകമായ കത്തോലിക്കാസഭയിലേക്കുള്ള എന്റെ സ്വീകരണത്തെപ്പററി "I have chosen, therefore, to be a small duck in a big pond" (അതുകൊണ്ടു്, വലിയ കുളത്തിലെ ഒരു ചെറിയ താറാവായിരിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു) എന്നു ഞാൻ സത്യദീപത്തിൽ എഴുതിയിരുന്നു. എന്റെ ലേഖനത്തിലെ ഈ അലങ്കാരപ്രയോഗത്തെപ്പററിയാണ് ചർച്ചവീക്കിലിയുടെ മുഖപ്രസംഗത്തിലെ പകുതിയിലധികവും! "ചെറിയ കുളത്തിലെ ചെറിയ താറാവാണു്" അദ്ദേഹമെന്നു മി. എൻ. എം. ഏബ്രഹാം സ്വയം ചിത്രീകരിക്കുകയും(എന്തൊരു താഴ്മ!) എന്നെ ആക്ഷേപിക്കുകയും ചെയ്തിട്ടുണ്ടു്. മനുഷ്യരെ പരിഹസിക്കാനും പഴങ്കഥ പറയാനും മി. എൻ. എം. ഏബ്രഹാമിനു നല്ല വണ്ണം അറിയാമെന്നു എനിക്കു പണ്ടേ മനസ്സിലായിട്ടുണ്ടു്. അതു മാത്രമേ അദ്ദേഹത്തിനറിയാവൂ എന്നു് അദ്ദേഹത്തിന്റെ ചർച്ചവീക്കിലിലേഖനങ്ങൾ വായിച്ചാൽ തോന്നാനിടയുണ്ടു്. എന്നെപ്പററിയുള്ള മുഖപ്രസംഗത്തിന്റെ ആദ്യഭാഗത്തിനു് ഒററവാചകത്തിൽ മറുപടിപറഞ്ഞേക്കാം. ആ ഭാഗം വായിച്ചപ്പോൾ എനിക്കു തോന്നിയ ഉപമാലങ്കാരം ചെറിയ കുളത്തിലെ ചെറിയ താറാവിന്റേതല്ല, ചെറിയ കിണററിലെ വലിയ ശബ്ദമുണ്ടാക്കുന്ന വേറൊരു ജീവിയുടേതാണ്!


തിയോളജിയും സഭാചരിത്രവും സംബന്ധിച്ചുള്ള മി. എൻ. എം. ഏബ്രഹാമിന്റെ "വിദഗ്ദ്ധ"വാദങ്ങൾക്കു മറുപടി ഏതാനും മാസങ്ങൾക്കുമുമ്പ് അദ്ദേഹംതന്നെ "ബോധപൂർവ്വം" ചർച്ചവീക്കിലിയിൽ എഴുതിയിരുന്ന ഒരു ലേഖനത്തിലുണ്ടായിരുന്നു. അതെന്തായിരുന്നുവെന്നോ? തിയോളജിയും മി. ഏബ്രഹാമും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്നും ഒരു സഭാവാരികയുടെ പത്രാധിപരാകാൻ അദ്ദേഹം യോഗ്യനല്ലെന്നും! പക്ഷേ കോട്ടയംസഭയിലെ വേദശാസ്ത്രജ്ഞന്മാരായി കഴിയുന്ന പലരെക്കാളും മി. എൻ. എം. ഏബ്രഹാമിനു പരിജ്ഞാനമുണ്ടെന്നുള്ളതിനെപ്പററി എനിക്കു സംശയമില്ല. (കാർഡിനൽ ന്യൂമാന്റെ പുസ്തകത്തിന്റെ മേൽവിലാസവും മററും അദ്ദേഹം ഉദ്ധരിച്ചിരുന്നില്ലേ!) ഏതായാലും എന്നെ "അനുസ്മരിപ്പിക്കുവാൻ"അദ്ദേഹം പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒന്നു പരിശോധിക്കാം. പലതും കൂട്ടിക്കുഴച്ചു നീട്ടിക്കെട്ടി എഴുതിയിരിക്കുന്ന അദ്ദേഹത്തിന്റെ മുഖപ്രസംഗത്തിലെ പോയിന്റുകൾ വേർതിരിച്ചു മറുപടി പറയാൻ ശ്രമിക്കാം.

(1) മി. ഏബ്രഹാം പറയുന്നു: "ചെറിയതെങ്കിലും കുളമാണെന്നു അദ്ദേഹംതന്നെ സമ്മതിക്കുന്ന ഒരു പുരാതനസഭയിൽനിന്നു മാറുന്നതു് പുതിയതായി ചെന്നുചേരുന്ന കുളത്തിന്റെ വലുപ്പംമാത്രം ഒരു കാരണമായിരിക്കരുതു് എന്നുള്ളതുകൊണ്ടാണ്." ഈ വാചകത്തിന്റെ ഘടനതന്നെ പിശകാണ്. അതിന്റെ ആശയമാണ് അതിലും പിശകിയതു്. കത്തോലിക്കാസഭയുടെ വലിപ്പംമാത്രം കണ്ടു് അതിൽ ചേരരുതു് എന്നാണ് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതെന്നു ഞാൻ വിചാരിക്കുന്നു. എന്റെ സഭാ പുനരൈക്യത്തിന്റെ കാരണം അതുമാത്രമാണെന്നു് ഞാൻ വിചാരിക്കുകയോ എഴുതുകയോ ചെയ്തിട്ടില്ല. "അതുകൊണ്ടു വലിയ കുളത്തിലെ ഒരു ചെറിയ താറാവായിരിക്കാൻ ഞാൻ തീരുമാനിച്ചിരിക്കുന്നു" എന്നു പറഞ്ഞാൽ മേല്പറഞ്ഞ കാരണങ്ങൾകൊണ്ടു ഞാൻ വലിയ കുളത്തിലേക്കു പോകുന്നുവെന്നാണ്, അല്ലാതെ കുളത്തിന്റെ വലിപ്പം കണ്ടു പോകുന്നുവെന്നല്ല അർത്ഥം. ചെറുതായിരിക്കുന്നതാണ് സത്യസഭയുടെ ലക്ഷണമെന്നു ഞാൻ വിശ്വസിക്കുന്നില്ലെന്നുള്ളതു ശരിയാണ്. ആ വിശ്വാസം സാമാന്യയുക്തിക്കുപോലും ചേർന്നതല്ലല്ലോ. ചെറുതായ സത്യസഭയിൽ മററുള്ളവർ ചേരുമ്പോൾ അതു വലുതായിപ്പോകും. അപ്പോൾ അതു സത്യസഭയല്ലാതെ ആയിത്തീരുമോ? ഏററവും ചെറിയ സഭയാണു സത്യസഭയെങ്കിൽ മി. ഏബ്രഹാം ഉൾപ്പെടുന്ന സഭ സത്യസഭ ആവുകയില്ല; അതിൽ ചെറുതു് വേറെ ചിലതെങ്കിലും ഉണ്ടല്ലോ. ദൈവത്തിന്റെ സഭ ഇത്രയും നൂററാണ്ടുകൾ ലോകത്തിൽ സ്ഥിതിചെയ്തിട്ട് ഇന്നും കോട്ടയംസഭയും തൊഴിയൂർസഭയും എല്ലാമായിമാത്രം സ്ഥിതിചെയ്യുന്നു എന്നു വിശ്വസിക്കാൻ കഴിയുന്നതാണ് അത്ഭുതം. സഭകളുടെ വലിപ്പച്ചെറുപ്പത്തെപ്പററിയുള്ള വാദം കേൾക്കുമ്പോൾ ഡഗ്ലസ് വുഡ്റഫിന്റെ ഒരു ചെറുകഥയാണ് ഓർമ്മയിൽ വരുന്നതു്. ഒരാന ഒരെലിയോടു പറഞ്ഞു: "നീ വളരെ ചെറുതാണല്ലോ." അതിനു എലിയുടെ മറുപടി: "പക്ഷെ ഒരു കാരണമുണ്ടു്, കുറെ നാളായി എനിക്കു നല്ല സുഖമില്ലായിരുന്നു!"

(2) "റോമിലുണ്ടായിരുന്നതുപോലെ അലക്സാണ്ട്റിയായിലും, കുസ്തന്തിനോസ്പോലിസിലും, അന്ത്യോഖ്യയിലും ഓരോ പാത്രിയർക്കീസ് ഉണ്ടായിരുന്നുവെന്ന ചരിത്രപരമാർത്ഥം അദ്ദേഹം വിസംവദിക്കുകയില്ലല്ലോ. അങ്ങനെ ഒരേ അധികാരത്തിലും സ്ഥാനമഹിമയിലും നാലുപേരുണ്ടാകാൻ കാരണമെന്താണ്?"

ഇതിലെ ആദ്യവാചകത്തിലെ കാര്യം ഞാൻ വിസംവദിക്കുന്നില്ല. (കുസ്തന്തിനോസ്പോലിസ് എന്നുള്ളതു് കുസ്തന്തിനോപോലിസ് എന്നു തിരുത്തണമെന്നുമാത്രം) രണ്ടാമത്തെ വാചകം സ്വീകാര്യമല്ല; അതു ചരിത്രസത്യവുമല്ല. നാലു പാത്രിയർക്കീസന്മാർ "ഒരേ അധികാരത്തിലും സ്ഥാനമഹിമയിലും" ഉള്ളവരായിരുന്നുവെന്നു് എങ്ങനെ കിട്ടിയ അറിവാണ്? കാതോലിക്കാസ്കക്ഷി സ്വീകരിക്കുന്നതും സമുദായക്കേസിൽ അവർ ഹാജരാക്കിയിരിക്കുന്നതുമായ കാനോൻ (എ. അക്കം) ഈ കാര്യത്തെപ്പററി പറയുന്നതു കേൾക്കുക: "ലോകത്തിലെ നാലു ദിക്കുകളുടെ സംഖ്യയനുസരിച്ച്






For Favours Received
K. T. Jacob B. A., B. Com., A. C. A., Cochin

പാത്രിയർക്കീസന്മാർ നാലുപേരുണ്ടായിരിക്കണം. എല്ലാവരുടേയും പ്രധാനതലവൻ റോമായിലെ പത്രിയർക്കീസും, അദ്ദേഹത്തിന്റെ കൂടെ അലക്സാണ്ട്റിയായിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ കുസ്തന്തിനോപോലിസിലെ പാത്രിയർക്കീസും, അദ്ദേഹത്തിന്റെകൂടെ അന്ത്യോഖ്യയിലെ പാത്രിയർക്കീസും ആയിരിക്കണം." "ഒരേ അധികാരവും സ്ഥാനമഹിമയും"ആണ് ഇവിടെ നാലുപേർക്കും ഉദ്ദേശിച്ചിരിക്കുന്നതെന്നു ധരിക്കുവാൻ സാധിക്കുന്നതു് ഒരു പ്രത്യേക സാമർത്ഥ്യംതന്നെയാണെന്നു ഞാൻ സമ്മതിക്കുന്നു. നിഖ്യാസുന്നഹദോസിന്റെ അധികാരമുള്ളതായിട്ട്, കിഴക്കൻസഭകൾ കണക്കാക്കുന്ന പ്രസിദ്ധമായ അറബിക്കാനോനാകളിൽ റോമാപാത്രിയർക്കീസിന്റെ പ്രത്യേകമഹിമയേയും അധികാരത്തേയുംപററി കൂടുതൽ വ്യക്തമായും ദീർഘമായും പ്രതിപാദിച്ചിട്ടുണ്ടു്. പ്രസിദ്ധ അകത്തോലിക്കാ പണ്ഡിതനായിരുന്ന Dr. Herbert Scott D. Phil (Oxon) എഴുതിയ "The Eastern Churches and the Papacy" എന്ന വിശ്രുതമായ ഗ്രന്ഥത്തിൽ എഫെസൂസ് സുന്നഹദോസിന്റെ നടപടികളിൽനിന്നു കിഴക്കൻസഭകളുടെമേൽ റോമാപാത്രിയർക്കീസിനുണ്ടായിരുന്ന അധികാരത്തേയും സ്വാധീനത്തേയുംകുറിച്ചു വ്യക്തമായി തെളിയിച്ചിട്ടുണ്ടു്. ഇദ്ദേഹത്തിന്റെ "General Councils and Anglican Claims" എന്ന പുസ്തകത്തിലും പൊതുസുന്നഹദോസുകൾ റോമാസിംഹാസനത്തിന്റെ അധികാരത്തേയും മഹിമയേയും വ്യക്തമായി തെളിയിക്കുന്ന കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. കല്ക്കദോനിയാസുന്നഹദോസിൽ പ്രകടമായ റോമാസിംഹാസനത്തിന്റെ അധികാരത്തെപ്പററി ഇവിടെ പറയുന്നില്ല. അതിനെ സ്വീകരിക്കണമോ വേണ്ടയോ എന്നു ചർച്ചവീക്കിലിയുടെ സഭ ഇതുവരെ തീരുമാനിച്ചുകഴിഞ്ഞിട്ടില്ലല്ലോ.

(3) റോമാ പാത്രിയർക്കീസിന്റെ പ്രതാപം "മററു പാത്രിയർക്കീസന്മാരുടെ മേൽ അടിച്ചേൽപിക്കുവാൻ ക്രിസ്തുവും അപ്പസ്തോലന്മാരും ജീവിച്ച നൂററാണ്ടു കഴിഞ്ഞു് അനേകശതാബ്ദങ്ങൾക്കുശേഷം ഒരു റോമൻ പാത്രിയർക്കീസിനു തോന്നിയ ഉന്മാദമാണ്" ഭിന്നതയുണ്ടാകാൻ കാരണം എന്നു ചർച്ചവീക്കിലി തട്ടിവിടുന്നു.

ക്രിസ്തുവും അപ്പസ്തോലന്മാരും ജീവിച്ചിരുന്ന അതേ നൂററാണ്ടിൽതന്നെ റോമായിലെ ബിഷപ്പായിരുന്ന വി. ക്ലെമന്റിന്റെ കോറിന്ത്യലേഖനങ്ങൾ സുപ്രസിദ്ധങ്ങളാണ്. വിശുദ്ധ യോഹന്നാൻ അന്നു് കോറിന്തിനടുത്തുള്ള എഫേസൂസിൽ ജീവിച്ചിരിപ്പുണ്ടായിരുന്നു. വി. ക്ലെമന്റിന്റെ ലേഖനത്തിൽ അദ്ദേഹം പറയുന്നതു് "ദൈവത്തിന്റെ വചനം നമ്മിൽക്കൂടെ വരുന്നു...വി. റൂഹാ നമ്മിൽക്കൂടെ സംസാരിക്കുന്നു" എന്നത്രെ. ഈ ലേഖനത്തെപ്പററി ബിഷപ്പ് ലൈററ് ഫുട്ട് പറയുന്നതു്. "പാപ്പാധിപത്യത്തിന്റെ ആദ്യത്തെ ഒരു പടി ഇവിടെ കാണുന്നു" എന്നാണ്. രണ്ടാം നൂററാണ്ടിന്റെ ആരംഭത്തിൽ അന്ത്യോഖ്യയിലെ ബിഷപ്പായിരുന്ന വി. ഇഗ്നാത്യോസ്, അന്ത്യോഖ്യയ്ക്കു പ്രത്യേകസ്ഥാനം അവകാശപ്പെട്ടിട്ടില്ലെന്നുതന്നെയല്ല റോമിനു പ്രഥമസ്ഥാനം നൽകുകയും ചെയ്തു. വി. ഇഗ്നാത്യോസിന്റെ ലേഖനങ്ങളെപ്പററി ഹാർനാക് പറയുന്നതു് ഇപ്രകാരമാണ്; "ഇഗ്നാത്യോസ് ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ എത്രതന്നെ മയപ്പെടുത്തിയാലും റോമിനു് അദ്ദേഹം പ്രഥമസ്ഥാനം കല്പിച്ചിരുന്നു എന്നു വ്യക്തമാണ്." എല്ലാ സഭകളും "റോമിലെ സഭയോടു യോജിപ്പിൽ കഴിയണം" എന്നു വി. ഐറനിയസ് പറയുന്നു. മററനേകം സാക്ഷികളെയും ഉദ്ധരിക്കുന്നതിനു പ്രയാസമില്ല. റോമാ ബിഷപ്പിന്റെ അധികാരത്തിന്റെ സംഘടനാപരമായ ക്രമീകരണത്തിൽ വളർച്ചയുണ്ടായിട്ടുണ്ടെന്നു സമ്മതിക്കുന്നു. പാത്രിയർക്കാസിംഹാസനങ്ങൾതന്നെ അങ്ങനെയുള്ള ഒരു വളർച്ചയെ ആണല്ലോ കാണിക്കുന്നതു്. പൊതുസുന്നഹദോസുകളുടെയും പിതാക്കന്മാരുടെയും സാക്ഷ്യത്തിന്റെ ആകെത്തുക റോമിന്റെ അവകാശവാദം സ്ഥിരീകരിക്കുന്നതിനു പര്യാപ്തമാണെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. വല്ലപ്പോഴും റോമിനെതിരായി ഉണ്ടായിട്ടുള്ള എതിർപ്പ് റോമിന്റെ അധികാരത്തെ സ്ഥിരീകരിക്കുന്ന തെളിവുകൾക്കു ശക്തികൂട്ടുന്നതേയുള്ളു.

(4) "പന്ത്രണ്ടു് അപ്പസ്തോലന്മാർക്കും ഇപ്പോൾ ചില ക്രൈസ്തവസഭകളും ലോകവും പ്രതീക്ഷിക്കുന്നതുപോലെയുള്ള സിംഹാസനങ്ങൾ കർത്താവു കല്പിച്ചു കൊടുത്തിരുന്നെങ്കിൽ മററു സിംഹാസനങ്ങൾ എവിടെയാണ്?"

ഇതു ചർച്ചവീക്കിലി പത്രാധിപർ ആലോചിക്കാതെ ചോദിച്ചുപോയതാണ്. അപ്പസ്തോലന്മാർ "പന്ത്രണ്ടു സിംഹാസനങ്ങളിലിരുന്നു് ഇസ്രായേലിന്റെ പന്ത്രണ്ടുഗോത്രങ്ങളെ ന്യായം വിധിക്കും" എന്നല്ലാതെ സഭയിൽ അവരുടെ പന്ത്രണ്ടു സിംഹാസനങ്ങൾ അധികാരം നടത്തും എന്നു് കത്തോലിക്കാസഭ പഠിപ്പിക്കുന്നതായി എനിക്കറിവില്ല. "ചില ക്രൈസ്തവസഭകളും ലോകവും" എന്നു പറയുന്നതിൽ കാതോലിക്കോസ് കക്ഷിയെ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്തോ? അവരാണല്ലോ വി. തോമ്മാശ്ലീഹായുടെ സിംഹാസനമാണ് കാതോലിക്കോസിനുള്ളതെന്നും അതു് പത്രോസിന്റെ സിംഹാസനത്തെക്കാൾ സ്ഥാനക്കുറവുള്ളതല്ലെന്നും ഈയിടെ പറഞ്ഞുതുടങ്ങിയിരിക്കുന്നതു്. ചരിത്രത്തെളിവിന്റെ പാറമേൽ പണിതിരിക്കുന്ന ഒരു വിശ്വാസം!

(5) "വി. പത്രോസിന്റെ സർവ്വാധികാരത്തിലാണ് എല്ലാ അപ്പസ്തോലന്മാരും അവരുടെ പിൻഗാമികളും കഴിയേണ്ടതെന്നു് നിർദ്ദേശിച്ചുകൊണ്ടു് മിശിഹാതമ്പുരാൻ സംഘടനാപരമായ ചില അടിസ്ഥാനങ്ങൾ ഇട്ടിരുന്നുവെന്നു് ഏതു ചരിത്രത്തെയും വേദവാക്യത്തെയും ആധാരമാക്കിയാണ് വെ. അച്ചൻ വാദിക്കുന്നതു്?"

എന്റെ ലേഖനം "അതിവതാല്പര്യത്തോടുകൂടെ" വായിച്ചുനോക്കിയിട്ട് വി. പത്രോസിന്റെ പരമാധികാരത്തെപ്പററി ചുരുക്കമായിട്ടെങ്കിലും ഞാൻ പ്രസ്താവിച്ചിരുന്ന കാര്യങ്ങൾ ഗണ്യമാക്കാതെ പോയതു ഭംഗിയായില്ല. എന്റെ ലേഖനത്തിലെ ഒററ പ്രധാന പോയിന്റെങ്കിലും നേരെ ചോദ്യം ചെയ്യാൻ മി. എൻ. എം. ഏബ്രഹാം ധൈര്യപ്പെട്ടിട്ടില്ല. കർത്താവു് എന്തുകൊണ്ടു് വി. പത്രോസിനെ തലവനാക്കി എന്നുള്ളതു് ദൈവം എന്തുകൊണ്ടു് ഇസ്രായേലിനെ തെരഞ്ഞെടുത്തു എന്നുള്ളതുപോലെ വിഷമമുള്ള ഒരു പ്രശ്നമാണ്. തിരഞ്ഞെടുത്തു എന്നതാണു പ്രധാനം. വി. മത്തായി 16: 18, വി. ലൂക്കോസ് 22: 31, വി. യോഹന്നാൻ 21: 15-17 എന്നീ വാക്യങ്ങളെങ്കിലും ശരിയായിട്ടു വ്യാഖ്യാനിച്ചാൽ വി. പത്രോസിനു കർത്താവു കൊടുത്ത പ്രത്യേകസ്ഥാനത്തെപ്പററി ഗ്രഹിക്കാം. "ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും" എന്നു കർത്താവു പറഞ്ഞതു് ശീമോൻ എന്ന ആളെ ഉദ്ദേശിച്ചാണെന്നും ആദിമസഭയുടെ തലവൻ (Head) വി. പത്രോസ് ആയിരുന്നെന്നും പ്രസിദ്ധ പ്രോട്ടസ്റ്റന്റു പണ്ഡിതനായ ഓസ്കർ കുൾമാൻ ഉൾപ്പെടെ പലരും ഇന്നു സമ്മതിച്ചുതുടങ്ങിയിട്ടുണ്ടു്. (Peter—Disciple, Apostle, Martyr—S. C. M. Press, London, 1953) വി. പത്രോസിന്റെ സ്ഥാനം സഭയിൽ നിലനില്ക്കാൻ ഉദ്ദേശിച്ചിട്ടുള്ളതല്ലായിരുന്നു എന്നു് അകത്തോലിക്കരാണു തെളിയിക്കേണ്ടതു്. സഭയ്ക്കു പൊതുവായി—എല്ലാക്കാലത്തേക്കും—ഉദ്ദേശിച്ചുള്ള നൽവരങ്ങളാണു കർത്താവു ശിഷ്യന്മാർക്കു നൽകിയതു്. വി. പട്ടത്വവും വി. കുർബാനയും അതിൽ പെടുന്നു. കർത്താവിനാൽ പരിശീലിപ്പിക്കപ്പെട്ടിരുന്ന ശിഷ്യന്മാർ ജീവിച്ചിരുന്ന കാലത്തുപോലും വി. പത്രോസിന്റെ പരമാധികാരം ആവശ്യമായിരുന്നെങ്കിൽ, പിൽക്കാലത്തു് അതെത്രയോ അധികം ആവശ്യ

മായിരിക്കും? യാക്കോബായ ഓത്തഡോക്സ് സഭകൾ സ്വീകരിക്കുന്ന ആരാധനാക്രമങ്ങൾ വി. പത്രോസിൻെറ പരമാധികാരത്തെ പ്രഖ്യാപിക്കുന്നു എന്നുള്ളതു പ്രസിദ്ധമാണ്. ഇതിനെ ചർച്ചവിക്കിലിക്കു നിഷേധിക്കാമോ? കഴിയുമെങ്കിൽ ശ്രമിച്ചുനോക്കുക. ഈ പ്രശ്നത്തെ സംബന്ധിച്ച് ബ. വി സി ഗീവറുഗീസ് കോറെപ്പിസ്കോപ്പാ അടുത്തുതന്നെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകത്തിൽ സവിസ്തരം പ്രതിപാദിക്കുന്നതായിരിക്കും എന്നറിയുന്നു.

(6) "വി. പത്രോസിൻെറ പിന്തുടർച്ചാവകാശം റോമായിൽതെരഞ്ഞെടുക്കുന്ന ഒരു ബിഷപ്പിനാണോഎന്നു യുക്തിപൂർവ്വം ചിന്തിക്കുക. റോമൻ ആധിപത്യവും ഭരണവുമാണ്കർത്താവും അപ്പസ്തോലന്മാരും വിഭാവനംചെയ്തിരുന്നതെങ്കിൽ പത്രോസ് വീരമരണം പ്രാപിച്ചപ്പോൾ അന്നു ജീവിച്ചിരുന്ന വി. യോഹന്നാനെ റോമിൽ വരുത്തി സ്ഥാനാരോഹണം ചെയ്യിക്കേണ്ടിയിരുന്നു."

പാവം, വി. യോഹന്നാൻ! ചർച്ചവിക്കിലി അന്നുണ്ടായിരുന്നെങ്കിൽ അദ്ദേഹത്തോടു കാണിച്ച അനീതി അവർ സമ്മതിക്കുകയില്ലായിരുന്നു! മി. എൻ. എം. ഏബ്രഹാമിൻെറ "യുക്തി"ബോധം അവക്കില്ലാതെപോയി! വി. പത്രോസിൻെറ പിൻഗാമിയായി വി. യോഹന്നാനെ റോമിൽ വരുത്തി ആരോഹണംചെയ്യിക്കാഞ്ഞതുകൊണ്ട്, വി. പത്രോസിൻെറ അധികാരം റോമാസിംഹാസനത്തിനു ലഭിക്കാതെപോയി എന്നു ചർച്ചവിക്കിലിപറയുന്നതിൽ എന്തു യുക്തിയോ ന്യായമോ ആണുള്ളതെന്നുകാണാൻ എനിക്കു സാധിക്കുന്നില്ല. വി.പത്രോസിൻെറ പിൻതുടർച്ചാവകാശംറോമിനല്ലായിരുന്നു എന്നുള്ളതു ചർച്ചവിക്കിലിക്കു തെളിയിക്കാമോ? അങ്ങനെ ആയിരുന്നു എന്നുള്ളതിന് പിതാക്കന്മാരുടേയുംസൂനഹദോസുകളുടേയും തെളിവുകൾ ചുരുക്കമായി മുകളിൽ കൊടുത്തിട്ടുണ്ട്. സഭയുടെ ദൃശ്യതലവൻ എന്നുള്ള പരമാധികാരം റോമിൽ വി. പത്രോസിൻെറ പിൻഗാമികളായിരുന്നവരല്ലാതെ ആദ്യനൂററാണ്ടുകളിൽ വേറെ ആരും അവകാശപ്പെട്ടിട്ടില്ലെന്നുള്ളതും റോമിൻെറ അവകാശവാദത്തെ ഉറപ്പിക്കുന്നതാണ്.

(7) "തങ്ങളിൽ വലിയവൻആരു്?" എന്നുള്ള ശ്ലീഹന്മാരുടെ പ്രശ്നത്തിനു് പത്രോസിനെ ചൂണ്ടിക്കാണിച്ചു പരിഹാരംനൽകാതെ ശിഷ്യന്മാരുടെ കാൽ കഴുകി മാതൃക കാണിക്കുകയാണു കർത്താവു ചെയ്തതെന്നു് ചർച്ചവിക്കിലി ചൂണ്ടിക്കാണിക്കുന്നു.

മാർപ്പാപ്പാ തിരുമേനിയുൾപ്പെടെയുള്ള എല്ലാ ക്രിസ്ത്യാനികളും പ്രവൃത്തിയായിട്ടു തർജ്ജമചെയ്യേണ്ടതായപാഠിപ്പിക്കലാണ് ഇതിൽ അടങ്ങിയിരിക്കുന്നതു്. പക്ഷേ, റോമാസഭയുടെ അവകാശവാദങ്ങളെ ഇതു പ്രത്യേകമായി സ്പർശിക്കുന്നതു് എങ്ങനെയെന്നു മനസ്സിലാകുന്നില്ല. അധികാരമോ അധികാരിയോ ഉണ്ടായിരിക്കരുതെന്നല്ല,അധികാരം നടത്തുന്നവരുടെ ആന്തരിക സ്വഭാവവും മനോഭാവവും എങ്ങനെ ആയിരിക്കണം എന്നാണു കർത്താവു പഠിപ്പിച്ചതു്. ശിഷ്യന്മാരുടെ കാലുകഴുകിയവനായ കർത്താവ്സ്വർഗ്ഗത്തിലും ഭൂമിയിലും തനിക്കുണ്ടായിരുന്ന അധികാരം ഇല്ലെന്നു ഭാവിക്കുകയോ തൻെറ അധികാരം ശിഷ്യന്മാക്കു നൽകാതിരിക്കുകയോ ചെയ്തില്ലെന്നുള്ളതു പ്രത്യേകം ഓക്കേണ്ടതാണ്. "കാൽകഴുകൽ" ആഡംബരമുള്ള ഒരു ശുശ്രൂഷയായിനടത്തുന്ന സഭകളിലാണ് "ശുശ്രൂഷിക്കപ്പെടുവാനല്ല, ശുശ്രൂഷിക്കുവാൻ" ഉള്ള ആത്മാവു പ്രത്യേകം പ്രകടമായിരിക്കുന്നതു് എന്നു ചർച്ചവിക്കിലി പറയുമോ എന്തോ!

ഒരു കാര്യംകൂടെ. ഏകദേശം ഒരു വർഷംമുമ്പ് ചർച്ചവിക്കിലിയിൽ എഴുതിയിരുന്ന ഒരു മുഖപ്രസംഗം—കത്തോലിക്കാസഭയെ വിമശിച്ചുകൊണ്ടുള്ളതു്—പല തലക്കെട്ടുകളോടും നോട്ടുകളോടുംകൂടെ എൻെറ പേരുവച്ചുള്ള ഒരു ലേഖനം പോലെ ചർച്ചവിക്കിലി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഞങ്ങൾ നാലുപേർകൂടി ആലോചിച്ചാണ് മുഖപ്രസംഗങ്ങൾക്കു രൂപംകൊടുക്കാറുണ്ടായിരുന്നതു്. ഒരാൾ എഴുതുകയും മററുള്ളവർ വീണ്ടും അതു വായിച്ചുതിരുത്തുകയും പതിവായിരുന്നു. ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ എഴുതിയതു് എൻേറതല്ലെന്നു ഭാവിക്കുകയാണെന്നു തെററിദ്ധരിക്കരുതു്. ചർച്ചവിക്കിലി അതിപ്പോൾ ഉപയോഗപ്പെടുത്തിയിരിക്കുന്ന രീതി ഒരു മര്യാദലംഘനമാണെന്നു കാണിക്കാൻ ഇത്രയും പറഞ്ഞതാണ്. അന്നത്തെ കത്തോലിക്കാ വിരുദ്ധമുഖപ്രസംഗങ്ങൾക്കു് എൻ. ജേക്കബ് എന്ന പേരുവച്ച് സത്യദീപത്തിൽ ഒരു നല്ല മറുപടി പ്രസിദ്ധപ്പെടുത്തിയിരുന്നു. (മോൺ: ജേക്കബ് നടുവത്തുശ്ശേരിയായിരുന്നു ലേഖനകത്താവ് എന്നു ഞാൻ ഊഹിക്കുന്നു) അതിനു തക്കതായ സമാധാനം പറയുവാൻ എനിക്കും കൂട്ടുകാക്കും പ്രയാസ




മായിരുന്നു എന്നു പറഞ്ഞുകൊള്ളട്ടെ. ചർച്ചവിക്കിലിയിൽ പ്രസിദ്ധംചെയ്യാൻ അയച്ചുതന്ന ആ ലേഖനം "ധൈര്യപൂർവ്വം" ഞങ്ങൾ തിരിച്ചയച്ചു! മി. ഏബ്രഹാമിനു കഴിയുമെങ്കിൽ അതിനു മറുപടി പറയാൻ ശ്രമിക്കുക. താമസിച്ചുപോയതു സാരമില്ല.

ഏതാനും നാളുകൾക്കുശേഷം മി. എൻ എം ഏബ്രഹാം കത്തോലിക്കാ സത്യത്തിൽ ബോദ്ധ്യംവന്നു പുനരൈക്യപ്പെടുകയാണെങ്കിൽ ഇപ്പോഴത്തെ മുഖപ്രസംഗത്തെപ്പററിയും മററും അദ്ദേഹം എന്തു പറയുമോ! സത്യം ബോദ്ധ്യമായാലും കത്തോലിക്കാസഭയിൽ ഒരിക്കലും ചേരുകയില്ലെന്ന് അദ്ദേഹം ഉറച്ചിരിക്കുകയാണെന്നു പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. ചർച്ചവിക്കിലിയുടെ പത്രാധിപസമിതിയിൽ പെട്ടിരുന്നവരിൽ കത്തോലിക്കാസഭയോടു പുനരൈക്യപ്പെട്ട രണ്ടാമത്തെ ആളാണു ഞാൻ. ആദ്യത്തേതു് ബ. ടി വി ജോണച്ചൻ എം എ എൽ ടി ആയിരുന്നു. ചർച്ചവിക്കിലിയിൽ ഇനി ബാക്കിയുള്ളവരെപ്പററിയും ഞങ്ങളെക്കുറിച്ചെന്നതുപോലെ മുഖപ്രസംഗങ്ങൾ എഴുതപ്പെടാൻ ഇടയാവട്ടെ എന്നാശംസിക്കുന്നു!

[കത്തോലിക്കാസഭയുടെ പഠിപ്പിക്കലുകളേയും കോട്ടയം സഭയുടെ ഉത്ഭവം, ഉദ്ദേശങ്ങൾ, പഠിപ്പിക്കലുകൾ ഇവയേയും സംബന്ധിച്ച് തുറന്ന മനസ്സോടുകൂടെ വിശദമായി ചർച്ചചെയ്യുന്നതിനു് മി. എൻ. എം. ഏബ്രഹാമിനെ ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു. എൻെറ ലേഖനങ്ങൾ ചർച്ചവിക്കിലിയിൽ പ്രസിദ്ധപ്പെടുത്താൻ സൗകര്യമില്ലെങ്കിൽസത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊള്ളാം. ലേഖനങ്ങൾ എഴുതുന്നതിനു മി. ഏബ്രഹാമിനു സമ്മതമില്ലെങ്കിൽ കത്തുകൾമുഖേന വാദപ്രതിവാദം നടത്തുകയും അവ പിന്നീടു പ്രസിദ്ധപ്പെടുത്തുകയും ചെയ്യാം.]

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# സോവ്യററു് റഷ്യയിലെ പാർപ്പിടക്ഷാമം

(നിരീക്ഷകൻ)

സോവ്യററു റഷ്യയിൽ കമ്മ്യൂണിസംപ്രാബല്യത്തിൽ വന്നതോടൊപ്പം അവിടത്തെ എല്ലാ ജീവിതസൗകര്യങ്ങളും വർദ്ധിച്ചിട്ടുണ്ടെന്നും, ഇന്നു ലോകത്തിലെ മററു രാജ്യങ്ങളെ അപേക്ഷിച്ച് അതു വളരെയധികംപുരോഗമിച്ചുകഴിഞ്ഞിരിക്കുന്നു എന്നുമാണല്ലോ വെപ്പ്. ലോകത്തെ "ഭൗമികപറുദീസാ"യാക്കുകഎന്നതാണ്കമ്മ്യൂണിസത്തിൻെറ പ്രഖ്യാപിതലക്ഷ്യം. റഷ്യയിൽഇങ്ങനെയെ.ക്കെയാണെന്നാണ് കമ്മ്യൂണിസത്തിൻെറ ആരാധകന്മാർകൊട്ടിഘോഷിക്കുന്നതും. പക്ഷെ യഥാർത്ഥത്തിൽ അവിടത്തെ സ്ഥിതിയെന്താണ്? മനുഷ്യൻെറ പ്രാഥമിക ആവശ്യങ്ങളിൽ പ്രധാനമായ ഒന്നാണ് അവനു താമസിക്കാൻ സുഖസൗകര്യങ്ങളുള്ള ഒരു വീടുണ്ടായിരിക്കുക എന്നതു്. സോവ്യററ്റഷ്യയിൽ ഭവനപ്രശ്നം എങ്ങിനെ നില്ക്കുന്നുഎന്നു നോക്കുന്നതു രസാവഹമാണ്.

റഷ്യയുടെ ഔദ്യോഗികപ്രസിദ്ധീകരണങ്ങളിൽ കാണുന്നചില കണക്കുകൾ തന്നെ ആദ്യമായി ഉദ്ധരിക്കാം. 1938-ൽ മോസ്കോയിൽ പ്രസിദ്ധപ്പെടുത്തിയ ടെക്നിക്കൽ എൻസൈക്ലോപ്പീഡിയാ 8-ാംവാല്യത്തിൽ 44-ാംപേജിൽ അവിടത്തെ വാസസ്ഥലങ്ങളെപ്പററിപറയുന്നുണ്ട്. പ്രായപൂത്തിയായ ഒരാൾക്കു ലഭിക്കുന്ന വാസസ്ഥലത്തിൻെറ വിസ്തീർണ്ണം 12ചതുരശ്രമീററ റാണ്; രണ്ടു പേക്കാണെങ്കിൽ 18-ം, പ്രായപൂത്തിയായ രണ്ടു പേക്കും 8വയസ്സിൽ താഴെയുള്ള രണ്ടു കുട്ടികൾക്കുംകൂടി 30-ം ചതുരശ്രമീററർ സ്ഥലമാണുള്ളതു്. അതായതു് ഒരുകുടുംബത്തിൽ പ്രായപൂത്തിയായവക്കു ശരാശരി 9-ം കുട്ടികൾക്കു ശരാശരി 6-ം ചതുരശ്രമീററർസ്ഥലമേയുള്ളു. എത്ര പരിമിതവും പരിതാപകരവുമായവാസസൗകര്യമാണ് ഭൗമ്യപറുദീസായെന്നു പറയുന്ന സോവ്യററുറഷ്യയിൽ ഉള്ളതെന്നു നോക്കുക! അത്യുഗ്രമായ ബോമ്പാക്രമണംമൂലം നിലംപരിശാക്കപ്പെട്ട പശ്ചിമജമ്മനിയിൽപോലും 1954-ലെ കണക്കനുസരിച്ചു രണ്ടുപ്രായപൂത്തിയായവരും രണ്ടു കുട്ടികളുമുള്ള ഒരു കുടുംബത്തിനു ശരാശരി മുപ്പതര ചതുരശ്രമീററർ സ്ഥലമുണ്ടായിരുന്നു. റഷ്യയിലെനഗരങ്ങളിലും പട്ടണങ്ങളിലും ഓരോ കൊല്ലത്തിലുമുണ്ടായിരുന്ന ജനസംഖ്യയേയും വാസസ്ഥലത്തിൻെറ വിസ്തീർണ്ണത്തേയും, അതിൻെറശതമാനത്തേയുംപട്ടികയാക്കിക്കാണിക്കുന്നഒരു കണക്കു 1956-ലെ നാഷണൽ എക്കോണൊമി ഓഫ് യു എസ് എസ്. ആർ. (NARODNOE KHOZY AISTVO SSR) നൽകിയിട്ടുണ്ട്. അതിൽ ഇപ്രകാരമാണ് കാണുന്നതു്:-

| | ജനസംഖ്യ | വാസസ്ഥലം | ശരാശരി |
|---|---|---|---|
| 1913-ൽ | 281 ലക്ഷം | 1800 ലക്ഷം ച.മീററർ | ച: മീ. 6.4 |
| 1926 | 263 " | 2160 " | " 8. |
| 1940 | 606 " | 4210 " | " 7. |
| 1950 | 800 " | 5130 " | " 6.4 |
| 1956 | 870 " | 6400 | " 7.4 |

ഈ പട്ടികയിൽനിന്നും സോവ്യററുയൂണിയനിലെ വാസസ്ഥലസൗകര്യം എത്രമാത്രം അനഭിലഷണീയമാണെന്നു മാത്രമല്ല, അക്കാര്യത്തിൽ ഉദ്ദേശംഅരശതാബ്ദക്കാലമായിട്ടും കാര്യമായ ഒരുപുരോഗതിയുണ്ടായിട്ടില്ലെന്നും പ്രത്യക്ഷമാകുന്നു. ലജ്ജാവഹമായ;ഈഅധോഗതിയെ മറയ്ക്കുന്നതിനു ദിലാർജ് സോവ്യററുഎൻസൈക്ലോപീഡിയാ മുതലായ മററു ചില ഗ്രന്ഥങ്ങൾ സംഖ്യകളെകണ്ടമാനം വ്യത്യാസപ്പെടുത്തി പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽതന്നെ കൊടുത്തിട്ടുള്ള ചില സംഖ്യകൾ ഈ വഞ്ചനയെ വിളിച്ചറിയിക്കുന്നുണ്ട് എന്നുള്ളതും പ്രസ്താവ്യമാണ്. ഈ തെററുകളേയും പരസ്പരവൈരുദ്ധ്യങ്ങളേയും ചൂണ്ടിക്കാണിക്കുന്നവരോട് അവക്കു പറയാനുള്ള സമാധാനം വളരെവിചിത്രമാണ്. അതായതു്, റഷ്യയിൽ പണ്ടുമുതലേ വാസസ്ഥലത്തിൻെറ വിസ്തീർണ്ണം കണക്കാക്കുന്നതു് കെട്ടിടങ്ങളുടെ ആകെയുള്ള വിസ്തീർണ്ണം ഒന്നിച്ചു കൂട്ടിയാണത്രെ. അങ്ങനെ മനുഷ്യനു താമസത്തിനു എന്തുമാത്രം സ്ഥലമുണ്ടെന്നു ചോദിച്ചാൽ അവർ പറയുന്ന കണക്കിൽ ചുമരിരിക്കുന്ന സ്ഥലവും കുശിനിയും കുളിമുറിയും കക്കൂസും തൊഴുത്തും ചാരപ്പുരയും എല്ലാം പെടുമെന്നർത്ഥം. വാദത്തിൽ ഇങ്ങനെ ജയിക്കാമെങ്കിലും അവിടെയൊന്നും മനുഷ്യനു താമസിക്കുവാൻ സാദ്ധ്യമല്ലെന്നെങ്കിലും സമ്മതിച്ചേക്കുമല്ലോ.

സോവ്യററുറഷ്യയിൽ കമ്മ്യൂണിസ്റ്റ്പദ്ധതികളനുസരിച്ച് പുതിയ കെട്ടിടങ്ങൾ മുഴുവനും പണിയപ്പെടുന്നില്ലെന്നുള്ളതും, പഴയകെട്ടിടങ്ങളുടെ കേടുപോക്കലിൽ വളരെയധികം അപര്യാപ്തതകൾ വന്നുകൂടുന്നു എന്നുള്ളതും ഈ വിഷമസ്ഥിതിയെ വർദ്ധിപ്പിക്കുന്ന സാഹചര്യങ്ങളാണ്. കെട്ടിടനിർമ്മാണത്തിനുള്ള സാധനങ്ങളുടെ കുറവു ഇക്കാര്യത്തിൽ നികത്താൻ സാധിക്കാത്ത ഒരു ഗത്തമാണ്. 1957 ജൂൺ 10-ാം തീയതിയിലെ പ്രവദാപത്രം ഇങ്ങനെ പ്രസ്താവിക്കുന്നു: "കഴിഞ്ഞ കൊല്ലത്തിൽ നൊവൊസിബിർസ്ക്, റൊസ്റ്റോവ് ഓൺ ഡോൺ, റൊസ്റ്റോവ്, മൊളോട്ടോവ്, സറാട്ടോവ് മുതലായ പല സ്ഥാനങ്ങളിലും പദ്ധതിയനുസരിച്ച് വാസസ്ഥലനിർമ്മാണം സാദ്ധ്യമായില്ല. അവിടങ്ങളിൽ ഇക്കൊല്ലത്തെ കാര്യവും ആശാവഹമല്ല. ആദ്യത്തെ നാലുമാസങ്ങളിൽ അവിടങ്ങളിൽ 7 മുതൽ 12 ശതമാനംവരെ മാത്രമേ ഭവനങ്ങൾ നിർമ്മിക്കുവാൻ സാധിച്ചിട്ടുള്ളു."

കമ്മ്യൂണിസ്റ്റ് ഗവർമ്മെൻറിൻെറ ഈ നിസ്സഹായാവസ്ഥയിൽ വാസസ്ഥലമില്ലാതെ ക്ലേശിച്ചിരുന്ന തൊഴിലാളികൾ അവർക്കു സ്വയം വീടു പണിയുന്നതിനു സന്നദ്ധരായി മുന്നോട്ടുവന്നു. ഗോർക്കിയിലെ വ്യവസായകേന്ദ്രത്തിലെ തൊഴിലാളികൾ അതിനു നേതൃത്വംനൽകി. അവർതന്നെ ഭവനനിർമ്മാണസംഘങ്ങൾ രൂപവല്ക്കരിച്ചു. ട്രേഡ്യൂണിയനുകളും പാർട്ടിസംഘടനകളും അതിനു പ്രചോദനം നൽകിക്കൊണ്ടിരുന്നു. പക്ഷെ പാവപ്പെട്ട തൊഴിലാളികൾക്കു യാതൊരു സഹായവും ചെയ്തിരുന്നില്ല എന്നു മാത്രമല്ല, അവരെ നിരുത്സാഹപ്പെടുത്തുന്ന പലേ നിബന്ധനകളും ഗവമ്മൻറ് അവരുടെമേൽ ചുമത്തുകയുംചെയ്തു. ഭവനനിർമ്മാണത്തിനുവേണ്ട സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന വ്യവസായങ്ങളിൽ ഇതിനുവേണ്ടി അവർ കൂടുതൽസമയം ജോലിചെയ്തു സാധനങ്ങളുണ്ടാക്കണം; പൊതുഭവനനിർമ്മാണത്തിൻെറ മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ നിർദ്ദേശമനുസരിച്ച് ചെറിയ മുറികളായി അവർ വീടുകൾ പണുതുകൊള്ളണം; നിർമ്മാണച്ചിലവിലേക്കുള്ള പണം അവർതന്നെ ഓരോ ഫണ്ടുകളിൽനിന്നെടുക്കുകയോ തൊഴിൽസംഘടനകൾ തമ്മിലുള്ള ..സരങ്ങൾവച്ചു പിരിവുണ്ടാക്കിയെടുക്കുകയോ ചെയ്യണം. പ്രവദാപത്രം മേലുദ്ധരിച്ച ലക്കത്തിൽതന്നെ ഈ സ്ഥിതിഗതികൾ വിവരിച്ചിട്ടുണ്ട്.



അങ്ങനെ തൊഴിലാളികൾ വീട്ടുണ്ടാക്കുന്നതിനായി അവരുടെ വിശ്രമസമയം ചിലവഴിച്ചു കൂടുതൽ ജോലിചെയ്തു സാധനങ്ങളുണ്ടാക്കുകയും, അവർക്കു ന്യായമായി കിട്ടേണ്ട ബോണസ് മുതലായ അവകാശങ്ങളെ ത്യജിച്ച് പണമുണ്ടാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. പക്ഷെ അതല്ല കഷ്ടം! ഇങ്ങനെ തൊഴിലാളികൾ കഷ്ടപ്പെട്ടു പണമുണ്ടാക്കുന്ന വീടുകൾ ആർക്കാണുപയോഗത്തിനു കൊടുക്കേണ്ടതെന്നു നിശ്ചയിക്കുന്നത് സിററിസോവ്യററ് എക്സിക്യൂട്ടീവ് കമ്മിററിയാണ്. തൊഴിലാളിക്കു വീടു പണിയാനല്ലാതെ അതിൽ താമസിക്കാൻ സാധിക്കയില്ലെന്നു സാരം. ഉദാഹരണമായി കീവ് മുതലായ നഗരങ്ങളിൽ ഇപ്രകാരം തൊഴിലാളികൾ പണിത നല്ല വീടുകളാണ് ഉദ്യോഗസ്ഥമേധാവികൾ സുഖമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഇതാണ് സോവ്യററുരഷ്യയിലെ ഭവനനിർമ്മാണത്തേയും ജീവിതസ്ഥലസൗകര്യത്തേയും സംബന്ധിച്ച നിലപാട്. എങ്കിലും അതു ഭൗമികപറുദീസായാണത്രെ!

(10-ാംപേജ് തുടർച്ച)

മതം ജാതീയമനോഭാവം വച്ചുപുലർത്തുകയെന്നതു സാദ്ധ്യമല്ലല്ലോ

ക്രിസ്തു സ്ഥാപിച്ച മതം, കാലത്തിലും വ്യാപ്തിയിലും, സാർവ്വത്രികം അഥവാ കത്തോലിക്ക ആയിരിക്കുന്നു. എല്ലാ കാലങ്ങളിലും സ്ഥലങ്ങളിലും എല്ലാ യുഗങ്ങളിലും സ്ഥിതികളിലുമുള്ള വിശ്വാസികൾ ഉൾപ്പെട്ടിരിക്കുന്നതുകൊണ്ടും, ലോകത്തിലുള്ള സകല ജാതിക്കാരും അതിൻെറ അംഗമായിരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നതുകൊണ്ടും ആണ് ആ മതത്തെ കത്തോലിക്ക എന്നു പറയുന്നത്. "നാം തന്നെയും യൂദന്മാരാകട്ടെ, പുറജാതികളാകട്ടെ, അടിമകളാകട്ടെ, സ്വതന്ത്രരാകട്ടെ, എല്ലാവരും ഒരേ ആത്മാവിൽ ഏകശരീരമായിട്ടു സ്നാനം ഏല്ക്കുകയും നാമെല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്യുകയും ചെയ്തിരിക്കുന്നു" (I കോറി XII 13) എന്നാണ് വിശുദ്ധ പൗലോസ് സമർത്ഥിച്ചിരിക്കുന്നത്.

സുപ്രസിദ്ധ പണ്ഡിതനായ കാറൾ ആഡമിൻെറ വാക്കുകൾ ഈ ഘട്ടത്തിൽ സ്മർത്തവ്യമാണ്. "സഭ, മററു പലതിൻെറയും കൂടെ സ്ഥിതി ചെയ്യുന്ന ഒരു സമുദായമോ ഒരു സഭയോ ആയിരിക്കുന്നില്ല; മനുഷ്യരുടെ ഇടയിലുള്ള ഒരു സഭയും ആയിരിക്കുന്നില്ല; പ്രത്യുത മനുഷ്യരുടെ ഏകസഭ, മനുഷ്യവർഗ്ഗത്തിൻെറ ഏകസഭ ആയിരിക്കുന്നു. ഈ അവകാശവാദമാണ് അവളുടെ പ്രവർത്തനങ്ങൾക്കു അതിനു സ്വന്തമായ നിശ്ചിതത്വവും മഹത്വവും പ്രദാനം ചെയ്യുന്നത്." (The Spirit of Catholicism 146)

ആകയാൽ ക്രിസ്തു സ്ഥാപിച്ച മതം വർഗ്ഗീയമനോഭാവം കുത്തിവെക്കുന്നുവെന്നു പറയുന്നതു തീർത്തും നിരർത്ഥകമാകുന്നു. എന്നാൽ ക്രിസ്തു സ്ഥാപിച്ച സഭയിലെ അംഗങ്ങൾ ഓരോ ദേശത്തുമുള്ളവരാകയാൽ, അവർ തമ്മിൽ ഭിന്നത ഉണ്ടാകുന്നുവെങ്കിൽ അതു സഭയുടെ കുററംകൊണ്ടുണ്ടാകുന്നതല്ല. (സഭപ്രചരിക്കാത്ത സ്ഥലങ്ങളിലും വർഗ്ഗീയമനോഭാവവും ജാതീയമനോഭാവവും നിലവിലുണ്ടല്ലോ) സഭയുടെ സിദ്ധാന്തങ്ങളനുസരിച്ച് അതിലെ അംഗങ്ങൾ വ്യാപരിക്കുന്നില്ലെന്നു മാത്രമേ അതിനർത്ഥമുള്ളൂ. സഭയിലെ അംഗങ്ങൾ അതിൻെറ പഠനങ്ങളനുസരിച്ചു വ്യാപരിക്കാത്തതു സഭയുടേയൊ അതിൻെറ സ്ഥാപകൻേറയൊ കുററംകൊണ്ടല്ല.

# അമേരിക്കൻ വിദ്യാമന്ദിരത്തിലെ ബിരുദദാനനിർവ്വഹണം (GRADUATION)

(ഫാദർ എമ്മാനുവൽ പള്ളിക്കുന്നൻ എം. ഏ., ചിക്കാഗോ)

ചിക്കാഗോയിലെ സുപ്രസിദ്ധമായ ഡിപോൾ സർവ്വകലാശാലയിൽനിന്നു് ഏതാനും മാസങ്ങൾക്കുമുമ്പ് എം. എ. ബിരുദം സ്വീകരിച്ച അവസരം, ഒരു വൃദ്ധയായ മദാമ്മ, അനുമോദിക്കുന്നതിനായി എൻെറടുക്കൽവന്നു പറയുകയാണ്: "അച്ചാ, ഇതൊരു വലിയ ദിവസമാണ്; അല്ലേ? എൻെറ Graduation (ബിരുദസ്വീകരണ) ദിവസം ഇപ്പോഴും ഞാനോർക്കുന്നു; ഹാ! ആ മഹദ്ദിനം ഇങ്ങിനിവരാതവണ്ണം കടന്നുപോയി......"

ഞാനിടയ്ക്കുകയറി ചോദിച്ചു: "ഏതു സർവ്വകലാശാലയിൽനി



ലേഖകൻ

(അമേരിക്കയിൽ വൈദികർ ഔദ്യോഗിക കർമ്മാവസരങ്ങളിൽ മാത്രമേ ളോവ ധരിക്കാറുള്ളു. മററവസരങ്ങളിൽ വസ്ത്രധാരണത്തിൽ അവർക്കുള്ള വ്യത്യാസം അവർ റോമൻ കോളർ ധരിച്ചിരിക്കുമെന്നുള്ളതുമാത്രമാണ്)

ന്നാണ് ഭവതി ബിരുദം സ്വീകരിച്ചത്?"

"1887-ൽ Kindergarten-ൽ (കളരിപ്പള്ളിക്കൂടത്തിൽ) നിന്നാണച്ചാ."

മദാമ്മയുടെ ഉത്തരം എന്നെ വല്ലാതെ ചിരിപ്പിക്കതന്നെചെയ്തു. ഈ സംഭവം ഉദ്ധരിച്ചതു്, അമേരിക്കർ ബിരുദസ്വീകരണത്തിനു എന്തുമാത്രം പ്രാധാന്യം കല്പിക്കുന്നുവെന്നു കാണിക്കുവാനാണ്.

ഒരമേരിക്കൻെറ ജീവിതത്തിലെ പ്രധാനസംഭവങ്ങളിൽ ഒന്ന് അയാളുടെ ബിരുദസ്വീകരണദിനമാണ്. "ഗ്രാഡ്വേഷൻ" കുടിപ്പള്ളിക്കൂടത്തിൽനിന്നോ, മിഡിൽസ്കൂളിൽനിന്നോ, ഹൈസ്കൂളിൽനിന്നോ, കോളേജിൽനിന്നോ, സർവ്വകലാശാലയിൽനിന്നോ ആയിക്കൊള്ളട്ടെ, ആഘോഷങ്ങളെല്ലാം ഏതാണ്ടു് തുല്യപ്രധാനങ്ങളാണ്. ചിക്കാഗോയിൽ പല സ്കൂളുകളിലേയും "ഗ്രാഡ്വേഷൻ" ഞാൻ കാണുകയുണ്ടായി. എന്നെ ഏററം സമാകർഷിച്ചതു്, വിസ്മയിപ്പിച്ചതു്, കളരിപ്പള്ളിക്കൂടത്തിൽനിന്നു ബിരുദംനൽകുന്ന സമ്പ്രദായമാണ്. അഞ്ചും ആറും വയസ്സുള്ള പിഞ്ചുബാലികാബാലന്മാർ പ്രത്യേകഉടുപ്പും (Gown) തൊപ്പിയും (Cap) വച്ച് സ്കൂൾമാനേജരിൽനിന്നോ പ്രിൻസിപ്പാളിൽനിന്നോ ഡിപ്ലോമാ സ്വീകരിക്കുന്ന ആ രംഗം—ആ കൊച്ചുഗ്രാഡ്വേററുകളുടെ അപ്പോഴത്തെ ആ ഭാവം ഒന്നു കാണേണ്ടതുതന്നെയാണ്!

"ഗ്രാഡ്വേഷൻ" മിക്കവാറും ഉച്ചകഴിഞ്ഞൊരു ഞായറാഴ്ച ആയിരിക്കും. മാതാപിതാക്കൾ, സഹോദരിസഹോദരന്മാർ, ബന്ധുമിത്രങ്ങൾ ഇവരെല്ലാം പ്രസ്തുത ചടങ്ങുകളിൽ സംബന്ധിക്കും. എല്ലാവർക്കും നേരത്തെ ക്ഷണക്കത്തുകൾ അയച്ചിട്ടുണ്ടാവും. വിദ്യാർത്ഥിനീവിദ്യാർത്ഥികൾ പ്രത്യേകഉടുപ്പും തൊപ്പിയുംവച്ച് രണ്ടു ലൈനായി സ്കൂളിൽനിന്നു (കത്തോലിക്കാസ്കൂളുകളെങ്കിൽ) പള്ളിയിലേക്കോ അല്ലെങ്കിൽ ബിരുദദാനഹാളിലേക്കോ പ്രദക്ഷിണമായി പോകുന്നു. ഗ്രാഡ്വേററുകൾ പള്ളിയിൽ നിശ്ചിതസ്ഥാനങ്ങളിൽ ഉപവിഷ്ടരാവും. പ്രദക്ഷിണവേളയിൽ പ്രത്യേക ഗാനങ്ങൾ ആലപിച്ചുകൊണ്ടിരിക്കും. ദൈവാലയത്തിൽവച്ച് ഗ്രാഡ്വേററുചെയ്യുന്ന വിദ്യാർത്ഥിനീവിദ്യാർത്ഥികളോടായി നിയുക്തനായ വ്യക്തി ഒരു പ്രഭാഷണംനടത്തും. തദനന്തരം ഗ്രാഡ്വേററുചെയ്യാനുള്ളവരുടെ പേരുകൾ വായിക്കുന്നു. വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഓരോരുത്തരായിവന്നു് മാനേജരിൽനിന്നോ പ്രസിഡൻറിൽനിന്നോ "ഡിപ്ലോമാ" അങ്ങനെആഘോഷപൂർവ്വംസ്വീകരിക്കുന്നു, ഹസ്തദാനാനന്തരം. പിന്നീട് പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം. പ്രത്യേക ചില ഗാനാലാപങ്ങൾ. അവസാനം പ്രദക്ഷിണം പള്ളിയിൽ പ്രവേശിച്ച മാതിരി മടങ്ങുന്നു. പള്ളിയിൽനിന്നു പുറത്തിറങ്ങിയാൽ ഓരോ ഗ്രാഡ്വേററിനേയും അനുമോദിക്കുവാൻ ബന്ധപ്പെട്ടവർ തിങ്ങിക്കൂടുകയായി, സമ്മാനങ്ങൾ നൽകുകയായി. പൂച്ചെണ്ടുകൾ സമർപ്പിക്കുക, ഫോട്ടോകൾ എടുക്കുക, ഹസ്തദാനം ചെയ്യുക ഇങ്ങനെ ബഹളബഹളമാണൊരുമണിക്കൂർനേരത്തേക്കു്. പിന്നീടു ഭവനങ്ങളിലേക്കു തിരിക്കുകയായി. വീടുകളിൽ അന്നു വലിയ സദ്യയായിരിക്കുമെന്നു പറയേണ്ടതില്ല. എനിക്കു പല ക്ഷണങ്ങളും ലഭിച്ചിട്ടുണ്ട്. സ്വന്തപ്പെട്ടവരേയും ബന്ധുജനങ്ങളേയും പ്രത്യേകം ക്ഷണിക്കാതിരിക്കുകയില്ല. അഞ്ചു വയസ്സായ ഒരു കുഞ്ഞു് എഴുതാനും വായിക്കാനും അല്പം കണക്കുകൂട്ടാനുംമാത്രം ഒരു കൊല്ലത്തിനുള്ളിൽ പഠിച്ചു്, പിറേറക്കൊല്ലം കുടിപ്പള്ളിക്കൂടത്തിൽനിന്നു ഗ്രാഡ്വേററുചെയ്താലും ഈ ആഘോഷങ്ങളെല്ലാമുണ്ടാവും. ആ വൃദ്ധയായ സ്ത്രീ പറഞ്ഞതുപോലെ "അതൊരു വലിയദിവസമാണ്."

ഭാരതീയസമ്പ്രദായങ്ങളിൽനിന്നു വിഭിന്നങ്ങളായ പലതും അമേരിക്കരുടെ ജീവിതത്തിൻെറ വിവിധതുറകളിലും ദർശിക്കുവാൻ കഴിയും. പലതും നമുക്കു പുത്തരിയും അത്ഭുതാവഹങ്ങളും അപ്രായോഗികങ്ങളുമായി തോന്നിയേക്കാം. ഒരു രാജ്യത്തിലെ എല്ലാ സമ്പ്രദായങ്ങളും അതേപടി മറെറാരുദേശത്തിലേക്കു പകർത്തുക ദുസ്സാദ്ധ്യമാണ്. ഇതിനു ഒരു പ്രത്യേകരാജ്യത്തിൻെറ ചരിത്രം, പാരമ്പര്യം, ആചാരങ്ങൾ, പശ്ചാത്തലം എന്നിവ വിലങ്ങടിച്ചുനില്ക്കും. എന്നാൽ ഏതൊരു രാജ്യത്തിലേയും രാഷ്ട്രീയമോ ദേശീയമോ സാമൂഹികമോ വിദ്യാഭ്യാസപരമോ മതപരമോ ആയ ആചാരങ്ങളിൽ ദൃശ്യമാകുന്ന "നല്ല വശങ്ങൾ" മറെറാരു രാജ്യത്തിൻെറ പാരമ്പര്യത്തിനും ആചാരമര്യാദകൾക്കും ഹാനികരമല്ലെങ്കിൽ അവ സ്വീകരിക്കുന്നതു് ഏതൽരാജ്യത്തിൻെറ സംസ്കാരവർദ്ധനവിനും പൊതുനന്മയ്ക്കും ഉപകാരയോഗ്യങ്ങളാവാതിരിക്കയില്ല.


നമ്മുടെ നാട്ടിൽ എലിമെൻററിസ്കൂളിൽനിന്നോ സെക്കണ്ടറിസ്കൂളിൽനിന്നോ ഒരു വിദ്യാർത്ഥി ഗ്രാഡ്വേററുചെയ്യുന്നതു മാതാപിതാക്കന്മാർതന്നെ ശരിക്കു അറിയുന്നുണ്ടോയെന്നു സന്ദേഹിക്കേണ്ടിയിരിക്കുന്നു. അതിനാരും യാതൊരു പ്രാധാന്യവും നൽകാറില്ല. ഹൈസ്കൂൾഗ്രാഡ്വേഷൻ സംബന്ധിച്ച് വിജയികളുടെ നമ്പരുകൾ പത്രങ്ങളിൽ പ്രസിദ്ധമാക്കും പിന്നീട് സൗകര്യംപോലെ അതതുസ്കൂളിലെ വിദ്യാർത്ഥിനീവിദ്യാർത്ഥികൾ ഹെഡ്മാസ്റ്ററിൽനിന്നു സർട്ടിഫിക്കററ് രഹസ്യമായി വാങ്ങിച്ച്, അങ്ങനെ വിദ്യാലയത്തോടു സലാംപറഞ്ഞു പിരിയും. ഗ്രാഡ്വേഷനും അവസാനിച്ചു. വാസ്തവത്തിൽ എട്ടോ പന്ത്രണ്ടോകൊല്ലം ബുദ്ധിമുട്ടി പഠിച്ച ഒരു വിദ്യാർത്ഥിക്ക്—ഒരു വിദ്യാർത്ഥിനിക്ക്—തൻെറ പഠനം പര്യവസാനിക്കുന്ന, വിജയമകുടം ചാർത്തുന്ന അവസരത്തിൽ സാഭിമാനം, സാഘോഷം തൻെറ ഡിപ്ലോമാ സ്വീകരിക്കുവാൻ ഒരവകാശമുണ്ട്. എട്ടോ പന്ത്രണ്ടോ പതിനെട്ടോകൊല്ലം ഫീസ്, പുസ്തകങ്ങൾ, വസ്ത്രം എന്നിങ്ങനെ പലതിനുമായി വളരെ പണം വ്യയംചെയ്തു, ത്യാഗങ്ങൾ സഹിച്ച മാതാപിതാക്കൾക്കു തങ്ങളുടെ സന്താനങ്ങളുടെ ബിരുദസ്വീകരണം ദർശിക്കുവാനും അതിൽ സന്തോഷിക്കുവാനുമൊരവകാശമുണ്ട്. പക്ഷെ ഇതിനുള്ള ഒരവസരം വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കോ അവരുടെ മാതാപിതാക്കൾക്കോ നൽകുന്നില്ലെങ്കിൽ!

അമേരിക്കയിലും മററു പല രാജ്യങ്ങളിലും നടത്തുന്ന ഈമാതിരി ആഘോഷമായ ഗ്രാഡ്വേഷൻ ചടങ്ങുകൾ വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ ഭാവിജീവിതത്തെ സാരതരമായി സ്പർശിക്കുന്നുണ്ട്. മനഃശാസ്ത്രപരമായി ഇതു ചെലുത്തുന്ന സ്വാധീനശക്തി അപാരമാണ്. പരസ്യമായി ഒരു ഡിപ്ലോമാ അഥവാ സമ്മാനം വാങ്ങുന്നതു ആരിലും സ്വാഭാവികമായി ഉത്തേജനവും ഉത്സാഹവും അഭിമാനവും കൈവരുത്തുന്നുണ്ട്. തങ്ങൾ എന്തോ വലിയ കാര്യം സാധിച്ചുവെന്നോ സാധിക്കുവാനിരിക്കുന്നുവെന്നോ ഉള്ള ചിന്ത അവരെ ഭാസുരഭാവിയിലേക്കു നിയന്ത്രിക്കാതിരിക്കയില്ല. പൊതുജീവിതത്തിലേക്കു കാലുവയ്ക്കുന്ന യുവജനങ്ങളെ, ജീവിതത്തിൻെറ പുതിയ തുറകളിലേക്കു കാലുവയ്ക്കുന്ന ഗ്രാഡ്വേററുകളെ, അല്പം അഭിമാനപൂർവ്വം, ആഘോഷപൂർവ്വം ഡിപ്ലോമാ കൊടുത്തയക്കുന്നതു സമുചിതമാണെന്നു പറയാവുന്നതല്ലേ?

—o—



എം. ഏ. ബിരുദംനേടി പുറത്തിറങ്ങിയ ഫാദർ പള്ളിക്കുന്നനെ ഡീപോൾ സർവ്വകലാശാലയിലെ പ്രൊഫസറന്മാരും സുഹൃത്തുക്കളും അനുമോദിക്കുന്നു. അദ്ദേഹത്തിൻെറ വലത്തുവശത്തു നിൽക്കുന്നതു് കലാലയത്തിലെ ഡീൻ, വെരി റവ. ഫാദർ കവിക്കിളി സി. എം. അവർകളാണ്.



ഇന്ത്യൻ വിദ്യാർത്ഥിവിദ്യാർത്ഥിനികൾ ഫാദർ പള്ളിക്കുന്നനെ അനുമോദിക്കുന്നു. ഇന്ത്യൻ വിദ്യാർത്ഥിവിദ്യാർത്ഥിനികളുടെ "മാതാവു്" എന്നറിയപ്പെടുന്ന മദാമ്മയാണ് അദ്ദേഹത്തിൻെറ വലതുഭാഗത്തു നിൽക്കുന്നതു്.

ക്രിസ്തു യഥാർത്ഥ ഇടയനാകുന്നു. യഥാർത്ഥ ഇടയൻെറ ലക്ഷണം ആടുകളെ സമഭാവനയോടുകൂടി വീക്ഷിക്കുകയും സംരക്ഷിക്കുകയുമാകുന്നു. ആടുകൾ ഇടയനെ അനുസരിക്കാതിരിക്കുകയോ, ഇടയൻെറ ആജ്ഞയ്ക്കു് എതിരായി വർത്തിക്കുകയോ ചെയ്യുന്നതുകൊണ്ടു യഥാർത്ഥ ഇടയൻ. യഥാർത്ഥഇടയനാകാതിരിക്കുകയില്ല.

# സത്യദീപം

പത്രാധിപന്മാർ

ഷവലീ റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. || 1957 AUGUST 28 || No. 3.


## വിദ്യാഭ്യാസബില്ലിനുവേണ്ടി കൊണ്ടുപിടിച്ച കള്ളപ്രചരണങ്ങൾ

കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് കേരളത്തിലെ പ്രൈവററ് വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം ചുളുവിൽ കൈയേറുന്നതിനും അവയെ കമ്മ്യൂണിസപാഠശാലകളാക്കി മാററി പാർട്ടിയുടെ അടിസ്ഥാനമുറപ്പിക്കുന്നതിനും തൊടുത്തുവിട്ട വിദ്യാഭ്യാസബില്ലാകുന്ന മാരകാസ്ത്രം ഉന്നംതെററി തിരിഞ്ഞുവന്നു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനെ തന്നെ ആഹുതിചെയ്യുമോ എന്നുള്ള ഒരാപൽഘട്ടം സംജാതമായിരിക്കുന്നു. പ്രൈവററുവിദ്യാലയങ്ങളിൽ അധികവും നടത്തിപ്പോരുന്ന കത്തോലിക്കരെ ഒററപ്പെടുത്താമെന്നും, ഇവിടെ വർഗ്ഗീയവിദ്വേഷം കുത്തിയിളക്കി സമുദായങ്ങളെ തമ്മിൽ ഭിന്നിപ്പിച്ച് കാര്യം കാണാമെന്നും ഒരുപക്ഷെ വിദ്യാഭ്യാസബില്ലിൻെറ ഉപജ്ഞാതാക്കൾ വ്യാമോഹിച്ചിരിക്കാം. പക്ഷെ കലക്കവെള്ളത്തിൽ മീൻപിടിക്കുന്ന ആ വിദ്യ ഇവിടെ വിലപ്പോയില്ല എന്നു ഇന്നത്തെ സ്ഥിതിഗതികൾ തെളിയിച്ചിരിക്കുന്നു. കമ്മ്യൂണിസ്റ്റ് പാർട്ടി നേതാക്കന്മാരിൽ ഒരു മരണവെപ്രാളമാണ് ഇപ്പോൾ ദൃശ്യമാകുന്നതു്. ഈ വെപ്രാളത്തിൽ കള്ളപ്രചരണങ്ങളാണ് അവസാനരക്ഷാമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളതെന്നു തോന്നുന്നു.

കേരളീയരുടെ ഇടയിൽ വളർന്നുവന്ന വർഗ്ഗീയമനോഭാവത്തിൻെറയും സമുദായങ്ങൾ തമ്മിലുണ്ടായിരുന്ന തൊഴുത്തിൽക്കുത്തുകളുടേയും ഫലമായി, ഒരനുകൂലനിമിഷത്തിൽ ഇവിടത്തെ അസംബ്ളിതിരിഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ഒരു നാമമാത്രഭൂരിപക്ഷം ലഭിക്കുവാനിടയായി. ഇതുതന്നെ തരമെന്നുവച്ച് ചില സ്വതന്ത്രമെമ്പറന്മാരുമായി മന്ത്രിക്കസേരകൾ പങ്കുവച്ച് അവർ ഭരണകൂടത്തിൽ കയറിപ്പററി. നാടാകെ കുഴപ്പവും വിപ്ലവവും കൊള്ളും ഉണ്ടാക്കിക്കൊണ്ടിരുന്ന ഈ പാർട്ടി ജനാധിപത്യമുറകളനുസരിച്ചും രാജ്യത്തെ ഒരരക്ഷിതാവസ്ഥയിലേക്കു നിപതിപ്പിക്കാതേയും ഭരിക്കുകയാണെങ്കിൽ കാച്ചുതുമഞ്ഞു നടക്കട്ടെയെന്നു ചിലകൂട്ടർ വിചാരിക്കാതിരുന്നുമില്ല. പക്ഷെ "അർത്ഥമില്ലാത്തവനർത്ഥമുണ്ടായാൽ, അർദ്ധരാത്രിയിൽ കുടപിടിക്കും" എന്നുള്ള ചൊല്ലുപോലെ അധികാരം കൈവന്നപ്പോൾ എന്തുമാകാമെന്നുള്ള അഹന്തയാണ് അവരിൽ പ്രകടമായതു്. കമ്മ്യൂണിസത്തെ ഇവിടെ കച്ചബന്ധം ചെയ്തുറപ്പിക്കുന്നതിനും, ഇന്ത്യയിൽ കമ്മ്യൂണിസ്റ്റ് മേധാവിത്വം സ്ഥാപിക്കുന്നതിനു് കേരളത്തെ അതിൻെറ കേന്ദ്രമാക്കിത്തീർക്കുന്നതിനുമാണ് ഒരു ദിവാസ്വപ്നത്തിൽ അവർ വ്യാമോഹിച്ചുപോയതെന്നുതോന്നുന്നു. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും ഇന്ത്യൻജനതയുടെ മുൻപന്തിയിൽനില്ക്കുന്ന കേരളീയർ ഈ നയതന്ത്രങ്ങളൊന്നും മനസ്സിലാക്കുകയില്ല എന്നവർ വിചാരിച്ചുവെങ്കിൽ അതബദ്ധമായിപ്പോയി.

സ്വതന്ത്രരാജ്യങ്ങളെ നിർജ്ജീവമാക്കി ഉപഗ്രഹരാജ്യങ്ങളെ സൃഷ്ടിക്കുന്ന മാസ്മരവിദ്യയിൽ പ്രവീണരായ കമ്മ്യൂണിസ്റ്റുകളുടെ വിപുലമായ പരിപാടിയിൽ ഒരു കരുനീക്കംമാത്രമാണ് വിദ്യാഭ്യാസം കൈയടക്കൽ. കേരളത്തിലെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറും ആ കരുവിനുതന്നെയാണ് കൈവച്ചതു്. പക്ഷെ ജനാധിപത്യതത്വങ്ങളെ അങ്ങേയററം ബഹുമാനിക്കുന്ന കേരളജനത അതിൻെറ ലക്ഷ്യം മനസ്സിലാക്കി. ഇതാണ് ഇവിടത്തെ വിദ്യാഭ്യാസബില്ലും അതിനെതിരെ ആർത്തിരമ്പി പതഞ്ഞുപൊങ്ങുന്ന ഇവിടത്തെ ജനകീയപ്രക്ഷോഭണവും. അതിൻെറ ഉത്തരവാദിത്വം മുഴുവനും കത്തോലിക്കരുടെ മേലോ അവരുടെ അഭിവന്ദ്യ വൈദികാദ്ധ്യക്ഷന്മാരുടെമേലോ കെട്ടിവയ്ക്കാൻ സാഹസപ്പെട്ടതുകൊണ്ടൊന്നും ഈ പൊതുജനപ്രക്ഷോഭണപ്രവാഹത്തിൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കു നിലകിട്ടാൻപോകുന്നില്ല. ഇവിടത്തെ സമുദായങ്ങളേയോ പാർട്ടികളേയോ ഭിന്നിപ്പിച്ചു മുതലെടുക്കാമെന്നും വ്യാമോഹിക്കേണ്ട. കാരണം, നെല്ലും പതിരും തിരിച്ചറിയാവുന്ന പ്രബുദ്ധതയുള്ള ഒരു ജനതയാണിവിടെയുള്ളതു്. ഇവിടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾ നാളിതുവരെയുള്ള അവയുടെ സേവനങ്ങൾകൊണ്ടു് പൊതുജനങ്ങളുടെ കണ്ണു അത്രയ്ക്കു തുറന്നിട്ടുണ്ടു് എന്നു യഥാർത്ഥത്തിൽ അഭിമാനംകൊള്ളാവുന്നതാണ്. പ്രബുദ്ധമായ ഈ പ്രക്ഷോഭണത്തിനെതിരെ ആക്രന്ദനങ്ങൾ എവിടെനിന്നെങ്കിലും ഉയരുന്നുണ്ടെങ്കിൽ അത്രയും കൂപമണ്ഡൂകങ്ങൾ ഇനിയും ശേഷിച്ചിട്ടുണ്ടെന്നു മാത്രമേ അതിനർത്ഥമുള്ളു. അവയുടെ ആക്രന്ദനങ്ങളെ ഉച്ചഭാഷണംചെയ്യുന്നതിനു ചില പിന്തിരിപ്പൻ പത്രങ്ങളും വഴിപാടു നേന്നിറങ്ങിയിട്ടുണ്ടാകാം. പൊതുജനങ്ങൾ ഇതുകൊണ്ടൊന്നും വഴിപിഴയ്ക്കുവാനോ വഞ്ചിതരാകുവാനോ പോകുന്നില്ല. വസ്തുതകളെ ഇന്നത്തെ നിലപാടിൽ ഒന്നവലോകനം ചെയ്യുന്നതിനുവേണ്ടിമാത്രം ഇത്രയും കുറിച്ചതാണ്.

കമ്മ്യൂണിസ്റ്റ് നേതാക്കളെ ഒരു കാര്യം അനുസ്മരിപ്പിക്കുന്നതിനു ഇത്തരുണത്തിൽ ഞങ്ങളഭിലഷിക്കുന്നു. ജനതയുടെ മതവികാരങ്ങളെ സ്പർശിക്കുന്ന കാര്യങ്ങളിൽ അടിസ്ഥാനരഹിതമായ കള്ളപ്രചരണങ്ങൾ നടത്തുമ്പോൾ അതിരുകവിഞ്ഞുപോകാതിരിക്കുവാൻ അവരൊന്നു സൂക്ഷിച്ചാൽ നന്നു്. അല്ലാത്തപക്ഷം അസുഖകരങ്ങളായ അനാശാസ്യസംഭവങ്ങളിലേക്കു അതു നീങ്ങുക സ്വാഭാവികമാണ്. ഈശ്വരവിശ്വാസമോ മതബോധമോ ഇല്ലാത്ത കമ്മ്യൂണിസ്റ്റ്കാരോടു് ഇതെന്തിനു പറയുന്നു എന്നു വല്ലവരും സംശയിച്ചേക്കാം. ഞങ്ങൾക്കതറിയായ്കയില്ല. പക്ഷെ, കേരളീയസഹോദരങ്ങളായ അവരിൽ അവശേഷിക്കുന്ന മനുഷ്യത്വത്തെ ആദരിച്ചു പറയുകയാണ്, അസംബന്ധം പുലമ്പുന്നതിനതിരുവേണമെന്നു്. അതവർക്കു മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടിൻെറ ദുരുപദിഷ്ടവും വൈരനിര്യാതവുമായ നശീകരബില്ലിനെതിരായി വമ്പിച്ച ജാഥാകളും പ്രകടനങ്ങളും സമ്മേളനങ്ങളും കേരളത്തിൻെറ അങ്ങേ അററം മുതൽ ഇങ്ങേ അററംവരെ ഇടതടവില്ലാതെ നടന്നുകൊണ്ടിരിക്കുന്നതു് വെറും പ്രഹസനമാണെന്നവർ പറഞ്ഞുകൊള്ളട്ടെ; കേരളത്തിലും പുറത്തുമുള്ള തികഞ്ഞ രാഷ്ട്രീയപ്രബുദ്ധരായ വാശികൾ ജനലക്ഷങ്ങളെ അഭിമുഖീകരിച്ചു ബില്ലിൻെറ കഥയില്ലായ്മയേയും കൗശലപ്രയോഗങ്ങളേയുംപററി പ്രതിപാദിക്കുമ്പോൾ അതെല്ലാം വിലപ്പെട്ടത്ത ഗ്രാമഫോൺ പ്ലേററുകളാണെന്നു പ്രഖ്യാപിച്ചുകൊള്ളട്ടെ; കേരളീയജനത ജാതിമതഭേദമെന്യേ പാർട്ടിചിന്തകൾക്കും അഭിമതങ്ങൾക്കും അതീതമായി ആദർശസമ്പന്നമായ ഐക്യമുന്നണിയായി ഒന്നുചേർന്നു മുന്നേറുമ്പോൾ അതു വെറും പടമാണെന്നോ പണത്തിനുവേണ്ടി ചെയ്യുന്ന അഭ്യാസപ്പരിപ്പണിയാണെന്നോ അവർ ആക്ഷേപിച്ചുകൊള്ളട്ടെ. അതവരുടെ ആവശ്യമാണ്. കണ്ണുള്ളവരെല്ലാം, ചെവിയുള്ളവരെല്ലാം, ബുദ്ധിയുള്ളവരെല്ലാം വസ്തുതകൾ വേണ്ടതരത്തിൽ മനസ്സിലാക്കിക്കൊള്ളും. അതുപോലെതന്നെ അക്രമപ്രസക്തമായ ഒരു പാർട്ടി അതിൻെറ ഘടകങ്ങൾവഴി പടയൊരുക്കത്തിനു പടഹം മുഴക്കുകയോ, യോഗം കലക്കികളെ വിട്ടു് സമാധാനപരമായ പ്രതിഷേധപ്രകടനപരിപാടികളെ അലങ്കോലപ്പെടുത്തുകയോ, അച്ചടക്കത്തോടുകൂടി നടത്തപ്പെടുന്ന പ്രവർത്തനങ്ങളെ കടന്നാക്രമിച്ചു കൊലപാതകംവരെയുള്ള കൈയേററങ്ങൾ നടത്തുകയോ ചെയ്യുന്നതു്, "അന്ത്യം മാർഗ്ഗങ്ങളെ നീതീകരിക്കുന്നു" എന്നുള്ള അവരുടെ മാർക്സിയൻ സിദ്ധാന്തത്തിലെ നീതിശാസ്ത്രമനുസരിച്ചാണെന്നും എല്ലാവർക്കുമറിയാം. ഇതൊന്നും നല്ലതിനല്ലെന്നു പറയേണ്ട കടമ ഞങ്ങൾ നിർവ്വഹിക്കുന്നു എന്നു മാത്രമേയുള്ളു.

ഈയിടെയായി കത്തോലിക്കാമതാദ്ധ്യക്ഷന്മാരേയും വൈദികരേയും മതകാര്യങ്ങളേയും അപലപിക്കുന്നതിനുള്ള ഒരു ദൃഢവ്രതം കമ്മ്യൂണിസ്റ്റ് കക്ഷിയിലെ ഉന്നതതലങ്ങളിലിരിക്കുന്ന ചില കേരളീയനേതാക്കന്മാരിൽപോലും വളരെ രൂക്ഷമായിക്കാണുന്നു. അടുത്തദിവസം സഖാവു് എം.എൻ ഗോവിന്ദൻനായർ ഡൽഹിയിൽവച്ചു ഏതാദൃശമായ ഒരു ഹാലിളക്കം നടത്തിതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ടു്. ഇവിടെ വിദ്യാഭ്യാസബില്ലിനെതിരായി പ്രകോപനപരവും അക്രമാസക്തവുമായ നിലയിൽ കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാർ പ്രക്ഷോഭണം സംഘടിപ്പിച്ചിരിക്കുന്നു എന്നും, അതിൽ പങ്കെടുക്കുന്ന എല്ലാ കത്തോലിക്കർക്കും വൈദികന്മാർ പാപമോചനം വാഗ്ദാനംചെയ്യുന്നു എന്നും മററും സഖാവു പ്രസ്താവിച്ചതായിട്ടാണ് റിപ്പോർട്ടു്. ഈ റിപ്പോർട്ടു വാസ്തവമാണെങ്കിൽ അതു സഖാവിൻെറ ഏതോ ചിത്തഭ്രമമായിരിക്കാമെന്നു മാത്രമേ പറയുവാനുള്ളു; സമചിത്തതയുള്ളവർക്കു എങ്ങിനെ അതു പറയുവാൻ കഴിയും? ഒരുപക്ഷേ, ഇവിടത്തെ സ്ഥിതിഗതികളെപ്പററി അറിയാത്ത ഡൽഹിയിലുള്ള ആരെങ്കിലും അങ്ങിനെ ധരിക്കണമെങ്കിൽ ധരിച്ചുകൊള്ളട്ടെ എന്ന ഉദ്ദേശവും കണ്ടേക്കാം. ഏതായാലും അതിരുകടന്ന ഈ വ്യാജവ്യവസായം അപകടകരമാണെന്നു മാത്രമേ ഞങ്ങൾക്കു പറയുവാനുള്ളു. മതത്തേയും മതാദ്ധ്യക്ഷന്മാരേയുംപററി പരാമർശിക്കുമ്പോൾ ജനരോഷത്തെ ഇക്കിളിക്കൊള്ളിക്കുന്ന അപഹാസ്യമായ പച്ചക്കള്ളങ്ങൾ പറയാതിരുന്നാൽ കൊള്ളാം.

കേരളത്തിലെ വൈദികാദ്ധ്യക്ഷന്മാരെല്ലാം ഏകയോഗമായി വിദ്യാഭ്യാസബില്ക്കാര്യത്തിൽ അവർ സ്വീകരിച്ചിട്ടുള്ള നിലപാടെന്താണെന്നും അതിനുള്ള കാരണങ്ങൾ ഏതെല്ലാമാണെന്നും ആരംഭത്തിൽതന്നെ സംയുക്തപ്രസ്താവനകൾമൂലം സംശയരഹിതമായി പ്രഖ്യാപിച്ചിട്ടുണ്ടു്. അതനുസരിച്ചുള്ള നിവേദനങ്ങളും മെമ്മോറാണ്ഡങ്ങളും കേരളഗവമ്മെൻറിനും കേന്ദ്രഗവമ്മെൻറിനും നൽകിയിട്ടുള്ളതുമാണ്. പൊതുജനങ്ങൾക്കും ഈ വസ്തുത തെളിവായി അറിയാവുന്നതത്രെ. അതുകൊണ്ടു് അക്കാര്യം പൊതുജനങ്ങളെ മനസ്സിലാക്കുന്നതിനു ഒരു എം. എൻ്റേറയോ പൊളിററ്ബ്യൂറോയുടേയോ വ്യാഖ്യാനമൊന്നും ആവശ്യമില്ല. വിദ്യാഭ്യാസവിഷയത്തിൽ കത്തോലിക്കാസഭയുടെ ആദർശമെന്താണെന്നും, മതാദ്ധ്യക്ഷന്മാരുടെ നിലപാടെന്താണെന്നും, കത്തോലിക്കർ സ്വീകരിക്കേണ്ട നയപരിപാടികൾ എന്തൊക്കെയാണെന്നും ഉള്ളതു്, എം. എൻ. നായരെപ്പോലുള്ളവർ മനസ്സിലാക്കിവച്ചിരിക്കുന്ന ഒരു പാർട്ടിരഹസ്യമൊന്നുമല്ല. മഹത്തായ ചില ആദർശങ്ങൾക്കുവേണ്ടി പരസ്യമായി പ്രഖ്യാപിച്ചിട്ടുള്ള സിദ്ധാന്തങ്ങൾക്കനുസരിച്ചുമാത്രമാണ് കത്തോലിക്കർ നിലകൊള്ളുന്നതു്. കള്ളപ്രചരണങ്ങൾകൊണ്ടോ പൊള്ള വാഗ്ദാനങ്ങൾകൊണ്ടോ, ഭള്ളുകൊണ്ടോ അടിയുറച്ച വിശ്വാസമുള്ള ഒററക്കത്തോലിക്കനെപ്പോലും അതിൽനിന്നു വ്യതിചലിപ്പിക്കുവാൻ ആർക്കും സാധിക്കുന്നതുമല്ല. വൃദ്ധനും വൃദ്ധയും, യുവാവും യുവതിയും, ബാലനും ബാലികയും നിശ്ചയദാർഢ്യത്തോടുകൂടി അണിയണിയായി മുന്നോട്ടുപോകുന്നതു കാണുമ്പോൾ ചില സഖാക്കൾക്കത്ഭുതംതോന്നുന്നുണ്ടാവാം. അതിനുള്ള പ്രചോദനം എന്താണെന്നു അവർക്കു മനസ്സിലാക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു് വഞ്ചനാപരമായ കള്ളത്തരങ്ങൾ പറഞ്ഞുപരത്തണമെന്നില്ലല്ലോ. ഈ അപവാദവ്യവസായം ഒന്നവസാനിപ്പിച്ചാൽ തരക്കേടില്ല എന്നാണ് സഹോദരബുദ്ധ്യാ ഞങ്ങൾ ഉൽബോധിപ്പിക്കുന്നതു്.

### പ്രസ്താവകക്കുറിപ്പുകൾ

## "വിദ്യാ: ബിൽ നിയമമായാൽ അതൊരു ശകനപ്പിഴയായിരിക്കും"

### ബോംബെ മേയറുടെ സന്ദേശം

ബോംബെയിലുള്ള ഹോളിപാൻ മാക്കാറിൽ, ബസ്സേയിനിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേധാവികളും മററു പ്രമുഖന്മാരായ പൗരപ്രമാണികളും ചേർന്നു വിളിച്ചുകൂട്ടിയ പൊതുജനസമ്മേളനം, ആഗസ്റ്റ് 11-ാം തീയതി ശ്രീ ആനന്ദ് ഹരിഗാമർ അവർകളുടെ അദ്ധ്യക്ഷതയിൽ കേരളവിദ്യാഭ്യാസബില്ലിനെ ശക്തിയായി പ്രതിഷേധിച്ചിരിക്കുന്നു. പ്രസ്തുത സമ്മേളനത്തിലേക്ക് ബോംബെമേയർ ശ്രീ എം. വി. ഡോണ്ടെ അയച്ചുകൊടുത്ത ഒരു സന്ദേശത്തിൽ വിദ്യാഭ്യാസബില്ലിനെ സംബന്ധിച്ച് ഇപ്രകാരമാണ് പ്രസ്താവിച്ചിട്ടുള്ളതു്: "ആലോചനയിലിരിക്കുന്ന കേരളവിദ്യാഭ്യാസബില്ലിൻെറ രൂപത്തിലുള്ള ഒരു നിയമം രാജ്യത്തിൻെറ നിയമകാണ്ഡത്തിൽ സ്ഥലംപിടിക്കുകയാണെങ്കിൽ അതു് രാജ്യത്തിലെ ബുദ്ധിപരമായ സ്വാതന്ത്ര്യത്തിൻെറ ഒരു ശകനപ്പിഴയായിരിക്കുന്നതാണ്. പാഠ്യപദ്ധതി നിർണ്ണയിക്കുന്നതിൽ മാത്രമല്ല, പ്രൈവററ് വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അദ്ധ്യാപകന്മാരെ നിയമിക്കുന്നതിലും നിയന്ത്രിക്കുന്നതിൽപോലും ഗവമ്മെൻറ് അധികാരം കൈയടക്കുന്നതുകൊണ്ടു് ബില്ലിൽ ജനാധിപത്യഭരണസ്വാതന്ത്ര്യത്തിൻെറ കണികപോലും അവശേഷിക്കുന്നില്ല. അതിൻെറ അർത്ഥം വ്യക്തിയുടെ മാനസികസ്വാതന്ത്ര്യത്തിന്മേൽ ജുഗുപ്സാവഹമായ ഒരു രാഷ്ട്രീയകൈകടത്തൽ നടത്തുന്നു എന്നാണ്. ജനാധിപത്യസോഷ്യലിസത്തിൻെറ ഇക്കാലത്തു യാതൊരു വിദ്യാഭ്യാസപ്രവർത്തനതല്പരനും അനുകൂലിക്കാത്ത രീതിയിലുള്ള മാനസികാടിമപ്പെടുത്തലിനു ഏററവും പററിയ ഒരു മാർഗ്ഗമായിരിക്കും അതു്. അതു വീണ്ടും ഒരടികൂടി മുന്നോട്ടുനീങ്ങും. അതുകൊണ്ടു് വിദ്യാഭ്യാസപ്രവർത്തകരെല്ലാം വിദ്യാഭ്യാസം സംബന്ധിച്ച എല്ലാം കാര്യങ്ങളിലും പരിപൂർണ്ണമായ സ്വാതന്ത്ര്യം സുരക്ഷിതമാക്കുന്നതിനും, വിദ്യാഭ്യാസപ്രവർത്തനം തുടർന്നുകൊണ്ടുപോകുന്നതിനു ന്യായമായ സാമ്പത്തികസഹായങ്ങൾ സ്റ്റേററ് ഖജനാവിൽനിന്നു ലഭിക്കുന്നതിനു അവർക്കുള്ള അവകാശങ്ങളെ ഉറപ്പിക്കുന്നതിനും ശ്രമിക്കണമെന്നാണ് എനിക്കു നിർദ്ദേശിക്കാനുള്ളതു്. നിർഭാഗ്യമെന്നു പറയട്ടെ, ത്യാഗമതികളായ വിദ്യാഭ്യാസപ്രവർത്തകസംഘടനകളുടേയും വ്യക്തികളുടേയും പരിശ്രമങ്ങളെ തടസ്സപ്പെടുത്തുന്നതിനുള്ള പ്രവണത ഇന്നു വളർന്നുവരുന്നതായി കാണുന്നു. നശീകരമായ ഈ പ്രവണതയെ പരാജയപ്പെടുത്തുന്നതിനു യഥാർത്ഥ ജനാധിപത്യത്തിൽ വിശ്വസിക്കുന്ന എല്ലാ ജനങ്ങളുടേയും അഭിപ്രായഗതിയെ ഒന്നിപ്പിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു! കേരളഗവമ്മെൻറിൻെറ പരിഗണനയിലിരിക്കുന്ന ഈ നിയമനിർമ്മാണസംരംഭത്തെ തികഞ്ഞ ആത്മാർത്ഥതയോടുകൂടി ഞാൻ പ്രതിഷേധിച്ചുകൊള്ളുന്നു." കേരളത്തിൽ മാത്രമല്ല ഇന്ത്യയുടെ വിവിധഭാഗങ്ങളിലും ജനാധിപത്യഭരണരീതിയെ ബഹുമാനിക്കുന്നവരും വിദ്യാഭ്യാസപ്രവർത്തനം സംബന്ധിച്ച് പരിപക്വാശയരുമായ മഹാന്മാരുടെ അഭിപ്രായങ്ങളുടെ ഒരു സാമ്പിൾ മാത്രമാണിതു്. ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറ് ഈ അഭിപ്രായഗതിയെ മാനിക്കുമെന്നു ഞങ്ങൾ വിചാരിക്കുന്നില്ല. എങ്കിലും കേരളത്തിലെ പൊതുജനങ്ങൾ കമ്മ്യൂണിസ്റ്റ് പ്രചാരണത്തട്ടിപ്പിൽ പെട്ടുപോകാതിരിക്കുവാൻ ഇതു സഹായകമാകട്ടെ എന്നു ഞങ്ങൾ അഭിലഷിക്കുന്നു.

x x x

## "ഭൂരിപക്ഷബലമാകുന്ന ഉരുക്കുറോളർ ഉപയോഗിക്കുന്നതപകടകരമാണ്"

### മി വി കെ കൃഷ്ണമേനോൻ

ഇന്ത്യയുടെ പ്രതിരോധവകുപ്പുമന്ത്രി മി. വി. കെ. കൃഷ്ണമേനോൻ തിരുവനന്തപുരം വൈ. ഡബ്ളിയു. സി. എ. യിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ, പ്രജാധിപത്യഭരണത്തിൽ അധികാരത്തിൽവരുന്ന പാർട്ടിഗവമ്മെൻറുകൾ ആദരിച്ചു പ്രവർത്തിക്കേണ്ട തത്വങ്ങൾ ശക്തിയുക്തം ഉൽബോധിപ്പിക്കുകയുണ്ടായി. ജനഹിതത്തെ അവഗണിച്ച് വിദ്യാഭ്യാസബില്ലുകാര്യത്തിൽ മക്കടമുഷ്ടിയോടുകൂടി വീറണ്ടോടുന്ന ഇവിടത്തെ കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനു കണക്കിനുകൊള്ളുന്ന ഒരു

പ്രദമായിരുന്നു അതെന്നു പറയാം. ജനാധിപത്യവ്യവസ്ഥിതിയിൽ പൊതുജനാഭിപ്രായത്തെ ഗവമ്മെൻറുകൾ മാനിക്കുകതന്നെ വേണമെന്നും, ഭൂരിപക്ഷമുണ്ടെന്നുള്ള കാരണത്താൽ മററുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കാതെ മുമ്പോട്ടുപോകുന്നവർ ആരായാലും അവർക്കു തിരിഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടിവരുമെന്നുള്ള വസ്തുത മനസ്സിലാക്കിയിരിക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം വ്യക്തമായി പ്രസ്താവിച്ചു. പ്രസ്താവനെ ഉദാഹരിച്ചുകൊണ്ടും വിശദീകരിച്ചുകൊണ്ടും അദ്ദേഹം പറഞ്ഞു: "ഉദാഹരണമായി ഞാൻ പാർലമെൻററിൽ ഒരു ബില്ലു കൊണ്ടുവരുന്നുവെന്നു വയ്ക്കുക. ആരു് എന്നു പറഞ്ഞാലും വേണ്ടില്ല. ഭൂരിപക്ഷബലമാകുന്ന ഉരുക്കുറോളർകൊണ്ടു് മററുള്ളവരുടെ അഭിപ്രായങ്ങളെല്ലാം തട്ടിനിക്കിക്കളയാമെന്നുവച്ചാൽ അതു അപകടകരമായിരിക്കും. ന്യായമായ വിട്ടുവീഴ്ചകൾക്കു് ഒരു ഗവമ്മെൻറു് എപ്പോഴും തയ്യാറായിരിക്കണം. അതിനുവേണ്ടിയാണു് ഒരു ബില്ലിനു പല ഘട്ടങ്ങളും വച്ചിട്ടുള്ളതു്. പൊതുജനാഭിപ്രായത്തെ മാനിക്കാത്തപക്ഷം വീണ്ടും തിരിഞ്ഞെടുപ്പിനെ അഭിമുഖീകരിക്കേണ്ടിവരും. ഗവമ്മെൻറിൻെറ പ്രവത്തനങ്ങളെ നിയന്ത്രിക്കുന്ന കടിഞ്ഞാണാണു് തിരിഞ്ഞെടുപ്പു്. നിയമപരിപാലനം പരാജയപ്പെടുക എന്നു വച്ചാൽ ജനാധിപത്യം പരാജയപ്പെട്ടു എന്നാണത്ഥം. ഗവമ്മെൻറിൻെറ സ്വാധീനം സ്വന്തം പാർട്ടിയുടെ കീശവീപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നതും ആപല്ക്കരമായിരിക്കും. ഞാൻ ഏതെങ്കിലും ഒരു ഗവമ്മെൻറിനെ പ്രത്യേകം പറയുകയല്ല. ഏങ്കിലും ആക്കു ഈ തൊപ്പി പാകമാകുന്നുവോ അവർ അതു ധരിച്ചുകൊള്ളട്ടെ." ഇന്നത്തെ കേരളകമ്മ്യൂണിസ്റ്റുഗവമ്മെൻറിനു ഈ തൊപ്പി നന്നായി ചേരുന്നുണ്ടെന്നു ഇവിടത്തെ അനുദിന സംഭവങ്ങളെ അറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു കുഞ്ഞിനുപോലും മനസ്സിലാക്കാൻ പ്രയാസമില്ല. കേരളത്തിൽ അങ്ങോളമിങ്ങോളം ജനകീയപ്രതിഷേധത്തിൻെറ അലയടിച്ചുമറിഞ്ഞുകൊണ്ടിരിക്കുന്ന വിദ്യാഭ്യാസബില്ലിൻെറ കാര്യത്തിൽപ്പോലും പൊതുജനാഭിപ്രായത്തെ മാനിക്കുവാൻ കൂട്ടാക്കാത്ത ഇവിടത്തെ ഭരണകൂടമാണോ ജനാധിപത്യാദർശത്തിൻെറ പേരിൽ ഭരണം നടത്തുന്നതെന്നു ഒരാത്മശോധന ചെയ്യുന്നതിനുള്ള അവസരമാണിതു്. സന്ദർഭോചിതമായി അതിനുള്ള നിർദ്ദേശം ഇത്ര വ്യക്തമായി ചൂണ്ടിക്കാണിച്ചുകൊടുത്ത കേന്ദ്രമന്ത്രി ശ്രീ കൃഷ്ണമേനോനെ എത്ര അഭിനന്ദിച്ചാലും അധികമാവുകയില്ല. പക്ഷെ നമ്മുടെ കമ്മ്യൂണിസ്റ്റുസക്കാർ ഇതൊരു സൊല്ലയായി കരുതുകയും അതിനോടു തിരെ അരോചകത്വം പ്രദശിപ്പിക്കുകയും ചെയ്താൽ നിവൃത്തിയില്ല അതു സംഭവിക്കാതിരിക്കട്ടെ എന്നു പ്രത്യാശിക്കാം.

—൦—

(1-ാംപേജു് തുടർച്ച)

സിദ്ധിക്കു ഉപയോഗിക്കുന്നവനു് ദൃഢമായ ശരണം ആവശ്യമാണു്.

സുഭഗസ്മരണാർഹനായ ഒമ്പതാംപീയൂസ് മാപ്പാപ്പ പച്ചോത്തരീയഭക്തിയെ രണ്ടുപ്രാവശ്യം അംഗീകരിച്ചിട്ടുള്ളതാണു്.

ഈ ഭക്തികൊണ്ടു് വളരെ വിസ്മയനീയങ്ങളായ മാനസാന്തരങ്ങളും അത്ഭുതാവഹങ്ങളായ രോഗശാന്തികളും അനുഭവപ്പെടുന്നുണ്ടു്. റോബെർട്ടു് മാക്ഡൊണാൾഡു് (Robert Macdonald) എന്ന ഒരു വൈദികനുണ്ടായ രോഗശാന്തി പ്രത്യേകം പ്രസ്താവ്യമാണു്.

വിമലഹൃദയഭക്തി അനുവാചകലീജിയർ പംക്തി

ആടെ ഹൃദയങ്ങളിൽ അങ്കുരിപ്പിക്കുന്നതിനാണു് അദ്ദേഹത്തിൻെറ അനുഭവത്തെ ഇവിടെ കുറിക്കുന്നതു്. നമുക്കു അദ്ദേഹത്തിൻെറ വാക്കുകളെ ശ്രവിക്കാം: "പെൻസിലിൻ ഉപയോഗത്തിൽ വരുന്നതിനു ഏഴുകൊല്ലംമുൻപു ഞാൻ നിമോണിയാ പിടിപെട്ടു് ഒരാസ്പത്രിയിൽ കിടക്കുകയായിരുന്നു. രോഗം അതിൻെറ മൂർദ്ധന്യത്തിൽ എത്തിയപ്പോൾ എൻെറ തലയിൽനിന്നു രക്തം ഒഴുകുവാൻ തുടങ്ങി. ഡോക്ടർമാർ അന്ത്യപരിശ്രമമായി എനിക്കു ഒരു ശസ്ത്രക്രിയ വേണമെന്നു നിശ്ചയിച്ചു. അവർ പോയയുടനെ ആസ്പത്രിയിലെ ഒരു ബ: സഹോദരി എൻെറ മുറിയിൽവന്നു് "അച്ചാ, അങ്ങേക്കു ദൈവജനനിയിൽ, പ്രത്യേകിച്ചു് അവിടത്തെ വിമലഹൃദയത്തിൽ ഉറച്ച വിശ്വാസമുണ്ടോ? എങ്കിൽ അങ്ങേക്കു സുഖംപ്രാപിക്കാം" എന്നു പറഞ്ഞു.

"എങ്ങനെ സഹോദരി?" ഞാൻ ചോദിച്ചു.

"പച്ചോത്തരീയത്തിൽ കൂടി" അവർ പ്രതിവചിച്ചു.

"അതെന്താണു്?" ഞാൻ അജ്ഞത രേഖപ്പെടുത്തി.

ആ സഹോദരി സ്വന്തം അനുഭവം പറയുവാൻതുടങ്ങി. "അച്ചാ, നാലുകൊല്ലംമുൻപു അർബുദ (Cancer) രോഗംകാരണം ഞാൻ ഒരു ശസ്ത്രക്രിയയ്ക്കു വിധേ



For favours received through the intercession of St. Joseph and the prayers of Sr. Alphonsa.
Aleykutty, Pattithanam

യയായി. ശസ്ത്രക്രിയയ്ക്കുശേഷവും രോഗം എല്ലായിടത്തും വ്യാപിച്ചിരുന്നതുകൊണ്ടു് രക്ഷയില്ലെന്നു അവർ വിധിയെഴുതി. മരണനാഴിക പ്രതീക്ഷിച്ചിരുന്ന ഞാൻ അവസാനമായി പച്ചോത്തരീയ നാഥയോടു രോഗശാന്തിക്കായി പ്രാത്ഥിച്ചു. ഫലമോ? മരണത്തിനു വിധിയെഴുതപ്പെട്ട ഞാൻ ഇന്നു ഈ ആസ്പത്രിയിൽ രോഗിശുശ്രൂഷയിൽ വ്യാപൃതയായിരിക്കുന്നു. അതേ അച്ചാ, ഞാൻ സുഖംപ്രാപിച്ചു. അങ്ങേക്കു് ഒരു പച്ചോത്തരീയം വേണമോ?"

"സഹോദരി, ഒരെണ്ണം എനിക്കു തരൂ" ഞാൻ പ്രതീക്ഷയോടെ ചോദിച്ചു. അപ്പോൾ ആ സഹോദരി ഒരു പച്ചോത്തരീയം എൻെറ കഴുത്തിൽ ധരിപ്പിച്ചു. ശക്തിയേറിയ വിശ്വാസത്തിൻെറ വികാരവീചികൾ എൻെറ ഹൃദയത്തിൽ അലയടിച്ചുയന്നു. അതോടുകൂടി രക്തസ്രാവവും നിലച്ചു. രണ്ടുദിവസം കഴിഞ്ഞു് "എക്സ്റെ"മുറിയിൽവച്ചു ഡോക്ടർമാർ എന്നോടു ചോദിച്ചു എന്നാണു് രക്തസ്രാവം നിന്നുപോയതെന്നു്.

"രണ്ടുദിവസംമുമ്പു്" ഞാൻ മറുപടികൊടുത്തു. അവർ അത്ഭുതസ്തബ്ധരായി. "നിങ്ങളുടെ സുഖക്കേടു ആറുമാസംമുൻപു മാറിയതുപോലെയിരിക്കുന്നു. രക്തം ഒഴുകിയിരുന്ന മുറിവിൻെറ അടയാളംപോലും കാണുന്നില്ല,"

ഇന്നു ഞാൻ പരിപൂർണ്ണ ആരോഗ്യവാനാണു്. വിമലഹൃദയത്തോടു് എനിക്കുള്ള കടപ്പാടു് രേഖപ്പെടുത്തുവാനായി ഞാൻ വിമലഹൃദയത്തിൻെറ പച്ചോത്തരീയഭക്തി പ്രചരിപ്പിക്കുകയെന്ന പ്രേഷിതവേലയിൽ വ്യാപൃതനാണു്."

ഈ വൈദികവരേണ്യൻെറ അനുഭവം നമ്മെ വിമലഹൃദയഭക്തിയിൽ മുന്നേറുവാൻ സഹായിക്കട്ടെ. അനാരോഗ്യത്തിലും ആപൽസന്ധിയിലും വിമലഹൃദയത്തിൻെറ പച്ചോത്തരീയം നമുക്കു താങ്ങും തണലുമായി ഭവിക്കട്ടെ.

## വീരബാലിക—ജീൻ ഹ്സിയാവൊ



LEGIO MARIAE

ജീൻ ഹ്സിയാവൊ, തന്നിഷ്ടക്കാരിയായ ഒരു ചൈനാക്കാരി. അവൾ തന്നെപ്പററിത്തന്നെ ഒരിക്കൽ പറയുകയുണ്ടായി: "ഞാൻ ഒരു കത്തോലിക്കയാണു്; ഞായറാഴ്ച തോറും ഞാൻ പള്ളിയിൽ പോകുന്നുണ്ടു്; ദിവസേന ഞാൻ പ്രാത്ഥനകൾ ചൊല്ലുന്നുണ്ടു്. പക്ഷേ, ഇതുവരെ തിരുസ്സഭയ്ക്കുവേണ്ടി ഒന്നുംതന്നെ ഞാൻ പ്രവത്തിച്ചിട്ടില്ല... വല്ലാത്തൊരു സ്വഭാവമാണു് എനിക്കുള്ളതു്. തന്മൂലം ഞാൻ വിവാഹം ചെയ്താൽ ഭത്താവിനു് ദുരിതമായിരിക്കും; ഞാൻ മഠത്തിൽ ചേന്നാൽ മഠത്തിനു് ദുരിതമായിരിക്കും."

അവൾ ബുദ്ധിശാലിയും സമർത്ഥയും ആയിരുന്നു. ചൈനയിലെ പെക്കിങ്ങ് സവ്വകലാശാലയിലാണു് വിദ്യാഭ്യാസം ചെയ്തതു്. 1948-ൽ പഠനംനിത്തിയ ശേഷം ലീജിയനിൽ ചേന്നു. പ്രേഷിതപ്രവത്തനത്തിനായി തൻെറ ജീവിതം വിനിയോഗിക്കുവാൻ അവൾ നിശ്ചയിച്ചു. ആരംഭദശയിൽ അവളുടെ ദുശ്ശാഠ്യപരമായ സ്വഭാവം ഇടയ്ക്കിടയ്ക്കു പ്രത്യക്ഷപ്പെട്ടിരുന്നു. തനിക്കു എല്ലാം അറിയാം എന്നൊരു ഭാവമായിരുന്നു അവൾക്കു്. എന്നാൽ സാവധാനത്തിൽ അവളുടെ സ്വഭാവം രൂപാന്തരം പ്രാപിച്ചു; യഥാർത്ഥ കത്തോലിക്കാ ചൈതന്യം അവളിൽ രൂഢമൂലമായി; വീരോചിതമായ ലീജിയൻചൈതന്യം അവളിൽ വികസിച്ചു.

അക്കാലത്തു് കമ്മ്യൂണിസ്റ്റു് മഞ്ചൂറിയായിൽ ലീജിയൻ സ്ഥാപിക്കുന്നതിനു് അവിടത്തെ മെത്രാന്മാർ ആഗ്രഹിച്ചു. അക്കാര്യത്തെപ്പററിയുള്ള പയ്യാലോചന വന്നപ്പോൾ ജീൻ മുന്നോട്ടുവന്നു: "അവിടെ പോകുവാൻ എന്നെ അനുവദിക്കുക" എന്നു അവൾ അഭ്യത്ഥിച്ചു. അനുവാദം അവൾക്കു നൽകപ്പെട്ടു.

ഒരു തൊഴിലാളിയുടെ വേഷത്തിലാണു് ജീൻ മഞ്ചൂറിയായിലേക്കു പോയതു്. അവൾക്കു നിദ്ദിഷ്ടമായിരുന്ന ജോലി പ്രയാസമേറിയതായിരുന്നു. നിരവധി വിഷമതകൾ അവൾ തരണംചെയ്യേണ്ടിയിരുന്നു. കമ്മ്യൂണിസ്റ്റുകാരുടെ ദൃഷ്ടിയിൽനിന്നും ഒളിഞ്ഞു ജീവിക്കണം; അതേസമയംതന്നെ തനിക്കു തീരെ അപരിചിതരായിരുന്ന വടക്കുള്ള കത്തോലിക്കരുടെ ഇടയിൽ തൻെറ ദൗത്യത്തെപ്പററി ബോദ്ധ്യമുളവാക്കണം. ഇതെല്ലാം അത്ര എളുപ്പമായിരുന്നില്ല. എങ്കിലും സ്ഥിരോത്സാഹത്തിൻെറയും നയവൈഭവത്തിൻെറയും പ്രാർത്ഥനയുടേയും ഫലമായി അവൾ വിജയംവരിച്ചു. ഏററം ചുരുങ്ങിയ സമയംകൊണ്ടു അഞ്ചു രൂപതകളിൽ ലീജിയൻ സംസ്ഥാപിതമാകുയും വികസിക്കയുംചെയ്തു.

ജീൻ സ്വദേശമായ ടിയൻറ്സീനിൽ മടങ്ങിയെത്തേണ്ട താമസം; ലീജിയൻപ്രചരണത്തിനായി തെക്കൻപ്രദേശങ്ങളിലേക്കു് അവൾ പുറപ്പെടുകയായി. അവിടത്തെ വിവിധ രൂപതകളിൽ അവൾ ചുററിസഞ്ചരിച്ചു. 100-ൽ പരം പ്രസിദിയങ്ങൾ അവിടെ സ്ഥാപിച്ചു.

"നീ ജയിലിൽ ചെന്നു അവസാനിക്കയുള്ളൂ" എന്നു ഒരു വിദേശവൈദികൻ അവളോടു പറഞ്ഞു ജീൻ ഉടനെ മറുപടിനൽകി: "അതെനിക്കറിയാം. എന്നാൽ നിങ്ങളെപ്പോലുള്ള യൂറോപ്യൻ വൈദികന്മാർ ചൈനാക്കാരായ ഞങ്ങളുടെ ആത്മരക്ഷയ്ക്കായി ജീവനെ അപകടത്തിലാക്കുന്നുണ്ടെങ്കിൽ, എന്തുകൊണ്ടു എൻെറ നാട്ടുകാരുടെ ആത്മരക്ഷയ്ക്കായി എൻെറ ജീവനെ അപകടത്തിലാക്കിക്കൂടാ?"

ബാലികമാക്കായി ജീൻ ഒരു കത്തോലിക്കാ ഹോസ്റ്റൽ നടത്തിയിരുന്നു. അവിടെ താമസിച്ചിരുന്ന ബാലികമാരോടു അവൾ ഈശോയേയും മറിയത്തേയും തിരുസഭയേയുംകുറിച്ചു മാത്രമേ സംസാരിച്ചിരുന്നുള്ളു. രാഷ്ട്രീയകാര്യത്തെപ്പററി ഒരു വാക്കുപോലും അവൾ ശബ്ദിച്ചിരുന്നില്ല; രാജ്യത്തിലെ കുഴപ്പങ്ങളെക്കുറിച്ചു യാതൊരുവക പരാമശനവും നടത്തിയില്ല; കമ്മ്യൂണിസ്റ്റു് സക്കാരിനെതിരായി ഒന്നും ഉരിയാടിയിരുന്നുമില്ല. എന്നാൽ തിരുസഭയ്ക്കെതിരായി എന്തെങ്കിലും സംഭവവികാസമുണ്ടാകുമ്പോൾ അവരുടെ വ്യക്തമായ ചുമതലയെന്താണെന്നു് അവൾ അവരെ ശരിയായി പഠിപ്പിച്ചിരുന്നു. "രാഷ്ട്രീയകാര്യങ്ങളെപ്പററി സംസാരിക്കരുതെന്നു ഞാൻ ദൃഢനിശ്ചയം ചെയ്തിരിക്കയാണു്. കാരണം, ഞാൻ അറസ്റ്റുചെയ്യപ്പെടുമ്പോൾ സക്കാരിനെതിരായ എൻെറ മനോഭാവം നിമിത്തമാണു് എന്നെ അറസ്റ്റു് ചെയ്തതെന്നു പറയുവാൻ അവക്കു സാധിക്കരുതെന്നു എനിക്കുറപ്പുവരുത്തണം. ഒരു ക്രിസ്ത്യാനിയായതുകൊണ്ടും ശുഷ്കാന്തിയുള്ള ഒരു ലീജിയനംഗം ആയതുകൊണ്ടും മാത്രം ജയിലിൽ അടയ്ക്കപ്പെടുവാൻ ഞാൻ ആഗ്രഹിക്കുന്നു." ഇതായിരുന്നു അവളുടെ മനോഗതി.

തൻെറ സംരക്ഷണയിലുള്ള ബാലികമാരോടു അവൾ പലപ്പോഴും പറയാറുണ്ടു്: "യാതനകളും ക്ലേശങ്ങളും നിങ്ങൾ അനുഭവിക്കേണ്ടിവരും. അതിനായി നിങ്ങൾ സദാ ഒരുങ്ങിക്കൊള്ളണം. സവ്വോപരി നിങ്ങൾ പ്രാത്ഥിക്കുക, തീക്ഷ്ണതാപൂവ്വം പ്രാത്ഥിക്കുക. നിങ്ങൾ അറസ്റ്റു് ചെയ്യപ്പെടുകയും ചോദ്യംചെയ്യപ്പെടുകയും ചെയ്യുമ്പോൾ എന്തു മറുപടി പറയണമെന്നു പരിശുദ്ധാത്മാവു നിങ്ങൾക്കു വെളിപ്പെടുത്തിത്തരും."

പ്രാത്ഥനയുടെ കാര്യത്തിൽ ജീൻ അവക്കു ഉത്തമമാതൃക നൽകിയിരുന്നു. അവൾ വളരെയധികം പ്രാത്ഥിച്ചിരുന്നു. ജപമാല ചൊല്ലുന്നതിൽ പ്രത്യേകതാല്പയ്യമാണു അവൾ പ്രദർശിപ്പിച്ചിരുന്നതു്. "ഈ പതിവു എൻെറ സുകൃതിനിയായ മാതാവിൽനിന്നു ലഭിച്ചതാണു്. അതൊരിക്കലും മറക്കരുതെന്നു അമ്മ എന്നോടു ഉപദേശിച്ചിട്ടുണ്ടു്. ആ ഉപദേശം ഞാൻ എന്നും പാലിച്ചിട്ടുമുണ്ടു്."

ഒഴിവുസമയമെല്ലാം മതകാര്യങ്ങൾ പഠിപ്പിക്കുന്നതിനു് അവൾ വിനിയോഗിച്ചിരുന്നു. അക്കാലത്തു ജീനുമായി പരിചയപ്പെട്ടിരുന്ന ഒരു മിഷനറിവൈദികൻ സമ്മതിക്കയുണ്ടായി, തനിക്കു മാനസാന്തരപ്പെടുത്തുവാൻ സാധിച്ചിരുന്നതിൽ കൂടുതൽ ആളുകളെ മാനസാന്തരപ്പെടുത്തുവാൻ അവൾക്കു സാധിച്ചിരുന്നുവെന്നു്.

1951-ൽ ചൈനയിലെ സ്ഥിതിഗതികൾ ഭയങ്കരമാംവണ്ണം വഷളായിത്തീന്നു. കത്തോലിക്കാ ഹോസ്റ്റൽ നിത്തിക്കളയുവാൻ അവൾ നിർബന്ധിതയായി. അപ്പോൾ തനിക്കുണ്ടായിരുന്നവയെല്ലാം സഹപ്രവത്തകക്കും കുട്ടികൾക്കുമായി അവൾ വിതിച്ചുകൊടുത്തു.

ജീനിൻെറ സുരക്ഷിതത്വത്തിനുവേണ്ടി അവളെ യൂറോപ്പിലേക്കയയ്ക്കുവാൻ ഒരാലോചന നടന്നു. അതറിഞ്ഞപ്പോൾ അവൾക്കു ചിരിയാണുണ്ടായതു്. അവളുടെ വേർപാടു അവിടത്തെ വിശ്വാസികളുടെയിടയിൽ ദോഷകരമായ ഫലം ഉളവാക്കുമെന്നു അവൾക്കറിയാമായിരുന്നു. "എൻെറ പരിശുദ്ധ അമ്മ അതിനു എന്നെ അനുവദിക്കയില്ല. അമ്മയെ ഞാൻ അനുസരിക്കണം. ആ അമ്മയുടെ സഹായം നമുക്കു അഭ്യത്ഥിക്കാം" എന്നായിരുന്നു അവളുടെ മറുപടി.

1952-ൽ ജീൻ അറസ്റ്റുചെയ്യപ്പെട്ടു. അപ്പോൾ അവൾ പറഞ്ഞു: "പരിശുദ്ധകന്യക വാഴ്ത്തപ്പെടട്ടെ. പരിശുദ്ധകന്യകയ്ക്കുവേണ്ടി വല്ലതും സഹിക്കുവാൻ എനിക്കിപ്പോൾ സാധിക്കുമല്ലോ." 1954 ഏപ്രിൽ 2-ാംതീയതി ജീൻ പത്തുവർഷത്തെ തടവുശിക്ഷയ്ക്കു വിധിക്കപ്പെട്ടു. ഒരു വിപ്ലവസംഘടനയായ ലീജിയൻ ഓഫ് മേരിയുടെ നേതൃത്വംവഹിച്ചു എന്നതായിരുന്നു അവളുടെ പേരിലുണ്ടായ ആരോപണം. അവൾ തൻെറ ചുരുങ്ങിയ ലീജിയൻജീവിതത്തിനിടയ്ക്കു 327 പ്രസീദിയങ്ങളാണു് സ്ഥാപിച്ചിട്ടുള്ളതു്.

ജീൻ ഇപ്പോൾ എവിടെയാണു്? രക്തസാക്ഷികിരീടം ഇതുവരെ അവൾക്കു ലഭിച്ചിട്ടില്ലെങ്കിൽ ഏതോ കമ്മ്യൂണിസ്റ്റു് ജയിലറയിൽ കിടന്നു ആ വീരബാലിക നരകിക്കുകയാണു്— ലീജിയനുവേണ്ടി രക്തം ചിന്താതുള്ള വേദസാക്ഷിത്വം അനുഭവിക്കുകയാണു്. അങ്ങനെ അവൾ ജയിലറയ്ക്കകത്താണെങ്കിൽ, ഈശോയും അങ്ങേ പരിശുദ്ധമാതാവും അവൾക്കു ആവശ്യമുള്ള ശക്തിയും ധൈയ്യവും പ്രദാനംചെയ്യുന്നതിനു നമുക്കു പ്രാർത്ഥിക്കാം. അഥവാ ജീൻ സ്വർഗ്ഗത്തിലാണെങ്കിൽ, ബലഹീനരായ നമുക്കു ആവശ്യമുള്ള ശക്തിയും ധൈയ്യവും അവൾ ലഭിച്ചുതരട്ടെ.

—൦—

## അടുത്തയാഴ്ചയിൽ

ആഗസ്റ്റ്
29 വ്യാ: യോഹന്നാൻ മാംദാനായുടെ ശിരച്ഛേദം
30 വെ: ലിമായിലെ വി. റോസ
31 ശ: വി. റയിമുന്തോസ്

സെപ്റ്റംബർ
1 ഞാ: പന്തക്കു. 12-ാംഞായർ
2 തി: വി. എസ്തപ്പാനോസ്
3 ചൊ: വി. ഫിലിപ്പ്നേരി
4 ബു: വി. ഫെലിക്സ്

## ഒരു ചരമം

എരനെല്ലൂർ: ഈ ഇടവകാംഗമായ പാലയൂർ ദേവസ്സി തോമ അവർകൾ 74-ാം മത്തെ വയസ്സിൽ ആഗസ്റ്റ് 7-ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞു് 3 മണിക്കു് കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു സംസ്കാരകമ്മങ്ങൾ പിറേറദിവസം യഥാവിധി നടത്തപ്പെട്ടു. പരേതൻ 60-ൽ പരം കൊല്ലത്തോളം ഈ പള്ളിയിൽ അൾത്താരശുശ്രൂഷകനായിരുന്നു.

R. I. P.

(12-ാംപേജ് തുടർച്ച)

അവളെ മുമ്പോട്ടു ദ്രുതം ചലിപ്പിച്ചു.

മോളി വീടിനെ സമീപിച്ചു. അവിടെയെല്ലാം ഒരു കനത്ത മൂകതയും, ശോകാത്മകത്വവും തങ്ങിനിന്നിരുന്നു. മോളി നേരെ അവൾ വിശ്രമിക്കുന്ന പ്ലാവിൻചുവട്ടിലേക്കു ചെന്നു. അവളുടെ അമ്മയും സഹോദരനും, ആ മരച്ചുവട്ടിൽ മുഖത്തോടുമുഖം നോക്കി നില്പുണ്ടായിരുന്നു. അവരുടെ മുഖത്തു് എന്തോ വിഷാദാത്മകത്വം പതറിപ്പതഞ്ഞുകൊണ്ടിരുന്നു.

മോളി, ആ പ്ലാവിൻെറ തെക്കേ കൊമ്പത്തു് നിശ്ചലമായി കിടന്ന ഊഞ്ഞാലിൻെറ അടുക്കലെത്തി. അവളുടെ തങ്കക്കരങ്ങൾ ആ ഊഞ്ഞാലിൽ മുറുകെപ്പിടിച്ചു. അതോടൊപ്പം അവളുടെ ചിത്തത്തിലും ഒരായിരം തങ്കക്കിനാവുകൾ ചിറകുവിരിച്ചിരുന്നു. മോളി ലൂസിയേയും മടിയിൽവച്ചുകൊണ്ടു് ഊഞ്ഞാലിൽ കയറി ഇരിക്കും. അവളുടെ അമ്മ മോളിയെ മന്ദമായൊന്നാട്ടും. പിന്നീടു് മോളിയങ്ങു് ഊഴമിട്ടാട്ടും. ലൂസി മടിയിലിരിക്കുമ്പോൾ തൻെറ പ്രിയപ്പെട്ട സഹോദരിയുടെ പ്രതീതി ആയിരിക്കും, മോളിക്കുള. വാകുക. മോളി അവളെത്തന്നെ വിസ്മരിച്ചുപോകും. ഊഞ്ഞാൽ വിദൂരതയിലേക്കു കുതിച്ചുയരും. തൻെറ മാതാവിനും സഹോദരനും കോരിത്തരിക്കും. "മോ...ളി" ഒരുപക്ഷേ, മോളി വിദൂരതയിലേക്കുയരുന്നതു കാണുമ്പോൾ ആ മാതാവു് ഭയന്നു വിളിച്ചുപോകും.

അവർ പിന്നീടു് മന്ദതയിലേക്കു തിരിച്ചെത്തും. ആനന്ദതുന്ദിലയായി മോളി താഴെയിറങ്ങും. മോളി അവളുടെ ലൂസിയെ ചുംബിക്കും. മോളിയുടെ അമ്മ മോളിയേയും ഗാഢമായി പുണന്നു് ഉമ്മവയ്ക്കും. സ്നേഹമൂറുന്ന ഒരായിരം ചക്കരയുമ്മ! ആ ചിരിക്കുടുക്ക അമ്മയെ നോക്കി ഒന്നുപൊട്ടിച്ചിരിക്കും. ഇങ്ങനെ ഒരായിരം കിനാവുകളായിരുന്നു അവളുടെ ചിത്തത്തിൽ പറക്കുവാനായി ചിറകുവിരിച്ചതു്.

മോളിയുടെ ചിന്തകളെ പുണന്നുകൊണ്ടു് ഒരു മന്ദമാരുതൻ അണഞ്ഞു. "ലൂസീ..." മോളി വിളിച്ചു. ആ വിളി ലോകത്തെ ഒന്നു ഞെട്ടിച്ചു. എങ്ങനിന്നോ കുറെ കനത്ത മൂകതകൂടി ഉരുണ്ടുവന്നു. മോളിയുടെ മാതാവിൻേറയും സഹോദരൻേറയും നേത്രങ്ങളിൽ കണ്ണുനീരിൻെറ ഉറവകൾ ഉത്ഭവിച്ചു. മോളി മന്ദഹാസപൂർവ്വം അവരെ മാറി മാറിയൊന്നു നോക്കി. മോളിയുടെ ആർദ്രമായ സ്നേഹം ഒഴുകിച്ചെന്നപ്പോൾ, ആ മാതാവിൻേറയും, സഹോദരൻേറയും മിന്നമിന്നുന്ന മുഖത്തു് ചില അജ്ഞാതസ്വപ്നങ്ങൾ കൂമ്പണിയുന്നതു് മോളി കണ്ടു. "ഒന്നും മിണ്ടാത്തതെന്താമ്മേ?" മോളി തൻെറ അമ്മയുടെ സമീപത്തെത്തി ആ മാതാവിൻെറ ഓമനക്കരങ്ങളിൽ മുറുകെ പിടിച്ചുകൊണ്ടു് ചോദിച്ചു.

"എന്താ മോളീ...?"

"അമ്മേ എൻെറ ലൂസിയെന്ത്യമ്മേ?"

"മോളീ./.."

"എന്ത്യേമ്മേ?"

"മോളീ......മോളീ..." അമ്മ കരഞ്ഞുപോയി.

അപ്പോഴേക്കും ആ ബാലൻ അപ്രത്യക്ഷനായിരുന്നു. "ഇച്ചാച്ചാ" മോളി വിളിച്ചു. അവൻ അങ്ങകലെ എങ്ങിയേങ്ങിക്കരയുകയായിരുന്നു.

"അമ്മേ...എന്താ കരേന്നെ..?" മോളിയുടെ കണ്ഠമിടറിയിരുന്നു.

"മോ...ളേ."

"അമ്മേ...എൻെറ ലൂസി...?"

"മോളീ....ച...ത്തു..." ആ മാതാവിൻെറ കണ്ഠത്തിൽനിന്നും ചില അക്ഷരങ്ങൾ പൊട്ടിത്തകർന്നുവീണു.

"അ....യ്യോ...അ....മ്മേ..."

മോളി അമ്മയുടെ കരങ്ങളിൽനിന്നും വിമുക്തയായി. അവളുടെ കണ്ണുകൾ വിജൃംഭിച്ചു. തപ്തബാഷ്പം ചിറപൊട്ടിയൊഴുകി. മോളിയുടെ നയനങ്ങൾ അവളുടെ മുൻവശത്തു് ഇളകിമറിഞ്ഞുകിടന്ന ശ്വേതസികതക്കൂനയിലേക്കു് ചുഴിഞ്ഞിറങ്ങി. "ലൂ.......സീ..." അവൾ തൻെറ പ്രിയപ്പെട്ട സഹോദരിയുടെ ഓമ്മയ്ക്കായി ഓമനിച്ചുവളത്തിയ—മോളിയുടെ പ്രിയപ്പെട്ട സഹോദരിയുടേയും, അവളുടേയും സ്നേഹനിധിയായ ലൂസിയുടെ കുഴിമാടത്തിലേക്കു് ആഞ്ഞടിച്ചുവീണു. "ലൂ...സീ." അവൾ ഹൃദയം പൊട്ടിത്തകർന്നു കരഞ്ഞു.

ആ മാതാവു് വേദനകൊണ്ടു് വാക്കപ്പെട്ട ഒരു ശിലാപ്രതിമപോലെ നിഷ്ക്കംഭയായി നിന്നുപോയി. മോളി കരഞ്ഞുകരഞ്ഞു് ആ സ്പന്ദിക്കുന്ന ശവകുടീരത്തിൽ അവളുടെ സ്നേഹചഷകം അപ്പിച്ചു

മോളി ബോധഹീനയായി. എങ്ങനിന്നോ ഒരു ചൂടുള്ള കാററു് ഭയങ്കരതയുടെ ജീവവായുപോലെ ആഞ്ഞടിച്ചു. ഈ ലോകത്തെ സ്നേഹം നശിപ്പിക്കുന്ന ഒരു ശ്മശാനമായി മാററാൻ, വിപ്ലവത്തിലൂടെ മരണകാഹളമൂതുന്ന നീചരായ മനുഷ്യരാശിയുടെ മുന്നിൽ ഒരു അനശ്വരമായ മുദ്ര ചാത്തിക്കൊണ്ടു്, രക്തം കുടിക്കാൻ ദാഹിക്കുന്ന ഇവിടത്തെ മൺതരികൾക്കു് ഒരു പുതിയ ജീവശ്വാസം നൽകിക്കൊണ്ടു്, കണ്ണുനീരിൻെറ ചാരുപട്ടു് ആ ശവകുടീരത്തിൽ അണിയിച്ചുകൊണ്ടു്, വേദനയുടെ കൊടുങ്കാററിനാൽ പൊട്ടിത്തകന്നുള്ള, ഹൃദയവല്ലിയിൽ പൂത്ത, സ്നേഹത്തിൻെറ അനവരതമനവദ്യതയുള്ള ചാരുചുംബനപ്പൂക്കൾ അപ്പിച്ചുകൊണ്ടു്, ഹൃദയംപൊട്ടി മോളി മന്ത്രിച്ചു: "ലൂ...സീ...നീ...നീ...എൻെറ...ജീ...വ...നാ..."

"എ...ൻെറ...മോ...ളീ..."ആ മാതാവു് വിറച്ചുവിറച്ചു് മോളിയെ കോരിയെടുത്തു. "അ...മ്മ... എൻെറ...ലൂ...സീ..." അവളുടെ അധരങ്ങൾ നിശ്ചലമായി. ഒരായിരം രാവിൻെറ പൂക്കൾ പൊട്ടിവിടന്നു. ചിന്തിക്കുന്ന ഭാവിതലമുറയ്ക്കു് ഒരനശ്വരമുദ്രപോലെ, അഗാധമായ നീലിമയിൽനിന്നു് ഒരു വെള്ളിനക്ഷത്രം തഞ്ചമായ് പൊട്ടിവിടന്നു് തുടിച്ചുകൊണ്ടിരുന്നു. സമീപമുള്ള ദേവാലയത്തിൽനിന്നും എങ്ങലടികൾപോലെ മണിനാദം മൂകത ഉറഞ്ഞുനില്ക്കുന്ന ഹരിതകപ്പുരപ്പിലൂടെ ഒഴുകിയൊഴുകി വരുന്നുണ്ടായിരുന്നു.

—ഠ—

ആദ്ധ്യാത്മികവീഥി

# വേദപ്രചാരം

ദൈവത്തിൻെറ വത്സലമക്കളേ,

വേദപ്രചാരം നടത്തുന്നതിനു അവൈദികരും തങ്ങളാൽ കഴിയുംവണ്ണമെല്ലാം ശ്രമിക്കേണ്ടതാണെന്നുള്ളതിനു പല ന്യായങ്ങൾ പറഞ്ഞകൂട്ടത്തിൽ അവസാനത്തേതായി അതു തങ്ങളുടെ വിശ്വാസചൈതന്യത്തെ വർദ്ധിപ്പിക്കുന്നതിനുപകരിക്കും എന്നു സമത്ഥിക്കുകയുണ്ടായല്ലൊ.

അപ്പറഞ്ഞതു് അക്ഷരംപ്രതി ശരിയാണെങ്കിലും അവിടെ ഒരു വിഷമപ്രശ്നം ഉദിക്കുന്നുണ്ടു്. പ്രേഷിതചൈതന്യം വിശ്വാസചൈതന്യത്തെ ഉല്പാദിപ്പിക്കുകയാണോ അതോ മറിച്ചു വിശ്വാസചൈതന്യം പ്രേഷിതചൈതന്യത്തെ ഉല്പാദിപ്പിക്കുകയാണോ ചെയ്യുന്നതെന്നു്. രണ്ടും പരസ്പരം സഹായിക്കുന്നുണ്ടെന്നു സമ്മതിക്കാമെങ്കിലും കൃത്യം പറഞ്ഞാൽ വിശ്വാസചൈതന്യത്തിൻെറ ഫലമായിട്ടേ പ്രേഷിതചൈതന്യം ഉണ്ടാകുകയുള്ളൂ. അതുകൊണ്ടാണല്ലോ സജീവവിശ്വാസത്തോടുകൂടി ജീവിച്ചിരുന്ന പുണ്യവാന്മാർ അയല്ക്കാരുടെ രക്ഷയ്ക്കായി പ്രാത്ഥനയും പരിത്യാഗവും പ്രേഷിതവൃത്തിയും വഴിയായി വളരെയധികം പരിശ്രമിച്ചിട്ടുള്ളതായി നാം കാണുന്നതു്.

ഇന്നു വളരെപ്പേരും വേദപ്രചാരത്തിനായി കാര്യമായി ഒന്നും ചെയ്യാത്തതിൻെറ രഹസ്യം അവരുടെ വിശ്വാസമാന്ദ്യമാണെന്നു സമ്മതിക്കാതിരിക്കാൻ നിവൃത്തിയില്ല ദൈവത്തിൻേറയും അമർത്ത്യമായ ആത്മാവിൻേറയും നിത്യസ്വർഗ്ഗനരകങ്ങളുടെയും അസ്ഥിത്വത്തിൽ വിശ്വസിക്കുന്നുണ്ടെന്നു വിളിച്ചുചോദിച്ചാൽ ഇവർ പറയും. അതു യഥാത്ഥമാണുതാനും. എങ്കിലും എല്ലാ പ്രവൃത്തികളേയും നയിക്കത്തക്കവണ്ണം മററു ലൗകികചിന്തകളുടെയെല്ലാം മുകളിൽകയറി അധികാരം നടത്തത്തക്കവണ്ണമുള്ള ശക്തി വിശ്വാസത്തിനില്ല. മററു തരത്തിൽ പറഞ്ഞാൽ വിശ്വാസം നിർജ്ജീവമായി തളർവാതം പിടിപെട്ടവണ്ണം കാര്യമായി യാതൊന്നും ചെയ്യാൻ ത്രാണിയില്ലാതെ കിടക്കുകയാണു്. പഴയ പാരമ്പര്യമനുസരിച്ചു വെറും ബാഹ്യമായി ഞായറാഴ്ചതോറുമുള്ള പള്ളിയിൽപോക്കും പ്രതിദിനം രണ്ടുനേരമുള്ള പ്രാത്ഥനയും ആണ്ടുവട്ടത്തിൽ ചിലപ്പോളെല്ലാം ചില തിരുനാളാഘോഷങ്ങളും നടത്താറുണ്ടെങ്കിലും ഇവയിൽ പലതും ഉള്ളിലേക്കു കടന്നു അന്തരാത്മാവിൽ വലിയ ഭേദഗതിയൊന്നും വരുത്തുന്നതായി പലപ്പോഴും കാണാറില്ല.

ഈ സ്ഥിതിക്കു ഗണ്യമായ ഒരു മാററം ഉണ്ടാകാതെ നാം നന്നാകാൻ പോകുന്നില്ല. മററുള്ളവരുടെ നന്മയ്ക്കുവേണ്ടി എന്തെങ്കിലും ചെയ്യാനും പോകുന്നില്ല. ഇപ്പോഴത്തെ വിദൂരാവസ്ഥയിൽ നിന്നുമാറുന്നതിനുള്ള ഏകമാർഗ്ഗം നിത്യസത്യങ്ങളെക്കുറിച്ചുള്ള ഗാഢമായ ചിന്ത, അഥവാ ധ്യാനമാണു്. നാം ദിവസേന ചൊല്ലുന്ന വിശ്വാസപ്രമാണം വളരെ സാവധാനത്തിൽ ഓരോ വാക്യത്തിൻേറയും അത്ഥത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടു ചൊല്ലുന്നെങ്കിൽ അതുതന്നെ ഒന്നാംതരം ധ്യാനമായിരിക്കും.

എന്നു
പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

## ഉന്നതവിദ്യാഭ്യാസാത്ഥം അമേരിക്കയിലേക്കു്

ചേത്തലയിൽ പട്ടണക്കാട്ടു് എന്ന സ്ഥലത്തുള്ള സി എൽ സി പി സ്ഥാപനങ്ങളുടേയും യുവജനകേന്ദ്രത്തിൻേറയും ജനയിതാവും ഡയറക്ടറുമായ റവ. ഫാദർ വർഗ്ഗീസ് ചാത്തപ്പറമ്പിൽ അവർകൾ സാമൂഹിക ശാസ്ത്രസംബന്ധമായി ഉപരിപഠനം നടത്തുന്നതിനു ആഗസ്റ്റ് 21-ാംനു കൊച്ചിയിൽനിന്നും വിമാനമാർഗ്ഗം ന്യൂയോക്കിലുള്ള മക്കേയ്ററു് യൂണിവേഴ്സിററിയിലേക്കു പോയിരിക്കുന്നു.

മൂവാററുപുഴ നിമ്മലാകോളേജു പ്രൊഫസർ റവ. ഫാദർ അഗസ്റ്റിൻ കണ്ടത്തിൽ ബി എസ്സ്സി അവർകൾ തത്വശാസ്ത്രബിരുദം നേടുന്നതിനായി ആഗസ്റ്റ് 25-ാം തീയതി എറണാകുളത്തുനിന്നും ബോംബെയിലേക്കു ട്രെയിൻമാർഗ്ഗം യാത്രപുറപ്പെട്ടിരിക്കുന്നു. ബോംബെയിൽനിന്നു വിമാനമാർഗ്ഗം അമേരിക്കയിലേക്കു അദ്ദേഹം യാത്ര തുടരുന്നതാണു്.

## ചരമവാർത്തകൾ

കറുകുററി: മുൻ പഞ്ചായത്തു പ്രസിഡൻറു് ശ്രീ പി വി ദേവസി പൈനാടത്തു് അവർകളുടെ ഭാര്യ ശ്രീ പിച്ചാട്ടു് തോമസ് കോതമംഗലം അവർകളുടെ മകൾ) ശ്രീമതി കത്രീന (ബേബി) ആഗസ്റ്റ് 22-ാം നു വ്യാഴാഴ്ച 31-ാമത്തെ വയസ്സിൽ പരലോകപ്രാപ്തയായി. ശവസംസ്കാരം പിറേറദിവസം പരേതയുടെ പിതൃസഹോദരപുത്രൻ റവ. ഫാ. തോമസ് പിച്ചാട്ടു്, ഭർതൃസഹോദരൻ റവ. ഫാ. ബസ്സലിയൂസ് ടി. ഒ. സി. ഡി. മുതലായ പല ബ. വൈദികരുടെ സഹകരണത്തിൽ യഥാവിധി നടത്തപ്പെട്ടു. വെരി റവ. ഫാ. ജോർജ്ജ് കവലക്കാട്ടു് അവർകളാണു് ചരമപ്രസംഗം നിർവഹിച്ചതു്. അങ്കമാലി ലിററിൽ ഫ്ളവർ കോൺവെൻറു സൂപ്പീരിയർ, റവ. സിസ്റ്റർ സോഫി പരേതയുടെ ഇളയ സഹോദരിയാണു്.


തെ. ചിററൂർ: അഴീക്കകത്തു് പരേതനായ വക്കി അവർകളുടെ ഭാര്യ അന്ന ആഗസ്റ്റ് 18-ാം തീയതി രാവിലെ വാർദ്ധക്യസഹജമായ സുഖക്കേടിനാൽ കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം കാലത്തു് 9 മണിക്കു് വെരി റവ. ഫാ. ജോസഫ് ചമ്മണി അവർകളുടെ പ്രധാനകാമ്മികത്വത്തിലും പല ബ. വൈദികരുടെ സഹകരണത്തിലും ചിററൂർ ഹോളി ഫാമിലി ചർച്ച് സിമിത്തേരിയിൽ നിവ്വഹിക്കപ്പെട്ടു.

R. I. P.

## ശിലാസ്ഥാപനം നിർവ്വഹിച്ചു



കോതമംഗലം രൂപതയിലെ വൈദികവിദ്യാർത്ഥികളുടെ പ്രാരംഭപഠനത്തിനുവേണ്ടിയുള്ള സെൻറു് ജോസഫ്സ് പെററിററു്സെമ്മിനാരികെട്ടിടത്തിൻെറ ശിലാസ്ഥാപനകമ്മം 1957 ആഗസ്റ്റ് 22-ാം തീയതി വ്യാഴാഴ്ച കോതമംഗലം മെത്രാൻ റൈററു് റവ. ഡോക്ടർ മാത്യു പോത്തനാമുഴി തിരുമനസ്സുകൊണ്ടു് രൂപതയിലെ പല വൈദികരുടേയും ജനങ്ങളുടേയും സാന്നിദ്ധ്യത്തിൽ നിവ്വഹിച്ചിരിക്കുന്നു.



വിമർശനപംക്തി

# രണ്ടാം പ്രമാണം

കത്തോലിക്കർ സ്വരൂപങ്ങളുണ്ടാക്കിവെക്കുന്നതിനേയും വണങ്ങുന്നതിനേയുംപററി തനിക്കു ഏതാനും സംശയങ്ങളുള്ളതായി പോത്താനിക്കാട്ടുനിന്നും ബി. എ. ബിരുദധാരിയായ ഒരു യുവാവു് ഞങ്ങൾക്കെഴുതിയിരിക്കുന്നു. "ഞാനൊരു യാക്കോബായക്കാരനാണു് ഇപ്പോൾ" എന്നും അദ്ദേഹം അറിയിച്ചിട്ടുണ്ടു്. ഇതിനു മുൻപു് ഒരു യാക്കോബായക്കാരനല്ലായിരുന്നുവെന്ന ധ്വനി അദ്ദേഹം ഉദ്ദേശിച്ചിട്ടുള്ളതാണോയെന്നു നിശ്ചയമില്ല. അദ്ദേഹത്തിന്റെ ആ നീണ്ട കത്തിനെ പല ഭാഗങ്ങളായി തിരിച്ചു്, മറുപടി പറയുവാനാണു ഞങ്ങളുദ്ദേശിക്കുന്നതു്. അദ്ദേഹത്തിന്റെ സംശയങ്ങളെ ദൂരീകരിക്കുന്നതിനു അതു കൂടുതൽ സഹായകമാകുമെന്നു കരുതിയാണു് അങ്ങനെ ചെയ്യുന്നതു്.

1. "കത്തോലിക്കാസഭ വിഗ്രഹാരാധനക്കാരല്ലെന്നു പണ്ഡിതന്മാരായ പല കത്തോലിക്കാ സമുദായപ്രേമികളും കൊട്ടിഘോഷിക്കുന്നുണ്ടല്ലോ. ഏതിന്റെയെങ്കിലും രൂപമുണ്ടാക്കി അവയ്ക്കു ദിവ്യത്വം കല്പിച്ചു പ്രവൃത്തിക്കുന്നതിനല്ലേ വിഗ്രഹാരാധനയെന്നു പറയുന്നതു്?"

കത്തോലിക്കാസഭ വിഗ്രഹാരാധനക്കാരല്ലെന്നു പണ്ഡിതന്മാരായ കത്തോലിക്കാസമുദായപ്രേമികൾ കൊട്ടിഘോഷിക്കുകമാത്രമല്ല ചെയ്യുന്നതു്. കത്തോലിക്കാസഭ വ്യക്തമായ ഭാഷയിൽ വിഗ്രഹാരാധന പാടില്ലെന്നു പഠിപ്പിക്കുകയും ചെയ്യുന്നുണ്ടു്. ചെറിയ വേദോപദേശത്തിൽ ഇങ്ങനെ കുട്ടികളെ പഠിപ്പിക്കുന്നു: "വിഗ്രഹാരാധന, കപടഭക്തി മുതലായ വിശ്വാസത്തിനും ശരണത്തിനും ഉപവിക്കും മററു വേദകടമകൾക്കും വിരുദ്ധമായതെല്ലാം ഒന്നാം പ്രമാണത്താൽ വിലക്കിയിരിക്കുന്നു." വീണ്ടും "വലിയ വേദോപദേശ"ത്തിൽ ഇങ്ങനെ പഠിപ്പിക്കുന്നു: "ഒന്നാംപ്രമാണത്താൽ വിലക്കപ്പെടുന്നതു് വിഗ്രഹാരാധനയും മൂഢവിശ്വാസവും ദൈവദോഷവും ഇടത്തുട്ടും വേദത്തിനു വിരോധമായ മറെറല്ലാ പാപങ്ങളുമാകുന്നു. വിഗ്രഹാരാധന എന്നാൽ ദൈവത്തിനുമാത്രം ചെയ്യേണ്ടതായ പരമആരാധനയെ വല്ല സൃഷ്ടിക്കും, ഉദാഹരണമായി വല്ല രൂപത്തിനോ പ്രതിമയ്ക്കോ മനുഷ്യനോ നൽകപ്പെടുന്നതാണു്." (പുറം 81—82)

ഇതിൽനിന്നു പണ്ഡിതന്മാർ വൃഥാ കൊട്ടിഘോഷിക്കുകയല്ലാ സഭ കർശനമായി പഠിപ്പിക്കുക തന്നെ ചെയ്യുന്നുണ്ടു് എന്നു വ്യക്തമാണല്ലോ. ഏതിന്റെയെങ്കിലും രൂപമുണ്ടാക്കുന്നതു വിഗ്രഹാരാധനയാകയില്ല. അവയ്ക്കു ദിവ്യത്വം കല്പിച്ചു് ദൈവത്തിനുമാത്രം യോജിച്ച പരമആരാധന അതിനു സമർപ്പിക്കുമ്പോഴാണു് അതു വിഗ്രഹാരാധനയാകുന്നതു്. ബുദ്ധിയും മനസ്സുംകൊണ്ടോ, പുറമേയുള്ള പ്രവൃത്തികളാലോ, ഇന്ദ്രിയഗോചരങ്ങളായ വസ്തുക്കൾമൂലമോ പരമകർത്താവായ ദൈവത്തിനു സമർപ്പിക്കപ്പെടുന്ന വണക്കത്തിനാണല്ലോ നാം "ആരാധന" എന്നു പറയുന്നതു്. ദൈവത്തിനുമാത്രം അവകാശപ്പെട്ടതായ വണക്കമാണു് "ആരാധന". അങ്ങനെയുള്ള വണക്കം ഒരു വിഗ്രഹത്തിനു നൽകുമ്പോഴാണു നാം അതിനെ വിഗ്രഹാരാധനയെന്നു പറയുന്നതു്. വെറും പ്രതിമകളെ ആരും ആരാധിക്കാറില്ല. പ്രതിമയിൽ ദിവ്യത്വം ആരോപിച്ചിട്ടാണു് ആരാധിക്കുന്നതു്; അപ്പോഴാണു് അതു വിഗ്രഹാരാധനയാകുന്നതു്. കത്തോലിക്കർ യാതൊരു സ്വരൂപത്തിലും ദിവ്യത്വം ആരോപിക്കുന്നില്ല; ദൈവത്തിനു മാത്രം അവകാശപ്പെട്ട ആരാധന ഒരു സ്വരൂപത്തിനും നൽകുന്നുമില്ല; അതുകൊണ്ടാണു് കത്തോലിക്കർ വിഗ്രഹാരാധനക്കാരല്ലെന്നു പറയുന്നതു്.

2. "മേൽ ആകാശത്തിലെങ്കിലും, താഴെ ഭൂമിയിലെങ്കിലും, ഭൂമിക്കു കീഴെ വെള്ളത്തിലെങ്കിലും ഉള്ള യാതൊന്നിന്റേയും പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കി അവയെ വന്ദിക്കയോ സേവിക്കയോ ചെയ്യരുതെന്നാണു ക്രിസ്തുവിന്റെ പ്രമാണം (കല്പന). അല്ലാതെ അവയെ ദൈവമായി ആരാധിക്കരുതു് എന്നല്ലാ പറഞ്ഞിരിക്കുന്നതു്. വിഗ്രഹങ്ങൾക്കു ദിവ്യത്വം കല്പിക്കരുതെന്നാണു പറഞ്ഞിരിക്കുന്നതു്."

യാതൊന്നിന്റേയും പ്രതിമയോ സാദൃശ്യമോ ഉണ്ടാക്കി വന്ദിക്കരുതെന്നു ക്രിസ്തു എവിടെ പറഞ്ഞിരിക്കുന്നുവെന്നു ഞങ്ങൾക്കറിഞ്ഞുകൂടാ. നിത്യായുസ്സുണ്ടാകുവാൻ താൻ എന്തു ചെയ്യണമെന്നു ചോദിച്ച ഒരു ചെറുപ്പക്കാരനോടു് പ്രമാണങ്ങൾ കാത്തുകൊൾക എന്നു് അവിടുന്നു അരുളിച്ചെയ്തു. "പ്രമാണങ്ങൾ ഏവ"യെന്ന അവന്റെ ചോദ്യത്തിനു് അവിടുത്തെ പ്രത്യുത്തരം ഇങ്ങനെയായിരുന്നു "നീ കൊല്ലരുതു്; നീ വ്യഭിചാരം ചെയ്യരുതു്; നീ മോഷ്ടിക്കരുതു്; നീ കള്ളസാക്ഷി പറയരുതു്; നിന്റെ അപ്പനേയും അമ്മയേയും നീ ബഹുമാനിക്കുക; നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക" (മത്തായി XIX, 16—19) ഇവിടെ പ്രതിമകളുണ്ടാക്കുകയോ വന്ദിക്കുകയോ ചെയ്യുന്നതിനെപ്പററി ക്രിസ്തു ഒന്നും പറയുന്നില്ലല്ലോ. വേറൊരിക്കൽ "ഏതു കല്പനയാകുന്നു പ്രധാനം" എന്നു ചോദിച്ച നിയമജ്ഞനു് അവിടുന്നു ഇങ്ങനെ മറുപടികൊടുത്തു: "എല്ലാ കല്പനകളിലുംവച്ചു് ഒന്നാമത്തേതു് ഇതാകുന്നു. ഇസ്രായേലേ കേൾക്കുക; നമ്മുടെ ദൈവമായ കർത്താവു ഏക കർത്താവാകുന്നു. നിന്റെ ദൈവമായ കർത്താവിനെ നിന്റെ മുഴുഹൃദയത്തോടുകൂടിയും, നിന്റെ മുഴുവാത്മാവോടുകൂടിയും, നിന്റെ സർവ്വശക്തിയോടുകൂടിയും നീ സ്നേഹിക്കണം എന്നതു്...അതിനു സദൃശമായ രണ്ടാമത്തേതു്: നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും നീ സ്നേഹിക്കണം എന്നതു്" (മർക്കോ: XII 29, 30)

ഇവിടെങ്ങും പ്രതിമ ഉണ്ടാക്കി വന്ദിക്കയോ സേവിക്കുകയോ ചെയ്യരുതെന്നു ക്രിസ്തു പറഞ്ഞിട്ടുള്ളതായി കാണുന്നില്ല. അഭ്യസ്തവിദ്യനായ ഒരു ബി. എ. ബിരുദധാരി ഉറപ്പിച്ചുപറയുന്നതുകൊണ്ടാണു് ഞങ്ങൾ ശങ്കിക്കുന്നതു്. ഒരുപക്ഷെ സീനായ്മലമുകളിൽ വച്ചു ദൈവം മോശയ്ക്കു കൊടുത്ത പ്രമാണങ്ങളെയാണോ അദ്ദേഹം ഉദ്ദേശിക്കുന്നതു്? "ക്രിസ്തു" എന്നു പറഞ്ഞിരിക്കുന്നതു് "ദൈവം" എന്ന അർത്ഥത്തിലാണോ? അങ്ങനെയെങ്കിൽ മോശയ്ക്കു കൊടുത്ത പ്രമാണങ്ങളിൽ പ്രതിമയെ പരാമർശിക്കുന്ന ഒരു ഭാഗമുണ്ടു്. അതിങ്ങനെയാണു്: "മീതെ ആകാശത്തിൽ ഉള്ളതും, താഴെ ഭൂമിയിൽ ഉള്ളതും ഭൂമിക്കു താഴെ വെള്ളത്തിലുള്ളതുമായ യാതൊരു വസ്തുവിന്റെ പ്രതിമയും യാതൊരു രൂപവും നിനക്കായി നീ ഉണ്ടാക്കരുതു്. അവയെ നീ ആരാധിക്കരുതു്. അവയെ നീ വണങ്ങരുതു്" (പുറപ്പാടു് XX, 4—5)

"അവയെ ആരാധിക്കരുതു്" എന്നു് ഇവിടെ സ്പഷ്ടമായി പറഞ്ഞിട്ടുണ്ടല്ലോ. മഹാ പണ്ഡിതനായ മോൺ: നോക്സ് പ്രാചീന ഗ്രീക്കുമൂലത്തിൽനിന്നു അടുത്ത കാലത്തു ചെയ്ത അധികൃതമായ പരിഭാഷയിൽ "ഛായയോ പ്രതിമയോ കുമ്പിട്ടു ആരാധിക്കുന്നതിനായി നീ ഉണ്ടാക്കരുതു്" എന്നാണു തർജ്ജമചെയ്തിരിക്കുന്നതു്. "ദൈവമായി" എന്ന വിശേഷണം ചേർത്തിട്ടില്ലെങ്കിലും "ദൈവമായി ആരാധിക്കരുതു്" എന്നാണു് ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതെന്നു വ്യക്തമാണു്. തൊട്ടടുത്തു വരുന്ന വാക്യംതന്നെ "എന്തെന്നാൽ...നിന്റെ കർത്താവായ ദൈവം ഞാനാകുന്നു" എന്നാണു്. ഇതിൽനിന്നു മറെറാരാളെ ദൈവമാക്കുന്നതിനെയാണു് കർശനമായി വിലക്കിയിരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ.

ആകയാൽ ഇവിടെ ചോദ്യകർത്താവിന്റെ സംശയത്തിനു നിദാനമായ കാരണങ്ങൾ അടിസ്ഥാനരഹിതമാണെന്നു അദ്ദേഹത്തിനു മനസ്സിലാക്കാം. പ്രതിമയേയൊ സാദൃശ്യത്തേയൊ വന്ദിക്കരുതെന്നല്ലാ, ദൈവമായി ആരാധിക്കരുതെന്നുതന്നെയാണു ദൈവം വിലക്കിയിരിക്കുന്നതു്. പ്രതിമയ്ക്കു ദിവ്യത്വം കല്പിക്കാതെ ആരാധിക്കുക സാദ്ധ്യമല്ലാത്തതിനാൽ, പ്രതിമകൾക്കു ദിവ്യത്വം കല്പിക്കരുതെന്നു വിലക്കിയിട്ടുണ്ടെന്നുകൂടി പറയാവുന്നതാണു്.

3. "കത്തോലിക്കർ വിഗ്രഹാരാധനക്കാരല്ലെങ്കിൽ എന്തിനു് വിഗ്രഹാരാധനയെപ്പററി പറയുന്ന രണ്ടാംകല്പന എടുത്തുകളഞ്ഞിരിക്കുന്നു? (കല്പന ഒന്നു്, രണ്ടു് എന്നിങ്ങനെ മോശയ്ക്കു കൊടുത്തിട്ടില്ലായെന്നുള്ള കത്തോലിക്കരുടെ വാദഗതി തെററാണെന്നാണു് എന്റെ അഭിപ്രായം) എന്തുകൊണ്ടെന്നാൽ കല്പന നമ്പറിട്ടു് കല്പന പത്താണെന്നു പഠിപ്പിക്കുന്നുണ്ടു്."

ഇവിടേയും ചോദ്യകർത്താവിന്റെ അറിവു് എവിടെനിന്നു്, എന്നു ചോദിക്കുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. കല്പന നമ്പറിട്ടു് പത്താണെന്നു പഠിപ്പിക്കുന്നുണ്ടെന്നു് അദ്ദേഹം പറയുന്നു. ആരു നമ്പറിട്ടു? പുറപ്പാടുപുസ്തകത്തിന്റെ കർത്താവായ മോശയാണോ നമ്പറിട്ടതു്? അങ്ങനെയെങ്കിൽ, ചോദ്യകർത്താവിനു തെററിപ്പോയി. മോശ തന്റെ ഗ്രന്ഥം എഴുതിയതു് അദ്ധ്യായമോ നമ്പരോ ഇടാതെയാണു്. എന്നല്ലാ വേദപുസ്തകത്തിലെ ഒരൊററ ഗ്രന്ഥംപോലും അതു എഴുതിയവർ ഇന്നത്തെപ്പോലെ അദ്ധ്യായവും വാക്യനമ്പരും ഇട്ടാണു് എഴുതിയതെന്നു പറയാവതല്ല. വിവിധ പുസ്തകങ്ങളെ അദ്ധ്യായങ്ങളായും വാക്യങ്ങളായും നമ്പരിട്ടു തിരിച്ചതു് വളരെ കഴിഞ്ഞു, എ. ഡി. 13-ാം നൂററാണ്ടിൽ, മാത്രമാണു്.

"ബൈബിളിലെ പുസ്തകങ്ങളെ അദ്ധ്യായങ്ങളായി തിരിച്ചതു കാൻറർബറി മെത്രാപ്പോലീത്തായായ സ്റ്റീഫൻ ലാങ്ങ്ടൺ (മരണം 1228) ആണെന്നു പറയപ്പെടുന്നു. ലത്തീൻ വുൾഗാത്തായിലാണു് അതു ആദ്യം നടപ്പാക്കിയതു്. പക്ഷെ ഹീബ്രു, ഗ്രീക്കു് പ്രതികളിലും അതു പിന്നീടു നടപ്പായി...വാക്യവിഭജനത്തിനു് ആദ്യമായി ശ്രമിച്ചതു സാന്തസ് പഗ്നിനി ഒ. പി. (മരണം 1541) ആണു്. 1527-ൽ ലയൺസിൽ പ്രസിദ്ധപ്പെടുത്തിയ ബൈബിളിന്റെ ഒരു പുതിയ പരിഭാഷയിലാണു് ഇതു നടപ്പാക്കിയതു്. പിന്നീടു റോബർത്തുസ് സ്റ്റിഫാനൂസ് എന്ന ഒരു പാരിസ് പ്രിൻറർ 1551-ൽ ജനിവായിൽ അച്ചടിച്ച ലത്തീൻ ബൈബിളിലും ഇതു നടപ്പാക്കി. 1555-ൽ അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ സമ്പൂർണ്ണവേദപുസ്തകത്തിൽ അദ്ധ്യായവാക്യവിഭജനം പൂർണ്ണമായി നടപ്പിൽ വരുത്തി." (A Catholic Commentary on Holy Bible p. 725)

ലത്തീൻവേദപുസ്തകത്തിൽ സ്വീകരിച്ച ഈ അദ്ധ്യായവാക്യവിഭജനരീതി പിന്നീടു് യഹൂദന്മാർ അവരുടെ വേദപുസ്തകത്തിലേക്കു പകർത്തുകയാണു ചെയ്തതു്. അതും സ്വകാര്യോപയോഗത്തിനുള്ള വേദപുസ്തകത്തിലല്ലാതെ ആരാധനയ്ക്കുപയോഗിക്കുന്ന വേദപുസ്തകത്തിൽ അവർ സ്വീകരിച്ചിട്ടില്ല (Ibid p. 26) 13-ാം നൂററാണ്ടിനുമുൻപുള്ള "പുറപ്പാടു"പുസ്തകത്തിനു് അദ്ധ്യായവാക്യവിഭജനംപോലുമില്ലാതിരിക്കെ കല്പന നമ്പറിട്ടു പത്താണെന്നു പറഞ്ഞിട്ടുണ്ടെങ്കിൽ അതു ആരാണെന്നു അറിയണമല്ലോ. ഏതായാലും മോശ അല്ലെന്നുള്ളതു തീർച്ച. മോശ ഒരു നമ്പരും ഇടുകയുണ്ടായില്ല.

കല്പന പത്തായിരുന്നുവെന്നതിനെയല്ലാ ഇവിടെ തർക്കിക്കുന്നതു്. "ഉടമ്പടിയുടെ വാക്കുകളായ പത്തു വാക്യങ്ങളും കല്പലകകളിന്മേൽ അവൻ എഴുതി" (പുറപ്പാടു് XXXV 28, ആവർത്തനം IV 13) എന്നു വേദപുസ്തകത്തിൽതന്നെ പറയുന്നുണ്ടു്. കല്പനകൾ പത്തുതന്നെ. പക്ഷെ ഏതൊക്കെയാണു് ഈ കല്പനകൾ? പുറപ്പാടുപുസ്തകത്തിൽ മോശ എഴുതിയിരിക്കുന്നതു് ഇത്രമാത്രമാണു്:

"കർത്താവു ഈ വചനങ്ങളെല്ലാം അരുളിച്ചെയ്തു: മെസ്രേൻനാട്ടിൽനിന്നു്—അടിമസ്ഥലത്തുനിന്നു്—നിന്നെ കൊണ്ടുവന്ന നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു. എനിക്കു പുറമെ മററു ദേവന്മാർ നിനക്കു ഉണ്ടാകരുതു്. മീതെ ആകാശത്തിൽ ഉള്ളതും, താഴെ ഭൂമിയിൽ ഉള്ളതും, ഭൂമിക്കു താഴെ വെള്ളത്തിലുള്ളതുമായ യാതൊരു (വസ്തുവിന്റെ) പ്രതിമയും യാതൊരു രൂപവും നിനക്കായി നീ ഉണ്ടാക്കരുതു്. അവയെ നീ ആരാധിക്കരുതു്; അവയെ നീ വണങ്ങുകയും അരുതു്. എന്തെന്നാൽ എന്നെ ദ്വേഷിക്കുന്നവരോടു പിതാക്കന്മാരുടെ കുററങ്ങൾക്കു മൂന്നും നാലും തലമുറകളോളം മക്കളിൽ പ്രതികാരം ചെയ്യുന്ന തീക്ഷ്ണതയുള്ള ദൈവം—നിന്റെ ദൈവമായ കർത്താവു്—ഞാനാകുന്നു. എന്നാൽ എന്നെ സ്നേഹിക്കുന്നവർക്കും എന്റെ കല്പനകൾ അനുസരിക്കുന്നവർക്കും അനേകായിരം തലമുറകളോളം ഞാൻ നന്മചെയ്യും. നിന്റെ ദൈവമായ കർത്താവിന്റെ നാമംകൊണ്ടു വ്യാജമായി സത്യം ചെയ്യരുതു്. എന്തെന്നാൽ തന്റെ നാമംകൊണ്ടു് വ്യാജമായി സത്യംചെയ്യുന്നവനെ കർത്താവു നീതീകരിക്കയില്ല. ശാബതുനാളിനെ ശുദ്ധീകരിക്കുവാൻ ഓർക്കുക. ആറുദിവസം അദ്ധ്വാനിക്കുക; നിന്റെ വേലകളെല്ലാം ചെയ്തുകൊള്ളുക. എന്നാൽ ഏഴാം ദിവസം നിന്റെ ദൈവമായ കർത്താവിനു ശാബതാകുന്നു. അന്നു നീയും നിന്റെ മകനും നിന്റെ മകളും നിന്റെ ദാസനും നിന്റെ ദാസിയും നിന്റെ മൃഗവും നിന്റെ പറമ്പിലുള്ള പരദേശിയും യാതൊരു വേലയും ചെയ്യരുതു്. എന്തെന്നാൽ കർത്താവു ആറുദിവസങ്ങൾകൊണ്ടു ആകാശവും ഭൂമിയും സമുദ്രങ്ങളും അവയിലുള്ളതൊക്കെയും ഉണ്ടാക്കുകയും ഏഴാംദിവസം വിശ്രമിക്കുകയുംചെയ്തു. ഇതിനാൽ ഏഴാം ദിവസത്തെ ദൈവം അനുഗ്രഹിക്കുകയും അതിനെ ശുദ്ധീകരിക്കുകയുംചെയ്തു. നിന്റെ ദൈവമായ കർത്താവു നിനക്കു തരുന്ന ദേശത്തു നിന്റെ ദിവസങ്ങൾ അധികമാകുവാൻവേണ്ടി നിന്റെ അപ്പനേയും അമ്മയേയും നീ ബഹുമാനിക്കുക. നീ കൊല്ലരുതു്. നീ വ്യഭിചാരം ചെയ്യരുതു്. നീ മോഷ്ടിക്കരുതു്. നിന്റെ അയൽക്കാരനു വിരോധമായി നീ കള്ളസാക്ഷിപറയരുതു്. നിന്റെ അയൽക്കാരന്റെ വീടിനെ നീ ആഗ്രഹിക്കരുതു്. നിന്റെ അയൽക്കാരന്റെ ഭാര്യയേയും അവന്റെ ദാസനേയും അവന്റെ ദാസിയേയും അവന്റെ കാളയേയും അവന്റെ കഴുതയേയും നിന്റെ അയൽക്കാരനുള്ള യാതൊന്നുംതന്നെ നീ ആഗ്രഹിക്കരുതു്" (പുറപ്പാടു് XX 1—17)

ഇവയെ എങ്ങനെയാണു നമ്പരിട്ടു പത്തായി തിരിക്കേണ്ടതു്? ഈ പ്രശ്നം നമ്മേ എന്നപോലെ യഹൂദന്മാരേയും പലപ്പോഴും അലട്ടിയിരുന്നതായി കാണുന്നു. വേദപുസ്തകത്തിലെ ഗ്രന്ഥങ്ങളുടെ സംഖ്യയിലെന്നപോലെ ഈ വിഭജനത്തിലും യഹൂദന്മാരുടെ ഇടയിൽ ഭിന്നമായ രണ്ടു് അഭിപ്രായഗതികളുണ്ടായിരുന്നു. ഗ്രീക്കു സ്വാധീനതയ്ക്കു വശംവദരായ ഫിലോ, ജോസഫൂസ് മുതലായ ഗ്രന്ഥകാരന്മാർ സ്വീകരിച്ചിരുന്ന പട്ടികയാണു താഴെച്ചേർക്കുന്നതു്.

1. നിന്റെ ദൈവമായ കർത്താവു ഞാനാകുന്നു.
2. ഞാനല്ലാതെ നിനക്കു വേറെ ദേവന്മാരുണ്ടാകരുതു്.
3 ദൈവത്തിന്റെ നാമത്തിൽ കളവായി ആണയിടരുതു്
4 ശാബതുദിവസം ആചരിക്കണം
5 നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്കണം
6 കൊലപാതകം ചെയ്യരുതു്
7 വ്യഭിചാരം ചെയ്യരുതു്
8 മോഷ്ടിക്കരുതു്
9 കള്ളസ്സാക്ഷി പറയരുതു്
10 അന്യന്റെ യാതൊന്നും ആഗ്രഹിക്കരുതു്

ഇതിൽനിന്നും ഭിന്നമായ ഒരു പട്ടികയും ഗ്രീക്കു സ്വാധീനതയിൽപെടാത്ത യഹൂദന്മാർ സ്വീകരിച്ചിരുന്നു. അതു താഴെക്കാണുന്നതുപോലെയാണു്.

**THE CATHOLIC SYRIAN BANK LTD.,**
**ESTD. 1920 H. O. TRICHUR**

***Branches :***

Chalakudy, Chittur, Cochin, Ernakulam, Erode, Karur, Irinjalakuda, Kandassankadavoo, Kodumudi, Kunnamkulam, Palathode, Thoppumpadi, Trichur, Trippunithura, Trivandrum, Valanjambalam.

***Interest Rates On Deposits Enhanced***

1 Year fixed deposit at $4\frac{1}{2}$% P A
2 Years fixed deposit at $4\frac{3}{4}$% P A

Trichur.
13—8—1957

***General Manager***

1 നിൻെറ ദൈവമായ കത്താവു ഞാനാകുന്നു; ഞാനല്ലാതെ നിനക്കു വേറെ ദേവന്മാരുണ്ടാകരുതു്
2 ദൈവത്തിൻെറ നാമത്തിൽ കളവായി ആണയിടരുതു്
3 ശാബതുദിവസം ആചരിക്കണം
4 നിൻെറ മാതാപിതാക്കന്മാരെ ബഹുമാനിക്കണം
5 കൊലപാതകം ചെയ്യരുതു്
6 വ്യഭിചാരം ചെയ്യരുതു്
7 മോഷ്ടിക്കരുതു്
8 കള്ളസ്സാക്ഷി പറയരുതു്
9 അന്യൻെറ ഭാൎയ്യയെ ആഗ്രഹിക്കരുതു്
10 അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുതു്

"ഫീലോ"യുടെ പട്ടികയാണ സഭാപിതാവായ ഓറിജൻ മുതലായവർ സ്വീകരിച്ചിരുന്നതു്. പക്ഷെ ഇതിൽനിന്നു ഭിന്നമായ ഒരു പട്ടിക ഉണ്ടെന്നു ഓറിജൻ സമ്മതിക്കുന്നുണ്ടു്. മഹാനായ ആഗുസ്തീനോസാകട്ടെ രണ്ടാംപട്ടികയാണ സ്വീകരിച്ചതു്. അതിനുള്ള കാരണങ്ങളെ അദ്ദേഹം യുക്തിപൂൎവ്വം സമൎത്ഥിച്ചിട്ടുമുണ്ടു്. ആദിമക്രൈസ്തവസഭയിലെ ഗ്രീക്കുവിഭാഗത്തിൽ ഒന്നാംപട്ടിക പ്രചാരത്തിലിരുന്നപ്പോൾ ലത്തീൻവിഭാഗത്തിൽ രണ്ടാംപട്ടിക്കാണ പ്രചാരണം ലഭിച്ചതു്. ക്രമേണ അതിനു സാൎവ്വത്രികസമ്മതി ലഭിക്കുയും ചെയ്തു. പതിനാറാംനൂററാണ്ടിലെ മതവിപ്ലവമുണ്ടായപ്പോൾ ലൂതർ ലത്തീൻപട്ടികതന്നെ സ്വീകരിച്ചു. പക്ഷെ കാൽവിൻ ഗ്രീക്കു പട്ടികയാണു് അംഗീകരിച്ചതു്. ഇംഗ്ലണ്ടിലെ പ്രോട്ടസ്റ്റൻറുകാർ കാൽവിനെ അനുകരിച്ചു ഗ്രീക്കുപട്ടികതന്നെ സ്വീകരിച്ചു. വിശുദ്ധ ആഗുസ്തീനോസിൻെറ സമൎത്ഥനത്തോടു യോജിച്ചുകൊണ്ടു ത്രെന്തോസ് സൂനഹദോസു് ലത്തീൻപട്ടിക അംഗീകരിച്ചതോടെ അതു കത്തോലിക്കാസഭ ഒട്ടുക്കു പ്രചാരത്തിൽ വന്നിരിക്കുകയാണു്.

ഇതിൽനിന്നു്, വിഗ്രഹാരാധനയെപ്പററി പറഞ്ഞിരിക്കുന്ന രണ്ടാംകല്പന കത്തോലിക്കർ എടുത്തുകളഞ്ഞിരിക്കുന്നുവെന്നും, അതു് അവർ വിഗ്രഹാരാധനക്കാരായതുകൊണ്ടാണെന്നും പറയുന്നതു്, അജ്ഞതകൊണ്ടാണെങ്കിൽ പോലും, അക്ഷന്തവ്യമാണെന്നു വ്യക്തമാണല്ലോ. "മീതെ ആകാശത്തിലുള്ളതും......ഉണ്ടാക്കരുതു്" എന്ന വാക്യം കല്പനകളുടെ പട്ടികയിൽ ഇല്ലാത്തതുകൊണ്ടു കത്തോലിക്കർ വിഗ്രഹാരാധനക്കാരാണെന്നു വിധിക്കരുതു്. കത്തോലിക്കർ അവരുടെ വേദോപദേശഗ്രന്ഥങ്ങളിൽ ഈ ഭാഗം ഒന്നാം പ്രമാണദ്വാരാ ഉള്ള ഒരു നിരോധനമായി ഉൾപ്പെടുത്തുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ. (വലിയ വേദോപദേശം പുറം 82) യാക്കോബായക്കാരുടെ കൈവശമുള്ള തക്സോസ് ഈത്തോനോ എന്ന പുസ്തകത്തിലും (കോട്ടയം 1922, പു. 253) പ്രമാണങ്ങളുടെ പട്ടിക കൊടുത്തിരിക്കുന്നതിൽ, പ്രതിമകളെപ്പററിയുള്ള ഈ ഭാഗം ഇല്ലല്ലോ. (സത്യസഭാകാഹളം VI, 285) അതു യാക്കോബായക്കാർ വിഗ്രഹാരാധനക്കാരായതുകൊണ്ടാണോ?

4. "രണ്ടാമത്തേതു് ഒന്നാമത്തേതിൻെറ പിരിവാണെന്നു പറയുന്നതെങ്ങനെയാണു്? ഒന്നാമത്തേതു് "നിൻെറ ദൈവമായ കത്താവു ഞാനാകുന്നു; ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്" എന്നാണു്. ഇതു രണ്ടും രണ്ടല്ലേ? വാദഗതിക്കായി ഒന്നിൻെറ പിരിവായി മററതിനെ എടുക്കാമെങ്കിൽ, കത്തോലിക്കരുടെ 8-ം 9-ം കല്പനകൾ—(8) നിൻെറ അയൽക്കാരൻെറ ഭാൎയ്യയെ മോഹിക്കരുതു്", (9) നിൻെറ അയൽക്കാരൻെറ വസ്തുക്കളെ മോഹിക്കരുതു്—നിൻെറ അയല്ക്കാരൻെറ യാതൊന്നിനേയും മോഹിക്കരുതു് എന്നു് ഒന്നാക്കാൻ പാടില്ലേ? യാതൊന്നിനേയും മോഹിക്കരുതെന്നു പറഞ്ഞാൽ ഭാൎയ്യയും വസ്തുക്കളും കാളയും കഴുതയും പെടുകയില്ലേ?" എന്നു ലേഖകൻ ചോദിക്കുന്നു.

"നിൻെറ ദൈവമായ കത്താവു ഞാനാകുന്നു;" "ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കുണ്ടാകരുതു്." എന്ന രണ്ടു വാചകങ്ങളിൽ പറയുന്ന കാൎയ്യം യഥാൎത്ഥത്തിൽ ഒന്നുതന്നെയല്ലേ? "യഹോവതന്നെയാണു ദൈവമായ കത്താവു്" എന്നു് യഥാൎത്ഥത്തിൽ വിശ്വസിക്കുന്ന ഒരാൾക്കു "വേറെ ദേവന്മാരുണ്ടായിരിക്കുക" സാദ്ധ്യമല്ലല്ലോ. അതിനാൽ "വേറെ ദേവന്മാരുണ്ടാകരുതു്" എന്ന കല്പന ആയാൾക്കു ബാധകമല്ലാതാകുന്നു. മററു ദേവന്മാരുള്ള ഒരാൾ ഒരിക്കലും യഹോവതന്നെയാണു ദൈവമായ കത്താവു എന്നു വിശ്വസിക്കുകയില്ല. (മററു വിധത്തിൽ പറഞ്ഞാൽ ആയാളെ സംബന്ധിച്ചിടത്തോളം കല്പനകൾ 9 ആകും.) രണ്ടാമത്തെ വാചകം ആദ്യത്തേതിൻെറ ഒരു ആവൎത്തനം മാത്രമാണു്; വേണമെങ്കിൽ രണ്ടാമത്തേതു ആദ്യത്തേതിനെ ഒന്നു വിശദീകരിക്കുന്നുവെന്നു പറയാം, അത്രമാത്രം. ആ വിശദീകരണാൎത്ഥം ഉള്ളതുകൊണ്ടാണു് ആദ്യത്തേതിൻെറകൂടെ രണ്ടാമത്തെ വാചകംകൂടി ചേൎത്തു അതു് ഒരു കല്പനയാക്കിയിരിക്കുന്നതു്. രണ്ടാമത്തെ വാചകം എടുത്തുകളഞ്ഞാലും കല്പനയുടെ അൎത്ഥത്തിലും ലക്ഷ്യത്തിലും യാതൊരു ന്യൂനതയും സംഭവിക്കുന്നതല്ല.

ഇനി, "ഞാനല്ലാതെ വേറെ നിനക്കു ദേവന്മാരുണ്ടാകരുതു്" എന്നതു് പ്രത്യേകമെടുത്തു രണ്ടാം കല്പനയാക്കുന്നുവെന്നുതന്നെ വിചാരിക്കുക. എന്നാലും പ്രതിമയുടെ കാൎയ്യം അതിൽ വരുന്നതല്ലല്ലോ. "മീതെ ആകാശത്തിലുള്ളതും... ഉണ്ടാക്കരുതു്" എന്ന നിരോധനം അപ്പോൾ മൂന്നാംകല്പനയായി ചേൎക്കേണ്ടേ? പ്രതിമകളൊന്നും ഉണ്ടാക്കാതെതന്നെ അന്യദേവന്മാർ ഉണ്ടായിരിക്കുകയെന്ന ഒരു സാദ്ധ്യതയുണ്ടല്ലോ. "നിൻെറ ദൈവമായ കത്താവു ഞാനാകുന്നു" എന്നതിൽ പ്രതിമക്കാൎയ്യവും അന്തൎലീനമായിരിക്കുന്നതുകൊണ്ടാണു കത്തോലിക്കർ അതു് എടുത്തുപറയാത്തതു്. ദൈവമായി ആരാധിക്കാൻ ആരെങ്കിലും പ്രതിമ ഉണ്ടാക്കിയാൽ ആ ആൾ "നിൻെറ ദൈവമായ കത്താവു ഞാനാകുന്നു" എന്ന കല്പനയെ ലംഘിക്കുകയാണല്ലോ ചെയ്യുന്നതു്.

ഇനി കത്തോലിക്കരുടെ 9-ം 10-ം കല്പനകൾ— 8-ം 9-ം എന്നു ലേഖകൻ പറയുന്നതു ശരിയല്ല—എടുക്കാം. "അന്യൻെറ ഭാൎയ്യയെ ആഗ്രഹിക്കരുതു്", "അന്യൻെറ വസ്തുക്കളെ ആഗ്രഹിക്കരുതു്" എന്നതാണവ. പുറപ്പാടു പുസ്തകത്തിൽ ഇതേപ്പററി പറഞ്ഞിരിക്കുന്നതു് ഇങ്ങനെയാണു്: "നിൻെറ അയൽക്കാരൻെറ വീടിനെ നീ ആഗ്രഹിക്കരുതു്. നിൻെറ അയൽക്കാരൻെറ ഭാൎയ്യയേയും അവൻെറ ദാസനേയും അവൻെറ ദാസിയേയും അവൻെറ കാളയേയും അവൻെറ കഴുതയേയും, നിൻെറ അയൽക്കാരനുള്ള യാതൊന്നുംതന്നെ നീ ആഗ്രഹിക്കരുതു്." (XX. 17) ആവൎത്തന പുസ്തകത്തിൽ ഈ ഭാഗം ഇങ്ങനെയാണു്: "നിൻെറ അയൽക്കാരൻെറ ഭാൎയ്യയെ നീ മോഹിക്കരുതു്. നിൻെറ അയൽക്കാരൻെറ വീടിനേയും അവൻെറ പറമ്പിനേയും അവൻെറ മുന്തിരിത്തോട്ടത്തേയും അവൻെറ ദാസനേയും അവൻെറ ദാസിയേയും അവൻെറ കാളയേയും അവൻെറ കഴുതയേയും നിൻെറ അയൽക്കാരനുള്ള യാതൊന്നിനേയും നീ മോഹിക്കരുതു്." (V 21)

അന്യൻെറ യാതൊന്നിനേയും എന്നു പറഞ്ഞാൽ "ഭാൎയ്യയും വസ്തുക്കളും കാളയും കഴുതയും"പെടുമെന്നു പറയാം. പക്ഷെ, അന്യൻെറ ഭാൎയ്യയെ ആഗ്രഹിക്കുന്നതും അന്യൻെറ വീടിനെ ആഗ്രഹിക്കുന്നതും ഒരേതരം പാപങ്ങളാണോ? വീടിനെ ആഗ്രഹിക്കുന്നവർ ആഗ്രഹത്താലുള്ള കളവു എന്ന പാപം ചെയ്യുന്നുവെന്നല്ലാതെ മോഷണം (പ്രവൃത്തിയാലുള്ള കളവു്) ചെയ്യുന്നില്ല. എന്നാൽ ഭാൎയ്യയെ ആഗ്രഹിക്കുന്നവൻ ആഗ്രഹത്താലുള്ള കളവു് എന്ന കുററമല്ലാ, വ്യഭിചാരംതന്നെയാണു ചെയ്യുന്നതു്. "ഒരു സ്ത്രീയെ മോഹിക്കുവാൻ അവളെ നോക്കുന്ന ഏവനും ഉടൻതന്നെ തൻെറ ഹൃദയംകൊണ്ടു അവളോടു വ്യഭിചാരംചെയ്തുകഴിഞ്ഞു." (മത്തായി V, 28), ഇതിൽനിന്നും വീടിനെ മോഹിക്കുന്നതിനെക്കാൾ ഗുരുതരമായ ഒരു പാപമാണു ഭാൎയ്യയെ മോഹിക്കുന്നതെന്നു വ്യക്തമാണല്ലോ. രണ്ടും രണ്ടുതരത്തിലുള്ള പാപങ്ങളാണു്.

പ്രവൃത്തിയാലെ ഉള്ള വ്യഭിചാരവും പ്രവൃത്തിയാലേയുള്ള കളവും രണ്ടു വ്യത്യസ്തകല്പനകളായി (6-ം 7-ം) തിരിച്ചിട്ടുണ്ടു്. ആ സ്ഥിതിക്കു് ആഗ്രഹംവഴിയുള്ള വ്യഭിചാരത്തിനും ആഗ്രഹത്താലെയുള്ള കളവിനും രണ്ടു വ്യത്യസ്തകല്പനകൾ ഉണ്ടായിരിക്കേണ്ടതു് ആവശ്യമാണല്ലോ. ഈ വസ്തുത നല്ലവണ്ണം മനസ്സിലാക്കിക്കൊണ്ടുതന്നെയായിരിക്കണം പലസ്തീനായിലെ യഹൂദന്മാർ അവ രണ്ടു കല്പനകളായി കണക്കാക്കിയതു്. അവരുടെ വിഭജനത്തിൻെറ യുക്തിയുക്തത മനസ്സിലാക്കിയ വിശുദ്ധ ആഗുസ്തീനോസും, തുടൎന്നു ത്രെന്തോസു സൂനഹദോസും അവയെ രണ്ടു കല്പനകളായിത്തന്നെ സ്വീകരിച്ചു. "യാതൊന്നിനേയും മോഹിക്കരുതു്" എന്നതിനെ രണ്ടാക്കിയതു കത്തോലിക്കസഭയല്ല. പക്ഷേ ഭാൎയ്യയെ മോഹിക്കുന്നതും വീടിനെ മോഹിക്കുന്നതും ഒരേതരം കുററമാണെന്നുള്ള തെററായ അഭിപ്രായം കത്തോലിക്കാസഭ സ്വീകരിക്കുന്നില്ല. (തുടരും)

(11-ാംപേജ് തുടർച്ച)

ഈ ശക്തിവിശേഷം മൃഗങ്ങൾക്കില്ല. മൃഗങ്ങൾക്കില്ലാത്ത ഈ ശക്തിവിശേഷം, അഥവാ ആത്മാവു് മനുഷ്യനെങ്ങിനെ എവിടെ നിന്നു കിട്ടി? കുരങ്ങു മൂത്തു് മനുഷ്യനായ ഘട്ടത്തിൽ ആകാശത്തിൽനിന്നും എറിഞ്ഞുകൊടുത്തതാണോ? ഡാർവിൻ സിദ്ധാന്തത്തിൻെറ കൈപൊക്കികൾ ഉത്തരം പറയട്ടെ!

അതിനാൽ മനുഷ്യൻ കുരങ്ങു മൂത്തു് ഉണ്ടായതല്ലാ പ്രത്യുത, ദൈവത്തിൻെറ സ്വതന്ത്രവും വ്യത്യസ്തവുമായ ഒരുന്നതസൃഷ്ടിയാണു്.

—o—

# ചോദിച്ചാൽ പറയാം

143. ചോ: "മനുഷ്യപ്പെരുപ്പത്തെ അതതു കാലങ്ങളിൽ തടയുവാൻ പ്രകൃതി നിശ്ചയിച്ചിരുന്ന പ്ലേഗ്, മസൂരി, കോളറ മുതലായ മഹാമാരികളെ മനുഷ്യർ ഒട്ടുമുക്കാലും തോല്പിച്ചുകളഞ്ഞു. അതുപോലെതന്നെ മഹായുദ്ധത്തെയും തടയുവാൻ അങ്ങേയററം ശ്രമിക്കുന്നുണ്ടു്. വർദ്ധിച്ചുവരുന്ന ജനപ്പെരുപ്പത്തെ തടയുവാനുള്ള മറെറാരുമാൎഗ്ഗമായ ജനനനിയന്ത്രണം പ്രയോഗത്തിൽ വരുത്തുന്നതു മഹാപാപമാണെന്നു ഉദ്ഘോഷിക്കുന്ന കത്തോലിക്കാസഭ പ്രകൃതി വരുത്തുന്ന മഹാരോഗങ്ങൾ തടയുന്നതും, സമാധാനത്തിനുവേണ്ടി യത്നിക്കുന്നതും മഹാ പാപമാണെന്നു പഠിപ്പിക്കാത്തതെന്തുകൊണ്ടു്?"

(കെ. ഐ. ജി. ഫിരാക്കഡ്)

ഉ: ഇതിനു മറുപടി പറയുന്നതിനു മുൻപു് മറിച്ചൊരു ചോദ്യം ചോദിച്ചുകൊള്ളട്ടെ. ജനപ്പെരുപ്പത്തെ തടയാൻ ഒരു മാൎഗ്ഗമായി ജനനനിയന്ത്രണം പ്രയോഗത്തിൽ വരുത്തണമെന്നു പറയുന്നവർ മഹാമാരികളെ തടയുന്നതും യുദ്ധം വേണ്ടെന്നു പറയുന്നതുമെന്തുകൊണ്ടാണു്? യുദ്ധത്തിലെന്നപോലെ ജനനനിയന്ത്രണത്തിലും മനുഷ്യജീവൻെറ വളർച്ചയെ നശിപ്പിക്കുകയാണല്ലോ ചെയ്യുന്നതു്. കത്തോലിക്കാസഭയെപ്പററിയാണെങ്കിൽ ജീവോല്പാദനം തടയുന്ന കൃത്രിമജനനനിയന്ത്രണം പാപമാണെന്നു പഠിപ്പിക്കുന്നതുപോലെ തന്നെ മനുഷ്യഹത്യമാത്രമായുള്ള യുദ്ധം പാപമാണെന്നും പഠിപ്പിക്കുന്നുണ്ടു്.

അമിതമായജനപ്പെരുപ്പത്തെപ്രകൃതി അതിനു സ്വന്തമായ മാൎഗ്ഗങ്ങളിലൂടെ നിയന്ത്രിക്കുമെന്നു പറയുന്നതു ശരിയാണെങ്കിലും, പ്ലേഗു്, മസൂരി, കോളറാ മുതലായ മഹാമാരികൾ ജനപ്പെരുപ്പത്തെ തടയുവാൻ പ്രകൃതി നിശ്ചയിച്ചിരിക്കുന്ന ഉപാധികളാണെന്നു പറയുന്നതു ശരിയല്ല. അവ അത്തരം ഉപാധികളായിരുന്നെങ്കിൽ മനുഷ്യനു് ഒരു കാലത്തും അവയെ തോല്പിക്കുവാൻ സാധിക്കുമായിരുന്നില്ല. പ്ലേഗു്, കോളറാ മുതലായ മഹാമാരികളുടെ ഫലമായി ജനങ്ങൾ ധാരാളമായി മരിക്കുന്നതുകൊണ്ടു ജനപ്പെരുപ്പം അത്ര കുറയുന്നുണ്ടെന്നതു ശരിതന്നെ. പക്ഷെ ജനപ്പെരുപ്പം കുറയാൻ വേണ്ടിയല്ലാ ആ മഹാമാരികൾ പിടിപെടുന്നതു്. ജനങ്ങൾ തീരെ കുറവായിരിക്കുന്ന രാജ്യങ്ങളിലും ഇത്തരം സാംക്രമികരോഗങ്ങൾ പിടിപെടാറുണ്ടു്.

കത്തോലിക്കാസഭ ജനനനിയന്ത്രണത്തെ എതിൎക്കുന്നതു്, അതു ജനപ്പെരുപ്പത്തെ തടയുമോ ഇല്ലയോയെന്നു നോക്കിയല്ലാ, പ്രത്യുത അതു് അതിൽ തന്നെ നിഷിദ്ധവും പാപകരവുമായതുകൊണ്ടാണു്. ലക്ഷ്യം മാൎഗ്ഗത്തെ ന്യായീകരിക്കുകയില്ലല്ലോ. ജനനനിയന്ത്രണം അതിൽ തന്നെ ഒരു തിന്മയാണു്. തിന്മകളായ മഹാമാരികളെയും മഹായുദ്ധങ്ങളെയും ഉച്ചാടനം ചെയ്യുവാൻ ശ്രമിക്കുന്ന മനുഷ്യൻ തിന്മയായ ജനനനിയന്ത്രണം സ്വീകരിക്കണമെന്നു പറയുന്നതു പ്രത്യക്ഷത്തിൽ തന്നെ ഒരു വിരോധാഭാസമാണല്ലോ. സമുദായത്തിനു പ്രയോജനമില്ലാത്ത രോഗികളെയും വൃദ്ധന്മാരെയും കൊന്നാൽ ജനപ്പെരുപ്പം അത്ര കുറയുമെങ്കിലും ആരും അതിനു വാദിക്കാത്തതെന്താണു്? കൊലപാതകം അതിൽതന്നെ ഒരു തിന്മയായതുകൊണ്ടു്. ജനനനിയന്ത്രണവും അങ്ങനെതന്നെ.

ഇനി ജനനനിയന്ത്രണംകൊണ്ടു ജനപ്പെരുപ്പം ഗണ്യമായി കുറയുമോ? ഇല്ലെന്നാണ ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. ജനനത്തോതു കുറയുന്നതിനനുസരിച്ചു മരണത്തോതും കുറയുമെന്നു സ്പെൻസർ, തോമ്മസ് ഡബ്ലിൾഡേ മുതലായ പണ്ഡിതന്മാർ തെളിയിച്ചിട്ടുണ്ടു്. ജനനനിയന്ത്രണംകൊണ്ടു പ്രയത്നശക്തിയുള്ളവർ കുറഞ്ഞുവരുമ്പോൾ, പ്രയത്നശക്തിയില്ലാത്തവരും അന്യരാൽ സംരക്ഷിക്കപ്പെടേണ്ടവരുമായ വരുടെ സംഖ്യ കൂടിവരുമെന്നാണ ജനനനിയന്ത്രണം പ്രയോഗിച്ചുനോക്കിയ പ്രാചീന ഗ്രീസിൻെറയും റോമയുടെയും ചരിത്രം തെളിയിക്കുന്നതു്.

യുദ്ധം, മഹാമാരികൾ മുതലായവയാൽ ജനങ്ങൾ പെട്ടെന്നു അമിതമായി മരിക്കുന്ന രാജ്യങ്ങളിൽ ജനനത്തോതു പെട്ടെന്നു വർദ്ധിക്കുന്നതായും, മരണത്തോതു കുറയുന്ന രാജ്യങ്ങളിൽ ജനനത്തോതു താനേ കുറയുന്നതായും നാം കാണുന്നുണ്ടു്. ഇതു പ്രകൃതി അതിനു സ്വന്തമായ രീതിയിൽ വരുത്തുന്ന ഒരു ക്രമീകരണമാണു്. അതുപോലെ തന്നെ ജനങ്ങൾ വർദ്ധിക്കുമ്പോൾ അവരെ പുലത്തു



ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻസോപ്പുവർക്ക്സ്

തൃശ്ശൂർ

ന്നതിനു് ആവശ്യമായ വിഭവങ്ങളും പ്രകൃതി ഉല്പാദിപ്പിക്കുന്നുണ്ടു്. വിഭവങ്ങളുടെ കുറവല്ലാ, അവയുടെ നീതിരഹിതമായ കേന്ദ്രീകരണമാണു് ജനപ്പെരുപ്പം ഒരു പ്രശ്നമാക്കിത്തീക്കുന്നതു്.

ചുരുക്കത്തിൽ തിന്മകളായ മഹായുദ്ധത്തെയും മഹാമാരികളെയും കത്തോലിക്കാസഭ എങ്ങനെ അനുകൂലിക്കാതിരിക്കുന്നുവോ, അതുപോലെതന്നെ ഒരു മഹാതിന്മയായ ജനനനിയന്ത്രണത്തെയും എതിൎക്കുന്നു. സഭാനാഥനായ ദൈവം അതൊരു പാപമാണെന്നു പഠിപ്പിച്ചിരിക്കുന്നതിനാൽ സഭയും അങ്ങനെതന്നെ പഠിപ്പിക്കുന്നു.

144. ചോ: "ക്രിസ്തു, താൻ സ്ഥാപിച്ച മതം വഴി വർഗ്ഗീയ മനോഭാവം അഥവാ ജാതീയമനോഭാവം എന്ന വിഷബീജം കുത്തിവെക്കുകയല്ലേ ചെയ്തതു്? അങ്ങനെയുള്ള ക്രിസ്തു യഥാൎത്ഥ ഇടയനാണോ?"

(എം എം ജെ പാലാ)

ഉ: ക്രിസ്തു, താൻ സ്ഥാപിച്ച മതം വഴി വർഗ്ഗീയ മനോഭാവത്തെ ഇല്ലാതാക്കുകയാണ ചെയ്തതു്. "നിങ്ങൾ പോയി സകല ജാതികളോടും ഉപദേശിച്ചു് അവരെ സ്നാനപ്പെടുത്തി ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്തായി 28. 19-20) എന്നാണ ക്രിസ്തു തൻെറ ശിഷ്യന്മാക്കു കൊടുത്തിരിക്കുന്ന നിദ്ദേശം. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടിയിലും എൻെറ സുവിശേഷം അറിയിക്കുവിൻ. വിശ്വസിച്ചു സ്നാനപ്പെട്ടവൻ രക്ഷ പ്രാപിക്കും; വിശ്വസിക്കാത്തവനോ കുററക്കാരനായി വിധിക്കപ്പെടും." (മക്കോ: XVI 15. 16). ലോകത്തിലെ സകല ജാതികളും ഉൾക്കൊള്ളുന്ന ഒരു

(ശേഷം 5-ാംപേജിൽ)

(2-ാംപേജ് തുടർച്ച)

ച്ചപ്പോൾ, ഞാൻ നമ്മുടെ പാർട്ടിക്കാരെക്കൊണ്ടുതന്നെ അയാളെ ലിക്വിഡേററു ചെയ്യിപ്പിച്ചു. ഇന്നിതാ എന്റെ കൂടെ കൊണ്ടുവന്നിരിക്കുന്നു

എല്ലാ:- ബ്രാവോ...ബ്രാവോ..

ദീയാ:- ഇവിടത്തെ കണക്കെഴുത്തിനു കൊള്ളിക്കാം ഇല്ലേ? എഴുത്തുകാരനല്ലെ...

ലൂസി:- പിന്നെന്തു വിശേഷങ്ങൾ...?

മാമ്മോ:- ഇതാ ഫാമിലി അപ്ലിഫ്ററു ബില്ലു വരുന്നു!

പംപ്:- ആ...ഹാ! ആരാണ്ട് ചോദിക്കാതേം പറയാതേം കേറിവരുന്നുണ്ടോ? ഞാൻ നോക്കിയിട്ടു വരാം. (വാതില്ക്കൽ നോക്കി മാമ്മോണായോട്) എവിടെ സാഹിബെ; കാണുന്നില്ലല്ലോ;പുറകെ ആയിരിക്കും, അല്ലേ...?

സത്താ:- ഇവനൊരു ശുദ്ധ കഴുതതന്നെ

പംപ്:- അതാണതിന്റെ നരക ശാസ്ത്രം (കൂടക്കൂടെ വാതില്ക്കലേക്കു നോക്കുന്നു)

സത്താ:- മാമ്മോണാ ആ ബില്ല്...

മാമ്മോ:-നമ്മുടെ പഴയ ജനന നിയന്ത്രണത്തിന്റെ മൂന്നാമത്തെ പടിയാണതു്, മിസ്റ്റർ.

ദീയാ:- പണ്ടു സ്റ്റാലിൻ റഷ്യയിൽ വരുത്തിയതുപോലെ?

മാമ്മോ:- തന്നെ തന്നെ

ലൂസി:- ബ്രാവോ...ബ്രാവോ

ദീയാ:- ഒന്നു വിശദീകരിക്കുമോ?

മാമ്മോ:- ജീവിതം ആനന്ദിക്കുവാനാണ്. മനുഷ്യന്റെ മൃഗീയവാസനകൾക്കു മൂക്കുകയറിടുന്ന മൂരാച്ചിനയം അവസാനിപ്പിക്കുക. മനുഷ്യനെ മയക്കുന്ന മതത്തിന്റെ വിവാഹചട്ടങ്ങൾ ദൂരെ വലിച്ചെറിഞ്ഞ് സ്ത്രീയും പുരുഷനും യഥേഷ്ടം ജീവിക്കുക. രോഗികളേയും അവശരേയും വൃദ്ധന്മാരേയും ആസ്പത്രികളിലും രക്ഷാസങ്കേതങ്ങളിലുമാക്കി, രഹസ്യമായി ശുദ്ധീകരണം നടത്തുക

എല്ലാ:- ബ്രാവോ...ബ്രാവോ

ലൂസി:- മാമ്മോണാ താങ്കളുടെ വിശ്വസ്തസേവനം, നാമെന്നും നന്ദിപൂർവ്വം സ്മരിക്കുകതന്നെ ചെയ്യും. താങ്കളെ ഞയൻത് ലീജിയന്റെ കമാൻഡറായി നാം നിയമിക്കുന്നു. (എല്ലാവരും കയ്യടിച്ച് ആർപ്പു വിളിക്കുന്നു)

ദീയാ:- പ്രഭോ, ഈ ബില്ലുകൾ മലനാട്ടസംബ്ലിയിൽ പാസ്സാകുമെന്നോ...?

ലൂസി:—യൂ ഷട്ട് അപ്പ്; ഹൂം

മാമ്മോ:- അസംബ്ലിയിൽ നമ്മുടെ പാർട്ടിക്കു ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു എന്ന വസ്തുത വിസ്മരിച്ചാണ് താങ്കളുടെ സംസാരമെന്നു തോന്നുന്നു. ഇന്നു മലനാട്ടിൽ കോളിളക്കം സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന പള്ളിക്കൂടം ബില്ല് ഞാൻ പാസ്സാക്കിക്കും, അതു പാസ്സായാൽ അതേ തുടന്നു ഇതും. അതിനുള്ള വിരുതു് എനിക്കുണ്ടെന്നു കരുതുന്നു. എന്റെ ആളുകളും എന്നെപ്പോലെതന്നെ ഏതു അക്രമത്തിനും തയ്യാറാകുന്ന ചട്ടമ്പികളാണ്. നരകരുതികൊണ്ട് എന്റേതിനേക്കാൾ കട്ടത്തുകല്ലുപോലായ ഹൃദയമാണ് അവരുടേതെന്നു താങ്കൾ ഇനിയെങ്കിലും മനസ്സിലാക്കുക

ലൂസി:- സഭാഷ്...

പംപ്:- അതാണതിന്റെ നരകശാസ്ത്രം

ദീയാ:- പക്ഷെ ഒന്നുണ്ട് മിസ്റ്റർ; സത്യത്തിനും നീതിക്കുംവേണ്ടി, രക്തം ചൊരിയാൻപോലും തയ്യാറുള്ള ആയിരക്കണക്കിനു ധീരന്മാർ ഇന്നു മലനാട്ടിലുണ്ട്. അവരുടെ അഭേദ്യമായ മുന്നേററത്തിൽ നാമും നമ്മുടെ പാർട്ടിയും നാമാവശേഷമാകും. അങ്ങിനെ വന്നാൽ നമ്മുടെ സാമ്രാജ്യം തന്നെയും പരിതാപകരമായി പരാജയമടയും. വിശ്വാസവും ഭക്തിചൈതന്യവും ഇല്ലായിരുന്ന അനേകായിരങ്ങൾ, ആദ്ധ്യാത്മിക പ്രബുദ്ധതയിൽ ഇരച്ചുകയറി, ഹങ്കറിയിൽ നമ്മെ പാടേ ഉപേക്ഷിച്ചില്ലേ? ആ സാഹചര്യങ്ങൾ... അതു മറക്കരുതു്; മാമ്മോണാ അതു താങ്കൾ മറക്കരുതു്...മറക്കരുതു്

ലൂസി:- ഛീ നിത്തു താങ്കളുടെ പേടിസ്വപ്നം

മാമ്മോ:- കാച്ചിയവെള്ളത്തിൽച്ചാടിയ പൂച്ച പച്ചവെള്ളം കണ്ടുപേടിക്കുന്നതിൽ അത്ഭുതമില്ല പ്രഭോ.

സത്താ:- പരമാത്ഥം... (എല്ലാവരും ചിരിച്ചിരിക്കുന്നു. അണിയറയിൽ ദീനരോദനം ഉയന്നുയന്നുവരുന്നു)

അണിയറയിൽ:-അയ്യോ ഞാൻ നശിച്ചു...നശിച്ചു...ഹാ.... തീ...തീ...നരകം....ഘോരാഗ്നി ...വിഷം....കാളസപ്പം....തീ.... അയ്യോ...(പല്ലുകടിക്കുന്നു) മരണാനന്തരജീവിതമില്ലെന്നു ധരിപ്പിച്ചു്, നിരീശ്വരകമ്മ്യൂണിസത്തിന്റെ കൊടിക്കീഴിൽ എന്നെ പിടിച്ചുനിത്തിയ നരകപിശാചേ...നീ നശിക്കട്ടെ...(ഉഗ്രമായ പല്ലുകടി) നീയും നിന്റെ പാർട്ടിയും നശിക്കട്ടെ...

ലൂസി:- ഛീ!! ആരതു്? മാമ്മോണാ, എന്തു്? നരകത്തിലും കരിങ്കാലികളോ!

മാമ്മോ:- പ്രഭോ, ക്ഷമിക്കു. അതൊരു പുതുമോടി. സാരമില്ല ആള് നമ്മുടെ സ്വന്തമാണ്. സന്മാർഗ്ഗത്തിന്റെ അതിത്തിവരമ്പുകൾ തട്ടിനിരത്തുന്ന ഭാഷയിൽ അനേകം ചിത്തക്കഥകളെഴുതി, ആയിരക്കണക്കിനു ആളുകളെ നമ്മുടെ ചേരിയിലേക്കാനയിച്ച വീരനാണതു്.

ലൂസി:- ആരായാലെന്തു്? നരകരാജന്റെ അരമനയ്ക്കു സമീപം ആസ്ഥാനം നൽകുന്നോ?...

അണിയറയിൽ:- (തീവ്ര വികാരങ്ങളോടെ, നരകരാജനായ ലൂസിഫർ നശിക്കട്ടെ! മാമ്മോണാ നശിക്കട്ടെ (പല്ലുകടിക്കുന്നു) നിങ്ങളുടെ ദൈവമില്ലാത്ത പാർട്ടി നശിക്കട്ടെ ഹാ...മലനാട്ടിലെ എന്റെ പ്രിയ സഹോദരങ്ങളേ! അയ്യോ...നരകം...തീ ...ഘോരനരകം. അരുതു് അരുതു് നിരീശ്വരത്വത്തിന്റെ പുറംപൂച്ചിൽ നിങ്ങൾ വഞ്ചിതരാകരുതു്...ഞാൻ നശിച്ചു...ഈ കമ്മ്യൂണിസമെന്നെ നശിപ്പിച്ചു (പല്ലുകടിക്കുന്നു) നരകപിശാചു നശിക്കട്ടെ...കമ്മ്യൂണിസം നശിക്കട്ടെ

മാമ്മോ:- എടാ, നീ നരകത്തിന്റെ അടിത്തട്ടിലേക്കു പോകാനുള്ള ശ്രമമാണു ചെയ്യുന്നതു്. എന്നോടു സഹകരിച്ചു പ്രവത്തിക്കുക. ഇവിടെയും നിനക്കു നല്ല സീററു തരാം. അതിനുവേണ്ടി മാത്രമാണ് നിന്നെ ഈ ഉയന്നനിലയിൽ ഞാൻ ആക്കിയിരിക്കുന്നതു്. എന്റെ മലനാടു് എന്നെന്നും എനിക്കാനന്ദം നൽകുന്ന ഒരു കമ്മ്യൂ. സ്വർഗ്ഗമായി പരിലസിക്കും.

അണിയറ:- ഛായ്...ദുഷ്ടപ്പിശാചേ! നിന്റെ അടവുകൾ...!! കമ്മ്യൂണിസത്തിന്റെ കള്ളത്തരങ്ങൾ മലനാട്ടിലുള്ളവർ മനസ്സിലാക്കുന്ന കാലം അത്ര വിദൂരമല്ല. അവർ പ്രബുദ്ധരാകും. നീയും നിന്റെ പാർട്ടിയും തകരും. അയ്യോ ...തീ....നരകം...തീ....മലനാടേ ...എന്റെ പൊന്നു നാടേ...നശിച്ച നരകപിശാചിന്റെ തീച്ചെങ്കൊടി നീ നശിപ്പിക്കുക... നിന്റെ നിണം കുടിച്ചു നനയുന്ന ചുവന്ന നാക്കാണ് ആ ചെങ്കൊടിയെന്നോക്കുക...അയ്യോ നരകം...നരകം...നരകപിശാചു നശിക്കട്ടെ! അവന്റെ ഗൂഢതന്ത്രങ്ങൾ നശിക്കട്ടെ!... കമ്മ്യൂണിസം നശിക്കട്ടെ...നരകരാജൻ നശിക്കട്ടെ... അയ്യോ... (പല്ലു കടിക്കുന്നു)

ലൂസി:- (ചാടി എഴുന്നേററു്) ഛീ...ധിക്കാരം...ധിക്കാരം; മാമ്മോണാ, എന്തു്, താനീ ധിക്കാരം സഹിക്കുന്നുവോ...?

മാമ്മോ:- പ്രഭോ, അവനെ അടിത്തട്ടിലേക്കുതന്നെ തള്ളിത്താഴ്ത്തിയേക്കാം...

ലൂസി:- പംപ്കിൻ...

പംപ്:- അതാണതിന്റെ നരകശാസ്ത്രം.

ലൂസി:- ആ കരിങ്കാലിയെ നരകത്തിന്റെ അടിത്തട്ടിലേക്കു ചവിട്ടിത്താഴ്ത്തു. അവന്റെ പുസ്തകങ്ങൾ വായിച്ചു നരകത്തിലെത്തിയ അനേകം പേരുടെ ഘോരയാതനകൾ കണ്ടു് അവൻ സ്വയം ദഹിക്കട്ടെ. നരകത്തിലെ ഭീകരപാമ്പുകൾ, തേളുകൾ, പഴുതാരകൾ, പുഴുക്കൾ തുടങ്ങിയവ അവനെ ആവോളം ആസ്വദിച്ചാത്തുമദിക്കട്ടെ

പംപ്:- ഉത്തരവ്...(പോകുന്നു)

അണിയറ:- അയ്യോ...വേണ്ടാ ...വേണ്ടാ...വിട...വിഷം. ...കാളസപ്പം....വിഷം...പാമ്പ്...തേള്...ഹയ്യോ...തീ....പഴുതാര... ഭീകരജന്തുക്കൾ...അയ്യോ വേണ്ട ...വേണ്ടായേ....യ്യോ!

(പെട്ടെന്നു് ഉയരത്തിൽനിന്നും അഗാധത്തിലേക്കു് എന്തോ പതിക്കുന്ന ശബ്ദത്തിനോടൊപ്പം, രോദനങ്ങളുടെ ഘോരാരവവും അന്തരീക്ഷത്തിൽ മുഖരിതമാകുന്നു)

ലൂസിഫറും കൂട്ടരും:- (പൊട്ടിച്ചിരിക്കുന്നു) ഹ ഹ ഹ...ഹ ഹ ഹ...ഹ.

കർട്ടൻ

# തകരുന്ന ഡാർവിനിസം

(ആന്റണി വെട്ടിക്കാടൻ ബി. എ)

ചിന്തിക്കുന്ന ജനങ്ങളുടെയിടയിൽ വലിയ കോളിളക്കങ്ങൾ സൃഷ്ടിച്ചുകൊണ്ടു് 1859-ൽ ഡാർവിൻ ചില പുതിയ തത്വസംഹിതകളുമായി രംഗപ്രവേശം ചെയ്തു. ദൈവത്തിന്റെ മഹോന്നത സൃഷ്ടികളാണ് മനുഷ്യരെന്നും, മൃഗങ്ങൾക്കില്ലാത്ത അനശ്വരമായ ഒരാത്മാവു് അവനിലുണ്ടെന്നും, അതു് ദൈവവുമായി അവനെ ബന്ധപ്പെടുത്തുമെന്നും വിശ്വസിച്ചിരുന്ന ജനങ്ങളുടെ ഇടയിലേക്കു് അട്ടയും തേളും കരടിയും കാട്ടുപോത്തും കുരങ്ങും യുഗയുഗാന്തരങ്ങളായി പരിണാമം സംഭവിച്ചാണ് മനുഷ്യനുണ്ടായതെന്ന ആധുനികകാലത്തെ ഏററവും വലിയ അബദ്ധചിന്താഗതി വാരിവിതറി. ഒരണുബോമ്പുപോലെ ശക്തിമത്തായിരുന്ന അതിന്റെ പൊട്ടിത്തെറിക്കൽ. ആ നടുക്കത്തിൽ പലരും മറിഞ്ഞുവീണിട്ടുണ്ട്. നിർഭാഗ്യമെന്നു പറയട്ടെ, ആ വീഴ്ചയിൽനിന്നും പലരും ഇനിയും നിവർന്നിട്ടില്ല. പക്ഷേ കാലങ്ങൾ ചെല്ലുംതോറും ആ ഉണ്ടയില്ലാത്ത വെടിയുടെ പൊള്ളത്തരം മനസ്സിലാക്കി അവർ നിവന്നുകൊള്ളുമെന്നാശിക്കുക.

കുറേക്കാലത്തേക്കു് പലരുടെയിടയിലും വിജയപതാക പാറപ്പിക്കുവാൻ ഈ സിദ്ധാന്തത്തിനു സാധിച്ചു. പക്ഷേ കാലങ്ങൾ കഴിഞ്ഞതോടെ ഈ സിദ്ധാന്തത്തിനു് പല തിരുത്തലുകളും ആവശ്യമായിത്തീന്നു. പല ജല്പനങ്ങളും ചോദ്യംചെയ്യപ്പെട്ടു. ബർണാഡ്ഷാ തുടങ്ങിയ ആധുനികയുഗത്തിലെ പല വിശ്വവിശ്രുത ചിന്തകന്മാരും ഈ തത്വസംഹിതയെ പാടെ നിഷേധിച്ചു. ഡാർവിൻ സിദ്ധാന്തത്തിന്റെ ഒരടിസ്ഥാനതത്വമാണ് "ശക്തിയുള്ളതു് അവശേഷിക്കുക" ജീവികളുടെയിടയിലുള്ള പരസ്പരമത്സരത്തിന്റെ ഫലമായി കൂടുതൽ ശക്തമായതുമാത്രം നിലനില്ക്കുകയും മററുള്ളതൊക്കെ നശിക്കുകയും ചെയ്യുകയെന്നതു്. പക്ഷേ ക്രോപോററ്കിൻ തുടങ്ങിയ പല തത്വജ്ഞരും ശാസ്ത്രജ്ഞന്മാരും അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതു് ഡാർവിൻ പറയുന്ന മാതിരിയുള്ള പരസ്പരമത്സരവും വിദ്വേഷവുമല്ലാ, പ്രത്യുത കൂടുതൽ സഹകരണവും പരസ്പരസഹായവുമാണ് പ്രകൃതിയിലും ജീവികളുടെയിടയിലും കാണുന്നതെന്നാണ്.

കുരങ്ങിൽനിന്നും മനുഷ്യനുണ്ടായെങ്കിൽ അതിനിടയിലുള്ള ജീവിയെവിടെ? ആ ജീവിക്കുവേണ്ടി പല തിരച്ചിലുകളും നടന്നു കഴിഞ്ഞു. ശാസ്ത്രലോകം ആ "നഷ്ടപ്പെട്ട കണ്ണി" കണ്ടുപിടിക്കുവാൻ വേണ്ടി കിണഞ്ഞു ശ്രമിച്ചുവെങ്കിലും അവയെല്ലാം പരാജയത്തിലവസാനിച്ചപ്പോൾ ആ "നഷ്ടപ്പെട്ട കണ്ണി" "ഒരില്ലാത്ത കണ്ണി"യായി മാറിക്കഴിഞ്ഞു. ഒരു കാണാത്ത കണ്ണിയുണ്ടു് എന്ന സങ്കല്പത്തിന്റെ അടിസ്ഥാനമിതാണ്. 1856-ൽ നീനേർററൽ (Neanertel) എന്ന സ്ഥലത്തുനിന്നും മനുഷ്യന്റേതെന്നു തോന്നിക്കുന്ന ഒരവശിഷ്ടം കണ്ടുകിട്ടുകയുണ്ടായി. ഇതിനു് "നീൻഡർദേലർ" എന്ന പേരും കൊടുത്തു. കുരങ്ങിൽനിന്നും ഈ ജീവിയുണ്ടായിയെന്നും ഈ ജീവിയിൽനിന്നും മനുഷ്യനുണ്ടായിയെന്നും അങ്ങിനെ കുരങ്ങിനും മനുഷ്യനും ഇടയിലുള്ള ഒരു കണ്ണിയാണിതെന്നും പലരും അന്ധമായി വിശ്വസിച്ചു. പക്ഷേ മനുഷ്യനും ഈ ജീവിയുമായോ, കുരങ്ങും ഈ ജീവിയുമായോ ശാരീരികഘടനയിൽ യാതൊരു സാമ്യവുമുണ്ടായിരുന്നില്ല. ഈ വസ്തുത വെളിവായതോടെ ആ "മുത്തച്ഛന്റെ" സ്ഥാനവും നഷ്ടപ്പെട്ടു. ഇന്നു് അവർ ആ കണ്ണിക്കുവേണ്ടി എവറസ്റ്റിന്റെ മുകളിലെ ഹിമമനുഷ്യനെ അന്വേഷിക്കുകയാണ്. അങ്ങിനെയൊന്നുണ്ടോ ആവോ? ഉണ്ടായിട്ടില്ലാത്ത ഒരു കണ്ണി കണ്ടുപിടിക്കുവാൻവേണ്ടി പെടുന്ന പെടാപ്പാടുകൾ!!

1872-ൽതസ്കനിയിലെ ഒരു കല്ക്കരി ഖനിയിൽനിന്നും ഒരു കോടി വർഷങ്ങൾക്കപ്പുറത്തു് ജീവിച്ചിരുന്ന "12 മനുഷ്യരുടെ" അവശിഷ്ടങ്ങൾ അക്കാലത്തെ ചില സസ്യങ്ങളുടെയും മൃഗങ്ങളുടേയും അവശിഷ്ടങ്ങളോടൊപ്പം കണ്ടെടുക്കുകയുണ്ടായി. കൊളമ്പിയാ യൂണിവേഴ്സിററിയിലെ ഒരു ഗവേഷകനായ ഡോക്ടർ ഹെൽമട്ട്ഡിറേറ റാ (Helmut De Terra) പ്രസ്താവിക്കുന്നതുപോലെ ഈ കണ്ടുപിടുത്തം ഡാർവിൻ സിദ്ധാന്തത്തിനു നേരെയുള്ള സുശക്തമായ ഒരു വെല്ലുവിളിയായിരുന്നു. ആ സിദ്ധാന്തമനുസരിച്ചു് വിശ്വസിക്കപ്പെട്ടിരുന്ന ഏററം പഴയ മനുഷ്യവംശമായ ജാവാമനുഷ്യന്റെ കാലത്തിനും "96" ലക്ഷം വർഷങ്ങൾക്കപ്പുറത്തും മനുഷ്യൻ ലോകത്തിലുണ്ടായിരുന്നുവെന്നു് ഇതു് തെളിയിക്കുന്നു. കുരങ്ങും മനുഷ്യനും പരിണാമത്താൽ ജാതമായിയെന്നു കരുതപ്പെടുന്ന കാലത്തെ ഇതു് വീണ്ടും രണ്ടു മൂന്നുകോടി വർഷങ്ങൾക്കപ്പുറത്തേക്കു് തള്ളിവിട്ടു. സിമിയൻ പൂവ്വജന്മാരുടെ പിൻഗാമികളാണ് മനുഷ്യരെന്ന ഡാർവിൻ സിദ്ധാന്തത്തിന്റെ പൊള്ളത്തരം അതു തുറന്നുകാട്ടി. ഡോക്ടർ റേറ റായുടെ ഈ നിഗമനങ്ങൾ ഡാർവിന്റെ അനുയായികളുടെ ഇടയിൽ ഒരു കൊടുങ്കാററുതന്നെ ഇളക്കിവിട്ടു. ഇതു് ഡാർവിൻതത്വങ്ങളുടെനേരേയുള്ള ഒരുക്കേററിയ പ്രഹരമായിരുന്നു.

സാമാന്യബോധമുള്ള സാധാരണക്കാരന്റെ മുമ്പിലും ഈ സിദ്ധാന്തം ഒരു ഹിമാലയൻ പരാജയമാണ്. കഴിഞ്ഞ ആയിരക്കണക്കിനു് കൊല്ലങ്ങളായി മനുഷ്യന്റെ ശാരീരികഘടനയിൽ യാതൊരു വ്യതിയാനവും ഉണ്ടായിട്ടില്ല. കുരങ്ങിലും അതുപോലെതന്നെ. ഒരുകുരങ്ങും മനുഷ്യനായതിന്റെ തെളിവുകൾ ചരിത്രത്തിലെങ്ങുമില്ല. ഡാർവിൻ പറയുന്നതുപോലെ ഏതെങ്കിലും കുരങ്ങ് മനുഷ്യനായിയെങ്കിൽ എന്തുകൊണ്ടു് കഴിഞ്ഞ ആയിരക്കണക്കിനു് കൊല്ലങ്ങളായി ഒരു കുരങ്ങും മനുഷ്യനായി പരിണമിക്കുന്നതിന്റെ ലക്ഷണങ്ങൾ കാണിക്കുന്നില്ല? ഇന്നില്ലാത്ത ഏതു് ശാരീരികഘടനാവിശേഷമാണ് അന്നതിനു് വഴിതെളിച്ചതു്? കഴിഞ്ഞ ആയിരമായിരം കൊല്ലങ്ങളിലായി ഉണ്ടായ തലമുറകളിൽ കുരങ്ങ് മനുഷ്യനായില്ലായെങ്കിൽ ആ കാലഘട്ടത്തിനുമൻപു അതെങ്ങിനെ സംഭവിച്ചു? സാധാരണക്കാരന്റെ മുമ്പിലുള്ള ഈ പ്രശ്നങ്ങൾക്കൊന്നും സമാധാനം ആ സിദ്ധാന്തമോ അതിന്റെ ഉപജ്ഞാതാക്കളോ നൽകിയിട്ടില്ല.

മനുഷ്യന്റെ ബാഹ്യഘടനയിൽ വ്യത്യാസമൊന്നും സംഭവിക്കുന്നില്ലെങ്കിലും അവന്റെ ആന്തരികകഴിവുകളിൽ പരിവത്തനങ്ങൾ സംഭവിക്കുന്നുണ്ടു്. ആരംഭത്തിൽ ഒരു കാടനെപ്പോലെ ജീവിച്ച മനുഷ്യൻ ഇന്നു് സംസ്കൃതനും പരിഷ്കൃതനും ആയിയെങ്കിൽ അതിനു കാരണം അവനിലുള്ള ചില ആന്തരികശക്തികൾ വളന്നു വികസിച്ചുവെന്നതാണ്. ഇങ്ങിനെ തലമുറകൾ മാറി മാറി വരുന്നതോടെ അവന്റെ "ഉള്ളിൽ" ചില വികാസങ്ങളുണ്ടാവുന്നതു് അവനിൽ ഒരു ശക്തിവിശേഷം കുടികൊള്ളുന്നതിനാലാണ്.

(ശേഷം 10-ാംപേജിൽ)



Wednesday
August 28
1957

# THE SATHYADEEPAM

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 31
No. 3

# ബാലരംഗം

## ബാലരംഗത്തിൽ ചേർന്നവരുടെ പേരുവിവരം

Reg. No.
196 സേവ്യർ ജെ. പള്ളിപ്പുറത്തുകുന്നേൽ, കുറുപ്പന്തറ
197 ദേവസ്യാ ദേവസ്യാ താഴ്ചയിൽ, വൈക്കം
198 വി. ജെ. സെബാസ്റ്റ്യൻ വള്ളുവന്തറ, പടഹാരം, തകഴി
199 വി. റ്റി. ചാണ്ടി വല്ല്യപറക്കാട്ട്, പൂഞ്ഞാർ
200 ജോസഫ് മാത്യു ഉള്ളാട്ടിൽ, ഇഞ്ചിയാനി, മുണ്ടക്കയം



## വി. ബ്രിജീത്താ



ബ്രിജീത്താമ്മ വഴിമദ്ധ്യേ ഒരു പാവപ്പെട്ട ഭിക്ഷുകുടുംബത്തെ സമാശ്വസിപ്പിക്കുന്നു.

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

കള്ളന്മാരുടെ നടുവിൽ അകപ്പെട്ട ബ്രിജീത്താമ്മ രക്ഷണീയ ആയുധമായ കുരിശുകൊണ്ട് അവരെ മാനസാന്തരപ്പെടുത്തി. യാതൊരപകടവും കൂടാതെ യാത്ര തുടർന്നു. ഉദ്ദിഷ്ടലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനു മുമ്പ് വേറൊരു സംഭവമുണ്ടായി. അതിൽ ബ്രിജീത്താമ്മയുടെ വണ്ടിയും കുതിരയും അവൾക്കു നഷ്ടപ്പെടുകതന്നെ ചെയ്തു. അതെങ്ങിനെയാണെന്നോ? ബ്രിജീത്താമ്മ യാത്ര തുടരുമ്പോൾ, വഴിയരികിൽ ഒരു പാവപ്പെട്ട ഭിക്ഷുവും അയാളുടെ ഭാര്യയും ഇരിക്കുന്നു. ഭിക്ഷു അയാളുടെ ഭാര്യയെ ആശുപത്രിയിൽനിന്നും മടക്കിക്കൊണ്ടുപോരികയാണ്. പാവത്തിനു ഒരടി മുമ്പോട്ടുവയ്ക്കാൻവയ്യ. വഴിമദ്ധ്യേ വച്ചു മരിച്ചുപോകുമോ എന്നുപോലും സംശയമായി. ബ്രിജീത്താമ്മ വണ്ടിനിറുത്തി ഇറങ്ങിച്ചെന്നു വിവരമാരാഞ്ഞു. എന്താണു കർത്തവ്യം? "സഹോദരാ, നിങ്ങൾ ആ രോഗിണിയെ ഈ വണ്ടിയിൽ കയററി വീട്ടിലേക്കു കൊണ്ടുപോവുക. അതിനുശേഷം വണ്ടിയും കുതിരയേയും വിററു കിട്ടുന്ന പണംകൊണ്ട് രോഗിണിയായ നിങ്ങളുടെ ഭാര്യയെ ചികിത്സിച്ചുകൊള്ളൂ. എനിക്കു ചെന്നെത്തേണ്ട സ്ഥലം അടുത്താണ്. ഞാൻ നടന്നുപൊയ്ക്കൊള്ളാം." ബ്രിജീത്താമ്മ ആ രോഗിണിയെ വണ്ടിയിൽകയററിവിട്ടുകൊണ്ട് മഠത്തിലേക്കു നടന്നുപോയി.

ബ്രിജീത്താമ്മയുടെ ജീവിതം ഇങ്ങനെ അസാധാരണമായ വിരക്തൃത്യങ്ങളിലൂടെ മുന്നോട്ടുപോയിക്കൊണ്ടിരുന്നു. എ. ഡി. 525-ൽ ആ പാവനചരിത തൻെറ ആത്മാവിനെ ദൈവസന്നിധിയിൽ സമർപ്പിച്ചു. ഐർലണ്ടിൻെറ അപ്പസ്തോലനും ബ്രിജീത്താമ്മയുടെ ഒരു ആത്മീയപിതാവുമായിരുന്ന വിശുദ്ധ പാട്രിക്കിൻെറ കുഴിമാടത്തിനരികെതന്നെ ഈ വിശുദ്ധയുടെ പൂജ്യാവശിഷ്ടങ്ങളും നിക്ഷേപിക്കപ്പെട്ടു. ഐർലണ്ടിൻെറസംരക്ഷികയായും വിദ്യാർത്ഥിലോകത്തിൻെറ മദ്ധ്യസ്ഥയായും വിശുദ്ധ ബ്രിജീത്താ പ്രഖ്യാപിതയായിരിക്കുന്നു. വിശുദ്ധയുടെ ആദർശപരമായ ജീവിതം നല്ല കാര്യങ്ങൾ വിരോചിതമായി ചെയ്യുന്നതിനു നമുക്കും മാതൃകയായിരിക്കട്ടെ. നിങ്ങൾ വിദ്യാർത്ഥിജീവിതം നയിക്കുന്നവരാണല്ലോ ഭൂരിഭാഗവും. നിങ്ങളുടെ സ്വർഗ്ഗീയമദ്ധ്യസ്ഥയായി വിശുദ്ധയെ സ്വീകരിക്കുക. വിശുദ്ധ നിങ്ങളെ ധാരാളമായി അനുഗ്രഹിക്കുകയും സഹായിക്കുകയുംചെയ്യും.

വല്യേട്ടൻ

### 128-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—പ്രതിഷേധം

### പ്രശ്നം നമ്പർ 129

(പി. ജെ. സിറിയക്ക്
Reg. No. 106)

ഗോപിയുടെ അമ്മ പറഞ്ഞു:- ഗോപി, നീയിന്നു അമ്പലത്തിൽ പോയി മൂന്നു നടയ്ക്കലും ഓരോ ഇടങ്ങഴി എണ്ണവീതം ഒഴിച്ച് വിളക്കിട്ടേക്കണം. വഴിപാടായി കൊണ്ടുചെല്ലുന്നിടത്തോളം എണ്ണ ഓരോ നടയ്ക്കലും അവർ ഇങ്ങോട്ടു തരും. തെക്കേനടയ്ക്കലെ ഗോവിന്ദൻചേട്ടൻെറ കടയിൽനിന്നും ഞാൻ ഇന്നലെ കൊണ്ടുപോന്ന എണ്ണപ്പാത്രം ഇവിടെ ഇരുപ്പുണ്ട്. അതിൽ ആവശ്യത്തിനുമാത്രമുള്ള എണ്ണ കൊണ്ടുപോയി വിളക്കിട്ട ശേഷം പാത്രം മടക്കിക്കൊടുത്തിട്ടു പോരണം. മനസ്സിലായോ?

ഗോപി:- അപ്പോൾ എന്തുമാത്രം എണ്ണ കൊണ്ടുപോകണം അമ്മേ?

അമ്മ:- ആഹാ! നിന്നെ സ്കൂളിൽ വിടുന്നതിതിനാണോ? വേഗം കണക്കുകൂട്ടി പറയൂ.

എല്ലാവരും കൂട്ടി പറയൂ.
(ഉത്തരം അടുത്തതിൽ)

ചെറുകഥ

### "നീ എൻെറ ജീവനാ"

(റോസമ്മ കൊച്ചുമററം, തൃക്കൊടിത്താനം Reg. No. 170)

സൂര്യചഷകത്തിൽനിന്നും പരന്നൊഴുകുന്ന രജതാമൃതത്താൽ, പാരഖിലമാസികതമായി പുളകം കൊള്ളുകയാണ്. മോളി പുസ്തകക്കെട്ടു മടക്കിപ്പിടിച്ചുകൊണ്ട് സൗകുമാര്യം അലകളുതിരെത്താഴുകുന്ന ഒരു കയ്യാലപ്പുറത്തുകൂടി മന്ദം മന്ദം സമാഗമിക്കുകയാണ്. ബാലാർക്കമരീചികയുടെ ഗാഢാശ്ലേഷത്താൽ അവൾ പുളിച്ചുപോകുന്നുണ്ട്. മോളിയോടൊപ്പം, വാടിയ പൂചൂടിയ കൊച്ചുകൊച്ചുലതകൾ ചൂടാന്ന് തെന്നലിൽ ആടിക്കുഴയുകയാണ്.

മോളി ഒരു നീണ്ട കയ്യാലയെ പിന്നിട്ട്, ഒരു പ്ലാവിൻചുവട്ടിലെത്തി. അപ്പോഴേക്കുമവൾ വാഴക്കൂമ്പുപോലെ വാടിത്തളർന്നിരുന്നു. അവൾ ശീതളത ഉറഞ്ഞുകിടന്ന ആ മരതകപ്പന്തലിൽ വിശ്രമംകൊള്ളാൻ മെല്ലെ ഇരുന്നു ഒരു മന്ദപവനൻ പുല്ലാങ്കുഴലൂതിക്കൊണ്ട് വെൺചില്ലികൾക്കിടയിൽ കൂടിയോടി. ആ മുഗ്ദ്ധഗാനത്തിൽ നിർവൃതിയടഞ്ഞ പച്ചിലകൾ കൈകൊട്ടിച്ചിരിച്ചു. ആ മന്ദപവനനോടൊപ്പം മോളിയുടെ ഹൃദയവാനമ്പാടിയും, ഒരു സുപരിചിതമേഖലയിലേക്കു ചിറകടിച്ചു പറന്നുപോയി.



ജോസഫ് വാരിയ്ക്കാട്ട്, തിടനാട്,
Reg. No. 77

മോളിയുടെ കുരുന്നുഹൃദയം സ്നേഹത്തിനുവേണ്ടി ഒരിക്കൽക്കൂടി സ്പന്ദിക്കുന്ന, അവളുടെ പ്രിയപ്പെട്ട സഹോദരിയുടെ ശയ്യയെ സമീപിച്ചു. അന്നത്തെ സ്നേഹമൂറുന്ന സ്പന്ദനം ഇന്നുമവൾ ശ്രവിച്ചു. മോളി ഒന്നു ഞെട്ടി! ഒരന്ത്യസ്പന്ദനം! വേദനയുടെ കൊന്നപ്പൂക്കൾ അന്നത്തെപ്പോലെ ഇന്നും ആ ഏകാന്തമായ അന്തരീക്ഷത്തിൽ വിരിയുന്നെന്ന് അവൾക്കു തോന്നി. മോളിയുടെ ഹൃദയം സങ്കടംകൊണ്ട് പൊട്ടാൻ ഇരമ്പുകയാണ്. അവിടെ ആരോ കൂടംകൊണ്ട് ശക്തിയായി അനാരതം ഇടിക്കുന്നു. അവളുടെ വിധുരത തിളയ്ക്കുന്ന അഗ്നിപർവ്വതം പോട്ടാതിരിക്കാൻ മോളി നിതാന്തം ശ്രമിച്ചു. അപ്പോഴും അവളുടെ ഹൃദയത്തിൻെറ താഴ്വരയിൽ, യാഥാർത്ഥ്യങ്ങളുടെ സ്പന്ദിക്കുന്ന അസ്ഥിമാടത്തിങ്കൽനിന്നും പകർത്തിയെടുക്കപ്പെട്ട ശോകമൂകമായ ഒരു നാടകം അഭിനയിക്കപ്പെടുകയാണ്. അങ്ങു വിദൂരതയിൽ, അവളുടെ സഹനാംബരത്തിൽ ശോകക്കാറുകൾ ഉരുണ്ടുകൂടുന്നു. അവിടെ ഒരു മാരിവില്ല് വിരാജിക്കുന്നുണ്ട്. ആ മാരിവില്ല് മായുമോ? കണ്ണുനീർ ധാരമുറിയാതെ പൊഴിയുമോ? ആർക്കറിയാം?

അവളുടെ കരളിൽ ആരോ മന്ത്രിക്കുന്നു. തങ്കലിപികളിൽ രേഖപ്പെടുത്തപ്പെട്ടിരുന്ന ശോകാത്മകമായ ആ നാടകത്തിൻെറ സംവിധാനമായിരുന്നു അവ. മോളിയുടെ ഹൃദയം വെമ്പലോടുകൂടി സ്പന്ദിച്ചു. എങ്കിലുമവളാ വാക്കുകൾ വ്യക്തമായി ശ്രവിച്ചു. "മോളി... നീ കരയരുതേ... നീ എൻെറ ജീവനല്ലേ...? ഞാൻ... ഞാൻ...... പോവ്വാ... ഈ കുഞ്ഞുപൂച്ചയെ നിനക്കാ... ഞാൻ... ഞാൻ...... നീ കരയരുതേ... ഞാൻ..."

മോളിയുടെ ഹൃദയത്തിലിരമ്പിയ അഗ്നിപർവ്വതം പൊട്ടിയൊഴുകി. വേദന വമിക്കുന്ന ചൂടുള്ള കണ്ണുനീർ ലാവാപോലെ കവിൾത്തടങ്ങളെ തകർത്തുകൊണ്ട് ശക്തിയായി ഒഴുകി. അവളുടെ സിരാതന്തുക്കളിൽ വേദന ഉറഞ്ഞുകൂടി. കരളിനു ഭയങ്കരമായ തരിപ്പ്! മജ്ജകൾ ചുളുചുളുക്കുന്നു!

മോളി ആ ഹരിതകലോകത്തിനു ആരുമാരുമറിയാതെ പൊട്ടിക്കരഞ്ഞു. അവളുടെ കണ്ണിൽനിന്നും അടർന്ന പളുങ്കുമണികൾ വിണ്ണിൻെറ വിരിമാറിൽ വീണു പൊട്ടിത്തകർന്നു. അവിടെ എന്തൊക്കെയോ അനശ്വരമായ മുദ്രകളും തെളിഞ്ഞു.

"മോളി... നീ എൻെറ... ജീവനാ." നിസ്സീമമായ സ്നേഹത്തിൻെറ മധുതുളുമ്പുന്ന ആ വാചകം അവളുടെ ഹൃദയവല്ലിയിൽ പൂചൂടി ലസിക്കുമ്പോൾ, എങ്ങുനിന്നോ വേദനയുടെ ഒരു ദ്വിരേഫം വട്ടമിട്ടോടിയെത്തി ആ ആകമ്രമലരിൽ ചില മുറിവുകൾ സൃഷ്ടിച്ചു. പിന്നീട് വേദനയുടെ ഒരു ചൂടുള്ള കൊടുങ്കാററും! അവളുടെ കരൾ നോവുന്നു. അനിർവ്വചനീയമായ അനവദ്യതതിങ്ങിയ ആ വാക്കുകൾ വേദനയുടെ സരിത്തിൽക്കൂടി ഓടിനടക്കുകയാണ്.

ഹോ, എന്തൊരുസ്നേഹം! സ്നേഹം വേദനയുടെ ചഷകത്തിലാണെങ്കിലും തുളുമ്പിത്തുളുമ്പി നില്ക്കുന്നതു!

മോളി തൻെറ പ്രിയപ്പെട്ട സഹോദരിയുടെ അസ്ഥിമാടത്തിങ്കലേക്ക് ഒന്നു മിഴിച്ചുനോക്കി. ഒരു ഭയങ്കരസ്പന്ദനം! അവൾ നഖശിഖാന്തം ഒന്നു വിറച്ചു. അന്നത്തെപ്പോലെ ഇന്നുമവൾ വിഗതബോധയായി, മഹിമഹേളയുടെ ഉത്സംഗസീമനിയിലേക്കു തളർന്നുവീണു.

ആഴിയുടെ അടിത്തട്ടിലേക്ക് ആദിത്യൻ ഓടിയിറങ്ങുകയാണ്. ചക്രവാളസീമയിൽക്കൂടി അംബരത്തിനന്തോ മുറിവേററിട്ടെന്നപോലെ രുധിരധുതി അലയടിച്ചൊഴുകിക്കൊണ്ടിരുന്നു. ഒരു കുളിർകാററ് പൊൻചില്ലികളിൽ ശ്രുതിമീട്ടിയോടി.

മോളി നിദ്രയിൽനിന്നെന്നപോലെ മൂകയായിരുന്നു. അവിടെനിന്ന പുൽക്കൊടികൾ അവളോടെന്തോ മൂകമായ ഭാഷയിൽ സംസാരിച്ചു. മോളിക്കതൊന്നും മനസ്സിലാകാഞ്ഞിട്ടായിരിക്കാം. തിടുക്കത്തിൽ എഴുന്നേല്ക്കുവാൻ അവൾ ശ്രമിച്ചതു്. മോളി സുബോധയായപ്പോൾമുതൽ ആ ഹരിതകലോകത്തിന് കിക്കിളിക്കൊള്ളാൻ തുടങ്ങി അവളുടെ ചായൽ കൊടിക്കൂറകൾമാതിരി കാററത്തുലയുന്നതു കണ്ടപ്പോൾമുതൽ ഇടതൂർന്നുനിന്ന അവിടത്തെ മരച്ചില്ലികൾക്കു ലജ്ജതോന്നി.

മോളി വീണ്ടും അവാച്യമായ ഒരു ചിന്താസുഷമയിൽ മുങ്ങിക്കുളിച്ചു, പടിഞ്ഞാറൻ കായൽമീതെ ഒരു തെക്കൻകാററ് തുള്ളിച്ചാടിപ്പോയപ്പോൾ, മോളിയുടെ ഹൃദയാന്തർഭാഗത്തുകൂടി നൂറായിരം ഓർമ്മപ്പിണരുകൾ മിന്നുന്ന പട്ടുപുടവയും പാവുനെയ്തുപോയി. "ലൂ... സീ" അവളുടെ പ്രകാശമാനമായ പവിഴാധരത്തിൽനിന്നു് രണ്ടു മുല്ലപ്പൂക്കൾ അടർന്നുവീണു. അവ അഗാധമായ നിശബ്ദതയിലേക്കായിരുന്നു അടർന്നുവീണതു്.

മോളിയുടെ അരുണമായ മുഖത്തു് ലജ്ജയുടെ നിഴൽ വീശി. കാരണം, അവൾ വിചാരിച്ചിരുന്ന ഒരു പ്ലാവിൻചുവടല്ലായിരുന്നു അതു്. അവളിന്നുവരെ ഇപ്രകാരമൊരു, മൂകതയാൽ വാർത്തെടുത്ത ഗോളത്തിനുള്ളിൽ ഏകാകിയായിരുന്നിട്ടില്ല. അവൾ എന്നും വിശ്രമിക്കുന്ന ഒരു പ്ലാവിൻചുവടുണ്ടായിരുന്നു. ഒരു ശീതശയ്യ വിരിച്ച മരച്ചുവട്. അതവളുടെ വീടിൻെറ വടക്കേ മൂലക്കായിരുന്നു. അവളവിടിരുന്നുല്ലസിക്കുമ്പോൾ, അവളുടെ പ്രിയപ്പെട്ട സഹോദരി സമ്മാനിച്ച "ലൂസി" എന്ന പൂച്ച അവളെ കിക്കിളികൂട്ടാറുണ്ട്. ആ ഓമനസ്മരണകളാണ് അവളുടെ കരളിൽ നെയ്തുവന്നതു്.

ലൂസിയെക്കുറിച്ചുള്ള ചിന്തകൾ അവളുടെ കരളിൽ വെള്ളിക്കിണ്ണികൾ നെയ്തപ്പോൾ, അവൾക്കു ശ്വാസംമുട്ടുന്നതുപോലെ തോന്നി. ലൂസിയെ പിരിഞ്ഞ് ഒരു നിമിഷംകൂടി ജീവിക്കുക സാദ്ധ്യമല്ലാതായി. മോളി തിടുക്കത്തിൽ പിടഞ്ഞെണീററു. അപ്പോഴേയ്ക്കും പ്രകൃതിയിലങ്ങുമിങ്ങും ഇരുൾ കുമ്പിനിന്നിരുന്നു. മോളി ചപലം നടന്നു. അവളുടെ സിരകളിലേക്കു വേദന ഒലിച്ചിറങ്ങുന്നതുപോലെ തോന്നി. എങ്കിലും, സ്നേഹവും, ആഗ്രഹവും

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1